മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 5 മേയ് 2010 Rs. 7.00



ആത്മീയവളർച്ചയ്ക്കുള്ള ദൈവികമാർഗ്ഗം – സാക് പുന്നൻ
യഥാർത്ഥത്തിലുള്ള വേർപാട് – എ. ഡബ്ല്യു. ടോസർ
വിശുദ്ധിയുടെ മാർഗ്ഗം – ഏലിയാസ് ആസലാക്സൻ
ഞാനല്ല, ക്രിസ്തു – വാച്ച്മാൻ നീ
Your problems, God's solutions - Sandeep Poonen

# ജീവമൊഴികൾ

വാല്യം 8 മേയ് 2010 ലക്കം 5



## എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കായംകുളം)



വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686016,
ഫോൺ 0481 - 2592755,
9495334067,9349516334
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ
U.S.A - Binoy James
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970839
E-mail: skuruvi@gmail.com




## ദൈവഹിത പ്രകാരമുള്ള ദുഃഖം

ദൈവഹിതപ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു. 2 കൊരി. 7:10

പരിശുദ്ധാത്മാവ് ഒരുവനിൽ ചെയ്യുന്ന പ്രവൃത്തി 'ബോധപൂർവ്വമുള്ള അനുതാപം, അബോധപൂർവ്വമായ വിശുദ്ധീകരണം' എന്നതാണ്; മറിച്ചല്ല. ക്രിസ്തീയതയുടെ അടിസ്ഥാനം അനുതാപമാണ്.കൃത്യമായി പറഞ്ഞാൽ, ഒരുവനു താൻ തിരഞ്ഞെടുക്കുന്ന സമയത്ത് അനുതപിക്കാൻ കഴിയുകയില്ല. അനുതാപം ദൈവത്തിന്റെ ദാനമാണ്. പഴയകാല പ്യൂരിട്ടൻ ഭക്തന്മാർ പ്രാർത്ഥിക്കുമായിരുന്നു – 'അനുതാപത്തിന്റെ വരം തരണേ' എന്ന്, അനുതാപത്തിന്റെ മേന്മയെക്കുറിച്ചുള്ള ബോധ്യം എപ്പോൾ നിങ്ങൾ വിട്ടുകളയുമോ, അപ്പോൾ നിങ്ങൾ അന്ധകാരത്തിലാകും എന്നോർക്കുക.

ഓസ്വാൾഡ് ചേംബേഴ്സ്

## അമ്മയെപ്പോലെ




**എഡിറ്റോറിയൽ**

# വളർച്ച, പക്വത, പൂർണ്ണത



വളർച്ചയെക്കുറിച്ചു പറയുമ്പോൾ അപ്പൊസ്തലനായ പൗലൊസ് എഫേസ്യ ലേഖനത്തിൽ രണ്ട് ഉദാഹരണങ്ങൾ നൽകുന്നു. ഒരു കെട്ടിടം പണിതു പൂർത്തീകരിച്ചു കൊണ്ടുവരുന്നതിന്റെ ചിത്രമാണ് ഒന്ന് (2:20–22). ഒരു ചെടി ആഴത്തിലേക്കു വേരൂന്നി വളർന്നു വരുന്നതിനെക്കുറിച്ചുള്ളതാണ് രണ്ടാമത്തെ ഉദാഹരണം(3:17).

നാൾ കഴിയുന്തോറും കെട്ടിടം വലുതായി വരികയാണ്; ചെടിയും അങ്ങനെ തന്നെ. വളർച്ചയുടെ രണ്ടു ചിത്രങ്ങൾ.പക്ഷേ രണ്ടും തമ്മിൽ അല്പം വ്യത്യാസമുണ്ട്. കെട്ടിടം വളരുകയല്ല, പണിയുകയാണ്. മറിച്ച് ചെടിയുടെ വളർച്ച അതിന്റെ തന്നെയുള്ള സ്വാഭാവിക വളർച്ചയാണ്.

സഭയുടെ വളർച്ചയെക്കുറിച്ചു പറയുമ്പോഴാണ് പൗലൊസ് കെട്ടിടം പണിയുടെ ഉദാഹരണം നൽകുന്നത്.സഭയുടെ നാഥനായ ക്രിസ്തു 'ഞാനെന്റെ സഭയെ പണിയും' എന്നാണല്ലോ പറയുന്നത്. എന്നാൽ ദൈവസ്നേഹത്തിൽ വേരൂന്നിയുള്ള വിശ്വാസിയുടെ വളർച്ചയ്ക്കു നിദർശനമായാണു ചെടി വളർന്നു വലുതാകുന്ന ഉദാഹരണം പൗലൊസ് നൽകുന്നത്.ദൈവമാണു വളരുമാറാക്കുന്നത് എന്നതു സത്യം (1 കൊരിന്ത്യർ 3:6). എന്നാൽ നാം വളരേണ്ടിയിരിക്കുന്നു( 1 പത്രൊസ് 2:2; 2 പത്രൊ.3 :18).

അതെ, ദൈവത്തിൽ നിന്നു ജനിച്ച ഒരുവന്റെ സ്വാഭാവിക ലക്ഷണമാണു വളർച്ച.കാരണം അവിടുത്തെ വിത്ത് അവനിൽ വസിക്കുന്നുവല്ലോ (1 യോഹ.3:8). ഒരുപുതുജനനം ലഭിച്ച വിശ്വാസി വളരും; വളരണം. താഴെ വേരൂന്നി മീതെ ഫലം കായിച്ചാണ് ആ വളർച്ച (യെശ. 37:31).

വളർച്ചയുടെ ലക്ഷ്യത്തെക്കുറിച്ചു ചിന്തിക്കുമ്പോഴാണ് പൂർണത (Perfection)എന്ന കാര്യം വരുന്നത്.വളർച്ച ഓട്ടം പോലെയാണ്.അതിനൊരു ലക്ഷ്യമുണ്ട്.ആ ലക്ഷ്യം എന്താണ്?.വളർച്ച ആത്യന്തികമായി എവിടെ വരെയാണ്?പൗലൊസ് എഫേസ്യ ലേഖനത്തിൽ തന്നെ അതും വ്യക്തമാക്കിയിട്ടുണ്ട് . – ക്രിസ്തു എന്ന തലയോളം(4:15). വിശ്വാസികളുടെ ഈ വളർച്ചയെ ഓട്ടമായി ചിത്രീകരിച്ചശേഷം എബ്രായ ലേഖനകാരനും അത് ആരെ നോക്കിയാണ് ഓടേണ്ടതെന്നു ചൂണ്ടിക്കാട്ടുന്നു–'വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക' (12:2).

എബ്രായർ 12 ആരംഭിക്കുന്നത് 'ആകയാൽ ' എന്ന ഘടക പദത്തോടെയാണ്.അർത്ഥം ഇതിനു തലേ അധ്യായത്തോടു നാഭീനാള ബന്ധമുണ്ട് എന്നാണ്. വിശ്വാസ വീരന്മാരുടെ നീണ്ട പട്ടികയാണ് അവിടെ 11-ാം അധ്യായത്തിൽ കൊടുത്തിരിക്കുന്നത്.ഹാബേൽ, ഹാനോക്ക്, നോഹ, അബ്രഹാം....എന്നിങ്ങനെ. അവരെ കാലക്രമം അനുസരിച്ചു തുടക്കം മുതൽ തന്നെ വിവരിച്ചശേഷം ഇവരെ ആരെയും ലക്ഷ്യമാക്കാൻ പറഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുക. മറിച്ച് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ ലക്ഷ്യമാക്കാനാണു നമ്മോട് അവിടെ ആവശ്യപ്പെട്ടിരിക്കുന്നത്.

'നിങ്ങൾ നക്ഷത്രത്തെ പിടിക്കാൻ പായുക, എന്നാൽ പർവതത്തിന്റെ മുകളിലെങ്കിലും എത്തുമല്ലോ' എന്നു കേട്ടിട്ടില്ലേ? ക്ളാസ്സിൽ നൂറിൽ നൂറു മാർക്കും ലഭിക്കുന്ന കുട്ടിയെയാണു മാതൃകയാക്കേണ്ടത്, അനുകരിക്കേണ്ടത്. എന്നാൽ

മാത്രമെ 90 ശതമാനമെങ്കിലും ലഭിക്കുകയുള്ളു. വിവരമുള്ള ഒരു കുട്ടിയും 35 ശതമാനം മാർക്കു വാങ്ങി കഷ്ടിച്ചു ജയിക്കുന്ന ഒരുവനെ മാതൃകയാക്കുകയില്ലല്ലോ. എന്നാൽ ഇന്നു വിശ്വാസികളിൽ പലരും വിശ്വാസ ലോകത്തെ 'മഹാമേരുക്കൾ'എന്നവർ കരുതുന്ന(വാസ്തവം അതല്ല) ചിലരെയാണു മാതൃകയാക്കുന്നത്.ഫലം അവരുടെ ജീവിതം ആ ലക്ഷ്യത്തിനും വളരെ താഴെ ചെന്ന് അവസാനിക്കുന്നു.

ഉവ്വ്, യേശുവായിരിക്കണം നമ്മുടെ ലക്ഷ്യം. യേശുവിനെ മാതൃകയാക്കിയാലേ നമുക്കു പാപത്തിന്റെ മേൽ ജയമുള്ള ജീവിതം സാധ്യമാകൂ.'യേശുവിനെ നോക്കുക'എന്നു പറഞ്ഞ എബ്രായ ലേഖനകാരൻ തുടർന്ന് 'യേശുവിനെ ധ്യാനിക്കുവാനും' പറഞ്ഞിരിക്കുന്നു."…. ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവീൻ. പാപത്തോടുള്ള പോരാട്ടത്തിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല."(12 :3,4 ). സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടിട്ടും ഒരിക്കൽ പോലും പാപം ചെയ്യാതിരുന്നവനാണ് യേശു ( എബ്രായർ 4:15 ഇംഗ്ളീഷിൽ വായിക്കുക).എങ്ങനെയാണ് അവിടുത്തേക്ക് അതു കഴിഞ്ഞത്?.അതിനുള്ള മറുപടിയാണ് ഇവിടെ കാണുന്നത്.അവിടുന്നു പാപത്തോടുള്ള പോരാട്ടത്തിൽ പ്രാണത്യാഗത്തോളം എതിർത്തു നിന്നു.

ഈ യേശുവാണു പൂർണത സംബന്ധിച്ച നമ്മുടെ മാതൃക. യേശുവിനെ ലക്ഷ്യം വയ്ക്കുമ്പോൾ നാം പൂർണതയിലേക്ക് ആയുകയാണ്.ആ ഓട്ടം തന്നെ നമ്മെ തികഞ്ഞവരാക്കുന്നുവെന്നും പൗലൊസ് പറയുന്നു:"ഒന്നു ഞാൻ ചെയ്യുന്നു.പിൻപിലുള്ളതു മറന്നും മുൻപിലുള്ളതിന് ആഞ്ഞുംകൊണ്ട്(Pressing on to perfection)ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.നമ്മിൽ തികെഞ്ഞവരൊക്കെയും (perfect) ഇങ്ങനെ തന്നെ ചിന്തിച്ചുകൊൾക"(ഫിലിപ്യർ 3:14,15).

കർത്താവിന്റെ വരവിലാണു നാം എല്ലാ അർത്ഥത്തിലും യേശുവിനെ പോലെയാകുന്നത്.(1യോഹ.3 :3)എന്നാൽ ഇന്നു നമുക്ക് മനഃസാക്ഷിയിൽ പൂർണത പ്രാപിക്കുവാൻ കഴിയും.എങ്കിലും നമ്മിൽ അബോധപൂർവമായ പാപങ്ങൾ ഉണ്ടായിരിക്കും.(1യോഹ.1:8)എന്നാൽ അവയെക്കുറിച്ച് വെളിച്ചം ലഭിക്കുന്നതനുസരിച്ച് ശുദ്ധീകരണം പ്രാപിക്കാൻ കഴിയും.അങ്ങനെ അവിടുത്തെ പുത്രന്റെ സ്വരൂപത്തോട് അനുരൂപമാകുന്ന പൂർണതയുള്ള ഒരു ജീവിതത്തിനായി ദൈവം നമ്മെ മുൻനിയമിച്ചിരിക്കുന്നു(റോമ.8:29).

പൂർണതയിലേക്കുള്ള ക്രിസ്തീയ വളർച്ച പക്വത(Maturity )യിലേക്കു നമ്മെ നയിക്കും.പക്വതയിലെത്തുന്ന ഒരുവന്റെ നാലു ലക്ഷണങ്ങൾ ഗലാത്യർ 5:16 -25 ൽ നാം കാണുന്നു.അങ്ങനെയുള്ളവൻ ആത്മാവിനാൽ ജീവിക്കുന്നവൻ ആയിരിക്കും(5:25),ആത്മാവിനാൽ നടത്തപ്പെടുന്നവനായിരിക്കും.(5 :18),ഫലംകായിക്കുന്നവനായിരിക്കും (22-23),ആത്മാവിനെ അനുസരിച്ചു നടക്കുന്നവനുമായിരിക്കും (16-25).അങ്ങനെയൊരുവന്റെ പ്രത്യേകതകൾ പലതാണ്.അവൻ ആത്മാവിനാൽ ജനിച്ചവനും(യോഹന്നാൻ 3:5), പുത്രത്വത്തെ സംബന്ധിച്ച ഉറപ്പു ലഭിച്ചവനും ( റോമർ 8:16),ആത്മാവിനാൽ നിറയപ്പെട്ടവനും (എഫേസ്യർ 5:18),പ്രാർത്ഥനയിൽ ആത്മാവിന്റെ സഹായം ലഭിക്കുന്നവനും (റോമർ8:26),ആത്മാവിനാൽ ശക്തിപ്പെട്ടവനും(എഫേസ്യ.3:16),അഭ്യസിപ്പിക്കപ്പെടുന്നവനും (യോഹ.16:12-15;1 കൊരി.2:13) ആയിരിക്കും.

തോട്ടക്കാരൻ നമ്മിൽനിന്നു വളർച്ചയും ഫലവും പ്രതീക്ഷിക്കുമ്പോൾ നാം നിലത്തെ നിഷ്ഫലമാക്കുകയോ?(ലൂക്കോ.13:7)



# ആത്മീയവളർച്ചയ്ക്കുള്ള ദൈവികമാർഗ്ഗം

സാക്പുന്നൻ



**എഴുതപ്പെട്ട ദൈവവചനത്തിന്റെ മാർഗ്ഗനിർദ്ദേശം കൂടാതെ അനുഭവരൂപത്തിലുള്ള പരിശുദ്ധാത്മാശക്തി മാത്രമുള്ള ഒരു മനുഷ്യൻ ഓടുവാനാവശ്യമായ റെയിൽപ്പാളം ഇല്ലാതിരിക്കെ ആവിയന്ത്രത്തിന്റെ ശക്തികൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു തീവണ്ടി എഞ്ചിൻപോലെയാണ്.**

നമ്മുടെ ആത്മീയവളർച്ചയ്ക്കായി ദൈവം ഒരുക്കിയിട്ടുള്ള മാർഗ്ഗത്തിൽ അനുപേക്ഷണീയവും അതിപ്രധാനവുമായ അഞ്ചുകാര്യങ്ങൾ അടങ്ങിയിരിക്കുന്നു. നമ്മുടെ കയ്യിലെ അഞ്ചു വിരലുകൾ ഉപയോഗിച്ചാണല്ലോ ഒരു വസ്തുവിന്മേൽ നാം മുറുകെപ്പിടിക്കുന്നത്. അതുപോലെ ക്രിസ്തീയജീവിതത്തെമുറുകെ പിടിക്കുവാൻ ഈ അഞ്ചു കാര്യങ്ങളും നമ്മെ പ്രാപ്തരാക്കുന്നു. ഇവയഞ്ചും ഒരുമിച്ചു ചേർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ ഒരു ക്രിസ്ത്യാനിക്കും ആത്മീയമായി പൂർണ്ണവളർച്ച പ്രാപിക്കുവാൻ സാധ്യമല്ല.

**1. രക്തം**

നമ്മുടെ പാപങ്ങളുടെ മോചനത്തിനായി കാൽവറിയിലെ ക്രൂശിൽ യേശു ചൊരിഞ്ഞ രക്തം മുഖേനയാണ് നാമെല്ലാവരും പുതിയ ജീവിതം ആരംഭിക്കേണ്ടത്. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രാ 9:22) പൂർണ്ണമായ ഒരു പ്രായശ്ചിത്തയാഗത്താൽ നമ്മുടെ കടം വീട്ടുന്നതു കൊണ്ടല്ലാതെ മറ്റൊരു

മാർഗ്ഗത്തിലൂടെയും നമ്മുടെ പാപത്തിന്റെ കടം നീങ്ങിപ്പോകുകയില്ല. യേശു ക്രൂശിന്മേൽ മരിച്ചപ്പോൾ അവിടുന്ന് ഈ കാര്യം സാധിച്ചു. അതിനാൽ യേശുക്രിസ്തു ക്രൂശിൽച്ചൊരിഞ്ഞ രക്തം വിശുദ്ധനായ ദൈവത്തിന്റെ വ്യവസ്ഥയെ നിറവേറ്റിയിരിക്കുന്നുവെന്നു വിശ്വസിച്ചുകൊണ്ട് ഈ പാപമോചനം സ്വീകരിക്കുവാനായി പാപം വിട്ട് ദൈവത്തിങ്കലേയ്ക്കു തിരിയുന്ന എല്ലാവർക്കും സൗജന്യവും പരിപൂർണ്ണവുമായ പാപക്ഷമ ലഭിക്കുന്നു. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് മാനസാന്തരപ്പെടാത്ത ആർക്കും ഇതു പ്രാപിക്കുവാൻ സാധ്യമല്ല.(അപ്പോ. പ്ര. 2 : 38 : 20 : 21) നേരെമറിച്ച് തങ്ങളുടെ കഴിഞ്ഞ കാലത്തെ നികൃഷ്ടജീവിതം വിട്ട് പൂർണ്ണഹൃദയത്തോടെ മാനസാന്തരപ്പെട്ട് പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിവരുന്നവരെ ക്രിസ്തുവിന്റെ രക്തം ഹേതുവായി പൂർണ്ണഹൃദയത്തോടെ ദൈവം കൈക്കൊള്ളും. (ലൂക്കോസ് 15:18-24 നോക്കുക). അവർക്കു പാപക്ഷമ ലഭിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ രക്തത്താൽ ദൈവം അവരെ നീതീകരിക്കുകയും (നീതിമാന്മാരായി പ്രഖ്യാപിക്കുകയും) ചെയ്യും. (റോമർ5:9)

മാത്രമല്ല, ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ നമ്മെ വീണ്ടെടുത്തതായും ദൈവവചനം പ്രസ്താവിക്കുന്നു.(1 പത്രോസ് 1 : 18) പാപത്തിന്റെ അടിമച്ചന്തയിൽ നിന്ന് ദൈവം നമ്മെ വിലകൊടുത്തുവാങ്ങുകയും അടിമത്തം മാറ്റി സ്വതന്ത്രരാക്കുകയും ചെയ്തിരിക്കുവെന്നാണ് ഇതിന്റെ അർത്ഥം. നമ്മെ സ്വതന്ത്രരാക്കുവാൻ ദൈവത്തിന്റെ വിശുദ്ധനിയമപ്രകാരം യേശുക്രിസ്തു നൽകിയ മറുവിലയാണ് ക്രൂശിൽ ചൊരിയപ്പെട്ട രക്തം.

ഈ രക്തം മുഖേന നമുക്കു ദൈവസന്നിധിയിലേക്കു പ്രവേശനം ലഭിച്ചിരിക്കുന്നു.(എഫേസ്യർ 2:13, റോമർ 5:2) ദൈവത്തോടു നമ്മെ സമീപസ്ഥരാക്കിത്തീർക്കുവാൻ ഇതല്ലാതെ മറ്റുമാർഗ്ഗവുമില്ല.

ഇതിനു പുറമേ ക്രൂശിലെ രക്തത്താൽ ക്രിസ്തു നമുക്കു സമാധാനം നൽകിയിരിക്കുന്നു. (കൊലോ. 1:20) അവിടുന്ന് ശത്രുത്വം നീക്കി നമ്മെ ദൈവത്തോടു നിരപ്പിച്ച് ദൈവവുമായുള്ള സ്നേഹബന്ധത്തിലേക്കു നമ്മെ പ്രവേശിപ്പിച്ചിരിക്കുന്നു.

ഇതു കൂടാതെ, യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ നിരന്തരമായി ശുദ്ധികരിക്കുന്നുവെന്നും ദൈവവചനം പറയുന്നു. (1 യോഹ. 1:9) ദൈവത്തോടുകൂടി ജീവിച്ച് മുന്നോട്ടുപോകുന്ന ഒരുവൻ തന്റെ ജീവിതത്തിൽ ആവശ്യത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തിക്കൊണ്ടിരിക്കും. ഒരിക്കൽ തന്റെ അബോധമണ്ഡലത്തിൽ മറഞ്ഞിരുന്ന പാപങ്ങൾ അവനു മേൽക്കുമേൽ വെളിപ്പെട്ടു വരും. അങ്ങനെ തന്നിൽത്തന്നെ അവൻ കണ്ടെത്തുന്ന പാപങ്ങളിൽ നിന്ന് തന്നെ ശുദ്ധീകരിക്കുവാൻ ക്രിസ്തുവിന്റെ രക്തം അവന് ആവശ്യമത്രേ. ഈ വിധത്തിൽ മാത്രമേ ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ കുറ്റമറ്റ ഒരു മനസ്സാക്ഷി നിലനിർത്തുവാൻ (അപ്പോ. പ്ര. 24:16) അവന് സാധിക്കുകയുള്ളു.

അവസാനമായി, ക്രിസ്തുവിന്റെ രക്തം മുഖേന നാം സാത്താനെ ജയിക്കുന്നു. സാത്താന്റെ എല്ലാ കുറ്റാരോപണങ്ങൾക്കുമുള്ള അന്തിമ പ്രതിവിധി അതു മാത്രമാണ്. യേശുവിന്റെ രക്തം നമ്മെ പൂർണ്ണമായി ശുദ്ധീകരിക്കുകയും ന്യായവിധിയെക്കുറിച്ചുള്ള ഭയം കൂടാതെ ദൈവസന്നിധിയിലേക്കു നമ്മെ കൊണ്ടുവരികയും ചെയ്യുന്നതിനാൽ ദൈവമുമ്പാകെ നാം സ്വീകാര





യോഗ്യരായിത്തീർന്നിരിക്കുന്നതോർത്ത് ബോധപൂർവ്വം നാം സന്തോഷിക്കണം. (വെളി. 12:11) മേലാൽ സാത്താന് നമ്മുടെമേൽ ഒരധികാരവുമില്ല. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ അവന്റെ കുറ്റാരോപണങ്ങളാകുന്ന തീയമ്പുകളെല്ലാം നിഷ്ഫലമായിത്തീരുന്നു. (എഫേ 6:16).

**2. ആത്മാവ്**

പുതിയനിയമത്തിലെ ഒന്നാമത്തെ വാഗ്ദാനം യേശു നമ്മെ പാപങ്ങളിൽ നിന്നു രക്ഷിക്കും എന്നതാണ്. (മത്തായി 1:21) രണ്ടാമത്തെ വാഗ്ദാനം അവിടുന്ന് നമ്മെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും എന്നതത്രേ. (മത്തായി 3:11). യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ മുന്നോടിയെന്ന നിലയിൽ യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് 1) ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നും (യോഹന്നാൻ 1:29). 2) പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ എന്നും (യോഹന്നാൻ 1:33) കർത്താവിനെപ്പറ്റി പ്രസ്താവിച്ചു. അതുപോലെ തന്നെ പെന്തക്കോസ്ത് നാളിൽ തന്നോട് ആലോചന ചോദിച്ച ജനസമൂഹത്തോട് പത്രോസ് അവർക്ക് 1) പാപമോചനവും 2) പരിശുദ്ധാത്മാവ് എന്ന ദാനവും ലഭിക്കുമെന്ന് മറുപടി പറഞ്ഞു. (അപ്പോ. പ്ര. 2:38).

പാപമോചനവും പരിശുദ്ധാത്മദാനവും രണ്ടും ഒന്നായിച്ചേർന്നതാണു പുതിയ ഉടമ്പടിയിലെ രണ്ടുമടങ്ങായ അനുഗ്രഹം. (എബ്രായർ 10:16,17) അതിലൂടെ പരിശുദ്ധാത്മാവ് ദൈവിക നിയമങ്ങളെ നമ്മുടെ ഹൃദയത്തിൽ എഴുതുന്നു. (കോരി. 3:3) ഇവയിൽ പാപമോചനം ഭൂതകാലത്തെ സംബന്ധിക്കുന്നതും നമ്മുടെ കുറ്റത്തെ നീക്കിക്കളയുന്നതുമാണ്. ദൈവിക നിയമങ്ങൾ ഹൃദയത്തിൽ എഴുതുക എന്നതാകട്ടെ, ഭാവിയെ സംബന്ധിക്കുന്നതും വിശുദ്ധിപ്രാപിപ്പാനും സേവനം നിർവഹിപ്പാനും ശക്തി നൽകുന്നതുമാകുന്നു.

**ദൈവത്തോടുകൂടി ജീവിച്ച് മുന്നോട്ടുപോകുന്ന ഒരുവൻ തന്റെ ജീവിതത്തിൽ ആവശ്യത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തിക്കൊണ്ടിരിക്കും. ഒരിക്കൽ തന്റെ അബോധണ്ഡലത്തിൽ മറഞ്ഞിരുന്ന പാപങ്ങൾ അവനു മേൽക്കുമേൽ വെളിപ്പെട്ടു വരും. അങ്ങനെ തന്നിൽ തന്നെ അവൻ കണ്ടെത്തുന്ന പാപങ്ങളിൽ നിന്ന് തന്നെ ശുദ്ധീകരിക്കുവാൻ ക്രിസ്തുവിന്റെ രക്തം അവന് ആവശ്യമത്രേ. ഈ വിധത്തിൽ മാത്രമേ ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ കുറ്റമറ്റ ഒരു മനസ്സാക്ഷി നിലനിർത്തുവാൻ അവന് സാധിക്കുകയുള്ളൂ.**

പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ അധിവസിക്കയും നമ്മെ അഭിഷേകം ചെയ്കയും ചെയ്യുന്നു. ഇതിൽ ഒന്നാമത്തെ പ്രവൃത്തി, അതായത് അധിവാസം, നമ്മെ സകലനീതിയിലേക്കും വഴി നടത്തുന്നതും സ്വഭാവത്തിൽ ക്രിസ്തുവിനോട് അനുരൂപരാക്കുന്നതുമത്രേ. രണ്ടാമത്തേത്, അതായത് അഭിഷേകം, പ്രവർത്തിക്കുവാനും സേവിക്കുവാനും നമ്മെ ശക്തീകരിക്കുന്നതും സേവനത്തിൽ ക്രിസ്തുവിനോട് അനുരൂപ്യം നൽകുന്നതുമാണ്. ഓരോ വിശ്വാസിയും തന്റെ ജീവിതത്തിൽ ആത്മാവിന്റെ ഈ രണ്ടു ശുശ്രൂഷകൾ ഗ്രഹിക്കയും അവയുടെ അടിസ്ഥാനത്തിൽ ജീവിക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ ആത്മാവിന്റെ ഫലങ്ങളും കൃപാവരങ്ങളും അവന്റെ ജീവിതത്തിൽ വെളിപ്പെട്ടുവരും.

ദൈവികനീതി നമ്മിൽ നിറവേ

റുന്ന ഒരു ജീവിതത്തിലേക്ക് പുതിയ നിയമത്തിന്റെ ഈ അനുഗ്രഹങ്ങൾ നമ്മെ വഴിനടത്തും. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലാണ് ഇതു സാധിക്കുന്നത്. (റോമർ 8:4) ഈ പരിശുദ്ധാത്മാവ് നീതിയെപ്പറ്റി പഠിപ്പിക്കുന്നവനാണ്. (യോവേൽ 2:23 NASB - മാർജിൻ) മുന്തിരിവള്ളിയുടെ ജീവരസം ശാഖയിൽ ഫലം ഉളവാക്കുന്നതുപോലെ പരിശുദ്ധാത്മാവ് നമ്മിൽ ക്രിസ്തുവിന്റെ സദ്ഗുണങ്ങളാകുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നിവ ഉത്പാദിപ്പിക്കുന്നു. ആത്മാവിനാൽ നിറയുക എന്നു പറഞ്ഞാൽ ഈ സദ്ഗുണങ്ങൾ കൊണ്ടു നിറയുകയാണ് (ഗലാ. 5:22,23).

യേശുവിനുപോലും മുപ്പതു വർഷക്കാലം പാപരഹിതമായ ഒരു ജീവിതം നയിച്ചതിനുശേഷം, തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് പരിശുദ്ധാത്മാവിനാലുള്ള അഭിഷേകം പ്രാപിക്കേണ്ടത് ആവശ്യമായിരുന്നു. (ലൂക്കോസ് 3:22) ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനും ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും നൽകുവാനും തന്നെ ശക്തനാക്കിയത് ഈ അഭിഷേകമാണെന്ന് യേശു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. (ലൂക്കോസ്4:18,21) കർത്താവിനുവേണ്ടിയുള്ള നമ്മുടെ ശുശ്രൂഷ ഫലപ്രദമാകണമെങ്കിൽ നാമും ഈ അഭിഷേകം പ്രാപിക്കേണ്ടത് ആവശ്യമാണ്. അപ്പോൾ നാം പരിശുദ്ധാത്മാവിന്റെ പ്രകൃത്യതീത (സ്വർഗ്ഗീയ) ശക്തിയാൽ നിറയുകയും ശുശ്രൂഷയ്ക്കുള്ള വരങ്ങൾ പ്രാപിക്കുകയും ചെയ്യും. എല്ലാവർക്കും ഒരേ കൃപാവരങ്ങളല്ല ലഭിക്കുന്നത്. ആത്മാവുതന്നെ സകലവും ഭരിക്കയും നിയന്ത്രിക്കുകയും ചെയ്യുന്ന തന്റെ ശക്തിയാൽ സഭയിലെ വിവിധാംഗങ്ങൾക്ക് വെവ്വേറെ കൃപാവരങ്ങൾ വിഭജിച്ചുകൊടുക്കുന്നു. അതുമൂലം അവർ അന്യോന്യാശ്രയത്തോടെ ഒരുമിച്ചു പ്രവർത്തിക്കുന്നു.റോമർ 12, 1 കൊരിന്ത്യർ 12, എഫേസ്യർ 4 എന്നീ അദ്ധ്യായങ്ങളിൽപ്പറയുന്ന കൃപാവരങ്ങൾ എല്ലാം സഭയുടെ പണിക്കുവേണ്ടി ആത്മാവു നല്കുന്ന ദാനങ്ങളാണ്. ഒരു ദാനത്തെയും നാം നിന്ദിക്കുവാൻ പാടില്ല. എല്ലാം ആവശ്യമാകയാൽ എല്ലാറ്റിനെയും നാം വിലമതിക്കണം.

### 3. വചനം

വിശുദ്ധവേദപുസ്തകത്തിലെ ഒന്നാമത്തെ ഖണ്ഡിക മുതൽതന്നെ പരിശുദ്ധാത്മാവ് ദൈവവചനത്തോടൊരുമിച്ച് പ്രവർത്തിക്കുന്നതായി നാം കാണുന്നു. ദൈവത്തിന്റെ ഉച്ചരിക്കപ്പെട്ട വചനവും പരിശുദ്ധാത്മാവിന്റെ അധിവാസവും (ഉൽപത്തി 1:2,3) ഒത്തൊരുമിച്ചു പ്രവർത്തിക്കുകയാൽ പാഴും ശൂന്യവുമായഅവസ്ഥയിൽ നിന്ന് സൗന്ദര്യവും ക്രമവും ഭംഗിയുമുള്ള ലോകം സൃഷ്ടിക്കപ്പെട്ടു.എഴുതപ്പെട്ട ദൈവവചനത്തിന്റെ മാർഗ്ഗനിർദ്ദേശം കൂടാതെ അനുഭവരൂപത്തിലുള്ള പരിശുദ്ധാത്മശക്തി മാത്രമുള്ള ഒരു മനുഷ്യൻ ഓടുവാനാവശ്യമായ റെയിൽപ്പാളം ഇല്ലാതിരിക്കെ ആവിയന്ത്രത്തിന്റെ ശക്തികൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു തീവണ്ടി എഞ്ചിൻപോലെയാണ്. നേരേമറിച്ച് പരിശുദ്ധാത്മശക്തി കൂടാതെ എഴുതപ്പെട്ട ദൈവവചനത്തെക്കുറിച്ചുള്ള അറിവ് ഒരുവനെ റയിൽപാളത്തിന്മേൽ നിൽക്കുന്നതും എന്നാൽ ഓടുവാൻ യാന്ത്രികശക്തിയില്ലാത്തതുമായ എഞ്ചിനു തുല്യനാക്കിത്തീർക്കും.

ദൈവവചനം ശിശുക്കൾക്കും പ്രായപൂർത്തിയായവർക്കും ദൈവം





നിശ്ചയിച്ചിട്ടുള്ള ആത്മീയഭക്ഷണമാണ്. (1 പത്രോസ് 2:2, എബ്രായർ 5:13, 14) അതുകൂടാതെ നമുക്കു ശക്തരാകുവാൻ സാധ്യമല്ല. (1 യോഹ. 2:14) നമ്മുടെ ക്രിസ്തീയാനുഭവത്തിലെ ഏതു ഘട്ടത്തിലായാലും ഈ വചനം കൂടാതെ വളരുവാനും സാധ്യമല്ല.

ഇതിനുപുറമെ, ദൈവവചനം സത്യം വെളിപ്പെടുത്തുവാൻ കഴിവുള്ളതാണ്. നാം യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവെന്ന് അതു നമുക്കു കാണിച്ചു തരുന്നു.(എബ്രാ 4:12) ദൈവവചനത്തിലേക്ക് സത്യസന്ധതയോടെ തിരിയുന്ന ഒരുവനും ദീർഘസമയം തന്റെ ആത്മീയാവസ്ഥയെക്കുറിച്ച് അജ്ഞനായിക്കഴിയുവാൻ സാധ്യമല്ല. മറ്റൊരു തരത്തിൽ നമുക്കു കാണാൻ കഴിവില്ലാത്ത ശരീരാന്തർഭാഗങ്ങളെ ഒരു എക്സ്റേ ചിത്രം കാണിച്ചുതരുന്നതുപോലെ ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വചനം നമുക്കുവെളിവാക്കിത്തരുന്നു. ദൈവവചനം കാര്യങ്ങളെ തുറന്നുകാട്ടുമ്പോൾ നമുക്കു വെളിച്ചം ലഭിക്കുന്നു. (സങ്കീ. 119:130) നാൾതോറും സത്യസന്ധതയോടെ നാം ദൈവവചനം ശോധനചെയ്യാതിരിക്കുന്ന പക്ഷം നാം സമ്പൂർണ്ണമായും വഞ്ചിതരായിത്തീരും.

ദൈവവചനം നമുക്കു വഴികാട്ടിയും കൂടിയാണ്. (സങ്കീ. 119:105) അത് നിരന്തരമായി പഠിക്കുകയും അനുസരിക്കുകയും ചെയ്തിട്ടല്ലാതെ ക്രിസ്തീയ ജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും മുന്നോട്ടുള്ള ജീവിതപാത കാണുവാൻ നമുക്കു സാധ്യമല്ല.ഈ വിധത്തിലാണ് ദൈവം തന്റെ ഹിതം നമുക്കുവെളിപ്പെടുത്തുന്നത്.

ദൈവവചനം ആത്മീയപോരാട്ടത്തിനുവേണ്ടി നമുക്കു നൽകപ്പെട്ട ആയുധവും കൂടിയാണ്. സാത്താനോടുള്ള പോരാട്ടത്തിൽ യേശുവിനും

**യേശുവിനുപോലും മുപ്പതു വർഷക്കാലം പാപരഹിതമായ ഒരു ജീവിതം നയിച്ചതിനുശേഷം, തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് പരിശുദ്ധാത്മാവിനാലുള്ള അഭിഷേകം പ്രാപിക്കേണ്ടത് ആവശ്യമായിരുന്നു. ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനും ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും നൽകുവാനും തന്നെ ശക്തനാക്കിയത് ഈ അഭിഷേകമാണെന്ന് യേശു പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. നാമും ഈ അഭിഷേകം പ്രാപിക്കേണ്ടത് ആവശ്യമാണ്.**

ഈ ആയുധം ആവശ്യമായിരുന്നു. (മത്തായി 4:10, 11) അതുപോലെതന്നെ നമുക്കും. (എഫേ. 6:17) എഴുതപ്പെട്ട ദൈവവചനം നമ്മുടെ സാക്ഷ്യവചനമായി നാം ഏറ്റുപറയുന്ന പക്ഷം നാം സാത്താനെ ജയിക്കും. (വെളി. 12:11) അല്ലാതെ ജയിപ്പാൻ നമുക്കു സാധ്യമല്ല. സാത്താനോട് വചനമുപയോഗിച്ച് എതിർത്തു നില്ക്കുക. അപ്പോൾ അവൻ നമ്മെ വിട്ട് ഓടിപ്പോകും.

### 4. ക്രൂശ്

പരിശുദ്ധാത്മാവ് യേശുവിനെയെന്നപോലെ നമ്മെയും എപ്പോഴും ക്രൂശിങ്കലേക്കു നയിക്കുന്നു. താൻ എപ്പോഴും നിരന്തരമായിത്തന്നെ ഒരു ക്രൂശ് തന്റെ ജീവിതത്തിൽ വഹിച്ചുകൊണ്ടിരിക്കുന്നതുമൂലം തന്നിൽ യേശുവിന്റെ ജീവൻ ദിനം തോറും വെളിപ്പെട്ടുകൊണ്ടിരിക്കുന്നതായി പൗലൊസ് പ്രസ്താവിച്ചിരിക്കുന്നു. (2 കോരി. 4:10,11) ഇത് മരം കൊണ്ടു നിർമ്മിച്ച ഒരു ക്രൂശല്ല. നേരേ മറിച്ച് ആന്തരികമായ ഒരു ക്രൂശാണ്. ക്രൂശുവഹിക്കുക എന്നുവച്ചാൽ മരണ

ത്തിന്റെ പാതയിലൂടെ നടക്കുക എന്നാണ് അതിന്റെയർത്ഥം. തന്റെ ഏകജാതനായ പുത്രനെ 33$^{1}/_{2}$വർഷക്കാലം ദൈവം നടത്തിയവഴി ഇതത്രേ. ഇന്ന് എല്ലാ ദൈവമക്കൾക്കും ഉള്ള വഴിയും ഇതുതന്നെ. ഇതല്ലാതെ മറ്റൊരു വഴിയുമില്ല. ഇത്, ഇതുമാത്രമാണ് ജീവങ്കലേക്കു നയിക്കുന്ന ഇടുക്കമുള്ള വഴി. (മത്തായി 7:14) ഈ ഇടുക്കുവഴിയിലേക്കു നമ്മെ നയിക്കുന്ന ഒരു ഇടുക്കുവാതിലുമുണ്ട്.

നാം ഈ വാതിലിലൂടെ കടന്ന് ഇടുക്കുവഴിയിലൂടെ മുന്നോട്ടു പോകണം. അപ്രകാരം നാം ചെയ്യുന്നപക്ഷം സിംഹാസനവും കിരീടവും നാം അവകാശമാക്കും. നമ്മുടെ പഴയ മനുഷ്യൻ (പാപം ചെയ്യുവാൻ നമ്മെ സമ്മതിപ്പിക്കുന്ന മനസ്സ്) ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുക എന്നതാണ് ഇടുക്കുവാതിൽ, വിശ്വാസത്താൽ ഈ പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക. അതോടെ ഇടുക്കമുള്ള വഴി ആരംഭിക്കുന്നു. ജീവിതകാലം മുഴുവൻ നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിച്ചുകൊണ്ട് ഈ വഴിയിലൂടെതന്നെ നാം നടക്കണം. (റോമർ 6:6, 8:13) ഇതാണ് ക്രൂശിന്റെ വഴി.

നമ്മുടെ ജഡത്തിൽ വന്നവനായ യേശു ജീവിതകാലം മുഴുവൻ ഈ വഴിയിലൂടെ നടുക്കുകയും നാമും തന്നെ പിന്തുടരുന്നതിനായി ജീവനുള്ള പുതുവഴി തുറന്നു തരികയും ചെയ്തു.(എബ്രായർ 10:20). അവിടുന്ന് നമ്മുടെ മുന്നോടിയാണ്. അവിടുത്തെ പിന്നാലെ നാമും നമ്മുടെ ഓട്ടം ഓടണം. യേശുവിങ്കലേക്കു തന്നെ നോട്ടം ഉറപ്പിക്കുകയും ചെയ്യണം. (എബ്രായർ 12:1,2).

ഒരു ദൈവഭൃത്യൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ''ക്രൂശിനെ ദൈവം സ്നേഹിക്കുന്നു. അതിനാൽ തന്റെ ഏകജാതനായ പുത്രൻ ജീവിതകാലം മുഴുവൻ അതിനെ വഹിക്കുവാൻ അവിടുന്ന് അനുവദിച്ചു ....... ദൈവാത്മാവിന്റെ ആകർഷണശക്തി എപ്പോഴും ക്രൂശിങ്കലേയ്ക്കാണ്. ആദ്യമായിത്തന്നെ ആ വഴിയിലേക്ക് ആകർഷിക്കപ്പെട്ടത് ക്രിസ്തുവത്രേ. ഇപ്പോൾ നാമും അതേ ദിശയിലേക്ക് ആകർഷിക്കപ്പെടുന്നു. നിത്യാത്മാവിന്റെ ശക്തിയാൽ യേശു തന്നെത്താൻ മരണത്തിന് ഏല്പ്പിച്ചുകൊടുത്തു. (എബ്രായർ 9:14) ക്രിസ്തുവിന്റെ ആത്മാവ് നല്കുന്ന ശക്തിയാൽ നമുക്കും നിരന്തരമായി നമ്മെത്തന്നെ മരണത്തിന് ഏല്പ്പിക്കാൻ കഴിയും. ഈ വിധത്തിൽ നാം ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെടുന്നു."

യേശുവിനെ പിന്തുടരുക എന്നതിന്റെ സാക്ഷാൽ അർത്ഥം ഇതാണ്. നാം എല്ലായ്പ്പോഴും യേശുവിന്റെ ഈ മരണം നമ്മുടെ ശരീരത്തിൽ വഹിക്കുന്ന പക്ഷം, അപ്പോൾ മാത്രം, യേശുവിന്റെ ജീവൻ നമ്മിലൂടെ വെളിപ്പെടും. അല്ലാത്തപക്ഷം ഒരു ക്രിസ്ത്യാനിയായിത്തീർന്നിട്ട് വർഷങ്ങൾക്കുശേഷവും നാം പിന്നെയും തോല്വിയടയുകയും ജഡത്താലും അതിന്റെ പ്രവൃത്തികളായ കോപം, ദുർമോഹം, ഈർഷ്യ, അക്ഷമ, അസൂയ, കലഹം തുടങ്ങിയവയാലും പരാജിതരായിത്തീരുകയും ചെയ്യും.

പാപത്തിന്റെ ശക്തിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുവാൻ ദൈവം വച്ചിട്ടുള്ള വഴിയാണ് ക്രൂശ്.

**5. ശരീരം**

ഒരു കയ്യിലെ നാലു വിരലുകൾ മാത്രം ഉപയോഗിച്ച് പല കാര്യങ്ങളും നമുക്ക് ചെയ്യാൻ കഴിയും. എന്നാൽ ദൈവം നമ്മെ സൃഷ്ടിച്ചവിധത്തിൽ അഞ്ചു വിരലുകളും നമുക്കുണ്ടായിരിക്കുന്നതാണ് ഉത്തമമാർഗ്ഗം. അതുപോലെ മുകളിൽ വിവരിച്ച ദൈവദത്തമായ നാലു കാര്യങ്ങൾ ഉപയോഗപ്പെടുത്തി കുറെയധികം മുന്നോട്ടു പോകുവാൻ നമുക്കു കഴിയും. എങ്കിലും അഞ്ചാമത്തെ ആവശ്യമായ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ഇല്ലാതെ വന്നാൽ ദൈവത്തിന്റെ ഏറ്റവും ഉന്നതമായ ഉദ്ദേശ്യം നമ്മിൽ നിറവേറുകയില്ല.





പുതിയനിയമവ്യവസ്ഥയിൻ കീഴിൽ നാം ക്രിസ്തുവിനെ പിന്തുടരുവാൻ ആഗ്രഹിക്കുന്നവരും വിജയജീവിതം നയിക്കുന്നവരുമായ ഒറ്റയൊറ്റ ക്രിസ്ത്യാനികളായിരിക്കുവാനല്ല ദൈവം ഉദ്ദേശിച്ചിട്ടുള്ളത്. യേശുവിനെ അനുഗമിച്ച് വിജയജീവിതം നയിക്കുന്നവർ ഒരുമിച്ചുചേർന്ന് തലയായ ക്രിസ്തുവിന് കീഴടങ്ങി ഒരു ശരീരമായി പ്രവർത്തിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അപ്രകാരമൊരു സഭയെപ്പറ്റിയാണ് പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു കർത്താവ് പറഞ്ഞിട്ടുള്ളത്. ആ വിധത്തിലുള്ള സഭ മാത്രമേ അന്ധകാരശക്തികളെ ജയിച്ചു വിജയകരമായി മുന്നോട്ടു പോകുകയുള്ളു. (മത്തായി 18:17-20)മത്തായി 18:19 ലുള്ള ഐകമത്യപ്പെടുക എന്ന വാക്ക് ഗ്രീക്കിൽ സിംഫോണിയോ എന്ന പദമാണ്. ഇതിൽ നിന്നാണ് സിംഫണി (Symphony) എന്ന ഇംഗ്ലീഷ് പദമുണ്ടായത്. ഒരേ വിധത്തിൽ ശബ്ദിക്കുക എന്നാണ് ആ പദത്തിന്റെ അർത്ഥം. പുറമേ സംസാരത്തിലും പ്രാർത്ഥനയിലുമുള്ള ഒരുമയല്ല, മറിച്ച് അകമേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി ഉണ്ടാകുന്ന ആഴമായ ഒരു ഐക്യത്തെയാണ് ഈ പദം കുറിക്കുന്നത്. ഒരോ വിശ്വാസിയും ആത്മീയമായി വളർച്ച പ്രാപിക്കുകയും തന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം മുഴുവൻ നിറവേറ്റുകയും ചെയ്യണമെങ്കിൽ സ്വദേശത്തുള്ള വിശ്വാസികളുടെ ഏതെങ്കിലുമൊരു സമൂഹത്തോട് ബന്ധപ്പെട്ടിരിക്കുകയും അതുമായി ആന്തരികമായി അധികമധികം സംയോജിപ്പിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ഈ ഐക്യം അന്തിമമായി പിതാവും പുത്രനും തമ്മിലുള്ള ഐക്യംപോലെതന്നെ ആയിത്തീരണം. (യോഹന്നാൻ 17:21-23) ഇപ്രകാരമുള്ള സമൂഹമാണ് ക്രിസ്തുവിന്റെ ശരീരം അഥവാ സഭ.

ഈ അന്ത്യദിനങ്ങളിൽ ലോകത്തുടനീളം അവിടവിടെയായി തന്റെ മക്കളുടേതായ സമൂഹങ്ങളിൽ ഈയൊരു പ്രവർത്തനമാണ് ദൈവം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ ശരീരമെന്ന അവസ്ഥയിലേക്ക് അന്വർത്ഥമായ വിധം പ്രവേശിക്കുന്നതിനു മുമ്പായി മുകളിൽ ഒന്നു മുതൽ നാലു വരെ നമ്പരുകളിൽ വിവരിച്ച അനുഭവങ്ങളിലൂടെ ഒരുവൻ കടന്നുപോകേണ്ടത് അത്യാവശ്യമാണ്. സഭയെക്കുറിച്ച് ചില സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതുകൊണ്ടുമാത്രം പലരും തൃപ്തിയടയുന്നു. എന്നാൽ നാമാകട്ടെ, അതിന്റെ യാഥാർത്ഥ്യം ആഗ്രഹിക്കുന്നവരായിത്തീരണം. സുവിശേഷവിഹിതമായ ക്രിസ്തീയ സമൂഹത്തിൽ സിദ്ധാന്തങ്ങളും ആശയങ്ങളും വേണ്ടുവോളമുണ്ട്.അവയോട് വീണ്ടും കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർത്ത് നമ്മുടെ സമയം പാഴാക്കേണ്ട കാര്യമില്ല. ഈ അവസാനനാളുകളിൽ ദൈവത്തിന്റെ പൂർണ്ണഹിതത്തിലേക്ക് എത്തിച്ചേരുകയും അങ്ങനെ കർത്താവിന്റെ വരവിനു വേണ്ടി ഒരുങ്ങുകയും ചെയ്യാൻ നമുക്ക് ഉത്സാഹിക്കാം. ദൈവം നമുക്കായി സജ്ജീകരിച്ചിട്ടുള്ള എല്ലാ നന്മയിലേക്കും കടന്നുചെല്ലുവാൻ ആവശ്യമായ ധൈര്യവും പൂർണ്ണസമർപ്പണവും വിനയവും വിശ്വാസവും ഉള്ളവരായി നമുക്കു തീരാം.

# തോമസ് ഏ. കെമ്പിസ് : ക്രിസ്തുവിന്റെ അനുകാരി

**ലൂ**ഥറൻ ദൈവശാസ്ത്രജ്ഞനായ കാൾ ഹിം, ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞു:- "യേശുവിന് അഭിനന്ദിക്കുന്നവരെയല്ല, ശിഷ്യന്മാരെയത്രേ ആവശ്യം." പ്രയോജനകരമായ ഒരു വേർതിരിവ് ഇവിടെ നാം ദർശിക്കുന്നു. എക്കാലത്തും എന്നപോലെ ഈ കാലഘട്ടത്തിലും യേശുവിനെ അഭിനന്ദിക്കുന്ന, വാനോളം പുകഴ്ത്തുന്ന, നിരവധി ആളുകളുണ്ടെങ്കിലും, യേശുവിന്റെ ജീവിതം അനുകരിച്ച് അവിടുത്തെ കാൽച്ചുവടുകളെ പിൻപറ്റുന്ന ശിഷ്യന്മാരെ കണ്ടെത്തുക പ്രയാസമായിരിക്കുന്നു.



ഒരു യഥാർത്ഥ ശിഷ്യൻ എപ്രകാരമാണ് ജീവിക്കുന്നത്? പതിനാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ വിരചിതമായ ഒരു ധ്യാനഗ്രന്ഥം ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ധൈര്യപ്പെടുന്നു. ഗ്രന്ഥനാമം ഒരു പക്ഷേ നമ്മെ ഞെട്ടിപ്പിക്കുന്നതാവാം. "ക്രിസ്ത്വനുകരണം" (Imitation of Christ) ആണ് ആ ഗ്രന്ഥം. ലോകമെമ്പാടും ഉള്ള വ്യത്യസ്ത ക്രിസ്തീയ വിഭാഗങ്ങളിൽപ്പെട്ട നിരവധി ആളുകൾക്ക് എക്കാലത്തും ഏറ്റവും പ്രിയപ്പെട്ട ധ്യാനഗ്രന്ഥമാണ് 'ക്രിസ്ത്വനുകരണം.'

പ്രസിദ്ധമായ ഈ ഗ്രന്ഥത്തിന്റെ എഴുത്തുകാരനെപ്പറ്റി തർക്കമുണ്ട്. ആത്മീയ നവീകരണത്തിനുവേണ്ടി രൂപം കൊണ്ട് പൊതുജീവന്റെ സഹോദരസമൂഹം എന്ന പ്രസ്ഥാനത്തിൽ നിന്നും ഉടലെടുത്തതാണ് ഈ ഗ്രന്ഥം. ജെറാർഡ് ഗ്രൂട്ട് എന്ന ആദ്ധ്യാത്മിക ഗുരുവിന്റെ പ്രഭാഷണങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഹോളണ്ടിലെ ഭക്തരായ സാധാരണക്കാർ ചേർന്ന് രൂപം നൽകിയതായിരുന്നു ഈ സഹോദരസമൂഹം. ക്രിസ്തുവിനോടുള്ള വ്യക്തിപരമായ അനുസരണത്തിനും ചെറുപ്പക്കാരുടെ ആത്മീയ ശിക്ഷണത്തിനുമായി അന്യോന്യം ഉത്സാഹിപ്പിക്കുകയയിരുന്നു അവരുടെ ലക്ഷ്യം.

ഇവരിൽ ചിലർ പതിനഞ്ചാം നൂറ്റാണ്ടുവരെ സാധാരണ വിശ്വാസികളായി തുടർന്നെങ്കിലും മറ്റുചിലർ ആത്മീയ അടിത്തറയുള്ള ആശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. അത്തരം ഒരു ആശ്രമത്തിൽ തോമസ് ഏ. കെമ്പിസ് ഒരു പകർത്തെഴുത്തുകാരനും ആത്മീയ ഗുരുവും ആയിരുന്നു.

ഡെവൻറർ എന്ന സ്ഥലത്തുണ്ടായിരുന്ന മേൽപറഞ്ഞ സഹോദരസമൂഹത്തിന്റെ വിദ്യാലയത്തിൽ നിന്നു അഭ്യസനം പൂർത്തിയാക്കി പുറത്തുവന്നതിനാൽ തോമസ്, സഹോദരസമൂഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബ





ന്ധിച്ച് വ്യക്തമായ ബോധ്യങ്ങളുള്ള വ്യക്തിയായിരുന്നു. 1413-ൽ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ടശേഷം തോമസ് തന്റെ സഹോദരൻ താമസിക്കുന്ന മൗണ്ട് സെയ്ന്റ് അഗ്നീസിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു. ആത്മീയ ഉപദേഷ്ടാവ് എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ തന്നെ അദ്ദേഹം പകർത്തെഴുത്തും നിർബാധം തുടർന്നു. കഴിഞ്ഞ അഞ്ച് നൂറ്റാണ്ടായി ക്രിസ്ത്യാനികൾ "ക്രിസ്ത്വനുകരണം" എന്ന ഗ്രന്ഥത്തിന്റെ കർത്തൃത്വം തോമസ് ഏ. കെമ്പിസിനാണെന്നു കരുതി വരുന്നു. അദ്ദേഹം സ്വയം എഴുതി പ്രസിദ്ധീകരിച്ചതാണ് പ്രസ്തുത ഗ്രന്ഥം എന്ന നിഗമനത്തിനാണ് കൂടുതൽ തെളിവുകൾ എന്നാൽ ജെറാൾഡ് ഗ്രൂട്ട് 1374 -ൽ മരിക്കും മുമ്പ് എഴുതിയതാണ് ഈ ലഘുഗ്രന്ഥം എന്ന് വേറെ ചില പണ്ഡിതന്മാർ വാദിക്കുന്നു.

കർത്തൃത്വം സംബന്ധിച്ച തർക്കം നിലനിൽക്കുമ്പോഴും കഴിഞ്ഞ തലമുറകളിലെ അനേകർക്കെന്നപ്പോലെ ഇക്കാലത്തും വായനക്കാർക്ക് ഈ ഗ്രന്ഥം ആത്മീയ പ്രയോജനം നൽകുന്നു. സങ്കീർത്തനക്കാരൻ നൽകുന്ന ഉപദേശമാണ് ഈ കാര്യത്തിൽ ഉത്തമം എന്ന് തോന്നുന്നു. "....രുചിച്ചറിയുവിൻ!" ക്രിസ്ത്വനുകരണത്തിലെ ഒരു ഭാഗം രുചിച്ചുനോക്കിയാലും:

## തിന്മകളെ വേരോടെ പറിച്ചുമാറ്റുക

"എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ നടക്കുന്നില്ല" എന്ന് യേശു പറഞ്ഞു. എന്താണ് യേശു അർത്ഥമാക്കുന്നത്? അവിടുത്തെ ജീവിതത്തെയും മനോഭാവത്തെയും നാം അനുകരിക്കുമ്പോൾ നാം യഥാർത്ഥ വെളിച്ചം ഉള്ളവരാകയും ഹൃദയത്തിലെ അന്ധകാരത്തിൽ നിന്നും വിടുതൽ പ്രാപിക്കയും ചെയ്യും എന്നല്ലേ? അങ്ങനെയെങ്കിൽ യേശുവിന്റെ ജീവിതം ധ്യാനിക്കുന്നതാകട്ടെ നമ്മുടെ പ്രധാന ലക്ഷ്യം.

ദൈവത്തോട് സ്നേഹവും ദൈവകൃപയും ഇല്ലെങ്കിൽ ബൈബിൾ മുഴുവൻ ഹൃദിസ്ഥമാക്കിയതുകൊണ്ടോ, തത്വജ്ഞാനികളുടെ വചനങ്ങൾ ഉരുവിട്ടതുകൊണ്ടോ എന്തുപ്രയോജനം? ദൈവത്തെ സ്നേഹിക്കയും അവിടുത്തെ മാത്രം സേവിക്കുകയും ചെയ്യുന്നതല്ലാതെ മറ്റെല്ലാം കേവലം മായ അത്രേ!

എല്ലാ മനുഷ്യരും സ്വാഭാവികമായി ജ്ഞാനം ആഗ്രഹിക്കുന്നവരാണ് എന്നാൽ. ദൈവഭയം ഇല്ലാത്ത അറിവുകൊണ്ട് എന്ത് പ്രയോജനം? ചോദ്യങ്ങൾ ചോദിക്കുന്നതിനു പകരം, തിന്മകൾ വേരോടെ പറിച്ചുമാറ്റി നന്മ വളർത്തുവാൻ മനുഷ്യൻ യത്നിച്ചിരുന്നെങ്കിൽ, ലോകത്തിൽ ഇത്രയധികം തിന്മ കാണുകയില്ലായിരുന്നു. ദൈവനാമം ഇത്രയധികം ദുഷിക്കപ്പെടുകയില്ലായിരുന്നു. ന്യായവിധി ദിവസത്തിൽ നാം എന്തൊക്കെ വായിച്ചു എന്നുള്ളതല്ല, നാം എന്തു പ്രവർത്തിച്ചു എന്ന കാര്യമാണു ശോധന ചെയ്യപ്പെടാൻ പോകുന്നത്. നാം എത്ര നന്നായി സംസാരിച്ചു എന്നതല്ല എത്ര ഭക്തിയോടെ ജീവിച്ചു എന്നുള്ളതായിരിക്കും അന്ന് പരിശോധിക്കപ്പെടുന്നത്.

ജ്ഞാനസമ്പാദനത്തിൽ മുഴുകി ഒരുകാലത്ത് ഭൂമിയിൽ തഴച്ചു വളർന്ന പണ്ഡിതന്മാരും ഗുരുക്കന്മാരും എല്ലാം ഇപ്പോൾ എവിടെ? നമുക്ക് പരിചിതരായിരുന്ന അവരുടെ സ്ഥാനത്ത് മറ്റുള്ളവരെ നാം കാണുന്നു. കുറേക്കഴിയുമ്പോൾ അവരും

വിസ്മൃതിയിൽ ആണ്ടുപോകും. ജീവിതകാലത്ത് ആരൊക്കെയോ ആണെന്ന് തോന്നിയിരുന്നെങ്കിലും ഇന്ന് അവരെക്കുറിച്ച് ആരും സംസാരിക്കുന്നുപോലുമില്ല. ലോകത്തിന്റെ മഹത്വം എത്രവേഗം മാഞ്ഞുപോകുന്നു! അവരുടെ ആഴമായ പഠനങ്ങൾ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നെങ്കിൽ! അങ്ങനെ ആയിരുന്നെങ്കിൽ ഇത്തരം പഠനങ്ങൾ ഒക്കെ പ്രയോജനകരം എന്ന് പറയാമായിരുന്നു.

ദൈവിക ശുശ്രൂഷയിൽ മനസ്സുവയ്ക്കാതെ ഈ ലോകത്തിന്റെ വ്യർത്ഥ ജ്ഞാനത്തിൽ മുഴുകി എത്രപേർ നശിച്ചുകൊണ്ടിരിക്കുന്നു! താഴ്മയുള്ളവരായിരിക്കുന്നതിനെക്കാൾ മഹാന്മാരാകുന്നതിൽ മനസ്സുവച്ചിരിക്കുന്ന ഇവർ തങ്ങളുടെ വിചാരങ്ങളിൽ വ്യർത്ഥരായിത്തീരുന്നു.

ഉദാത്തമായ സ്നേഹം ഉള്ളവനാണ് യഥാർത്ഥമഹാൻ. ബഹുമാനത്തിന്റെ ഔന്നത്യം ഗണ്യമാക്കാതെ സ്വയം ചെറിയവനെന്നു ചിന്തിക്കുന്നവനത്രേ ശരിയായ നിലയിൽ മഹത്വമുള്ളവൻ. ക്രിസ്തുവിനെ നേടേണ്ടതിന് ലൗകികമായ എല്ലാറ്റിനേയും ചവറെന്ന് എണ്ണുന്നവനത്രേ യഥാർത്ഥ ബുദ്ധിമാൻ. സ്വന്തഹിതം ത്യജിച്ച് ദൈവഹിതം ചെയ്യുന്നവനത്രേ യഥാർത്ഥ ജ്ഞാനി.

നല്ല മന:സാക്ഷിയുടെ സാക്ഷ്യമത്രേ ഒരു നല്ല മനുഷ്യന്റെ മഹത്വം. മറ്റുള്ളവർ പ്രശംസിക്കുമ്പോൾ നീ കൂടുതൽ വിശുദ്ധനാകുന്നില്ല. മറ്റുള്ളവർ പരിഹസിക്കുമ്പോൾ നീ കൊള്ളരുതാത്തവൻ ആകുന്നുമില്ല. നീ ദൈവമുമ്പാകെ ആരായിരിക്കുന്നുവോ അതിനെ മറ്റുള്ളവരുടെ വാക്കുകൾക്ക് വ്യത്യാസപ്പെടുത്താൻ കഴിയുകയില്ല. നിന്റെ യഥാർത്ഥ അവസ്ഥയെപ്പറ്റി നീ ബോധവാനാണെങ്കിൽ മനുഷ്യന്റെ വാക്കുകളെക്കുറിച്ച് നീ ഭാരപ്പെടുകയില്ല. മനുഷ്യൻ പുറമേയുള്ളത് നോക്കുന്നു; ദൈവം ഹൃദയത്തെ ശ്രദ്ധിക്കുന്നു....

പുറത്തുനിന്നുള്ള ഒരു സാക്ഷ്യവും അന്വേഷിക്കാത്ത ഒരുവൻ ദൈവമുമ്പാകെ പൂർണ്ണസമർപ്പണം ഉള്ളവൻ എന്ന് തെളിയിക്കുന്നു. നിനക്ക് ക്രിസ്തു ഉണ്ടെങ്കിൽ നീ സമ്പന്നനാണ്, എല്ലാം ഉള്ളവൻ തന്നെ. മനുഷ്യനിൽ ആശ്രയിക്കേണ്ട ആവശ്യം ഇല്ലാത്തവണ്ണം അവിടുന്ന് നിന്റെ വിശ്വസ്തനായ സഹായകനായിരിക്കും. മനുഷ്യൻ വേഗത്തിൽ മാറിപ്പോകുന്നവനും ക്ഷണനേരം കൊണ്ട് നിരാശപ്പെടുത്തുന്നവനുമത്രേ. ക്രിസ്തുവോ മാറ്റമില്ലാത്തവനായി അവസാനത്തോളം നമ്മോടൊപ്പം നിലകൊള്ളുന്നു.

കർത്താവായ യേശുവിന്റെ ഹൃദയരഹസ്യത്തിലേക്ക് പൂർണ്ണമായും നീ പ്രവേശിച്ചു കഴിഞ്ഞാൽ, അവിടുത്തെ അഗാധ സ്നേഹം അല്പം രുചിച്ചുകഴിഞ്ഞാൽ, നിന്റെ സൗകര്യമോ അസൗകര്യമോ ഗണ്യമാക്കാതെ, പരിഹാസത്തിന്റെ മദ്ധ്യത്തിലും സന്തോഷിക്കുവാൻ കഴിയും. മറ്റുള്ളവർ നിന്നെ നിന്ദിക്കുമ്പോൾ യേശുവിനെയും അവിടുത്തെ സത്യത്തെയും സ്നേഹിക്കുന്ന ഒരുവൻ, ഒരു യഥാർത്ഥ ആന്തരിക ക്രിസ്ത്യാനി ആയിരിക്കും. ലോകസ്നേഹത്തിൽ നിന്നും സ്വതന്ത്രനായി ദൈവത്തിങ്കലേക്ക് തിരിഞ്ഞ്, ആത്മാവിൽ അവൻ തന്റെ സ്വയത്തിൽ നിന്നും വിടുതൽ പ്രാപിച്ച് ദൈവത്തിൽ പൂർണ്ണമായും സ്വസ്ഥത കണ്ടെത്തിയിരിക്കും.

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**





ചിന്തയ്ക്ക്

# യഥാർത്ഥത്തിലുള്ള വേർപാട്

ഏ.ഡബ്ല്യു.ടോസർ

**ലോ**കത്തോടുള്ള ഒരു ക്രിസ്ത്യാനിയുടെ നിലപാടു സംബന്ധിച്ചു തിരുവചനം എത്രയും വ്യക്തമാണ്. എന്നാൽ മിക്ക വിശ്വാസികളും ഈ കാര്യം വ്യക്തമാകാത്തവിധമാണ് പെരുമാറുന്നത്. ഇതിനു കാരണം, തിരുവചനത്തിന്റെ അവ്യക്തതയല്ല, മറിച്ച് തിരുവചനത്തെ സഗൗരവം സ്വീകരിക്കായ്കയാണ്. ക്രിസ്തുവിന്റെ അനുയായികൾ എന്നു നാമം ധരിച്ചവർ, ക്രിസ്തുവിനെ ഹൃദയപൂർവ്വം അനുസരിക്കാനൊരു തുടക്കമിട്ടാൽ, യാതൊരു ചിന്താക്കുഴപ്പത്തിനും ഇടമുണ്ടായിരിക്കുകയില്ല.

ആദാമ്യസന്തതി അന്യോന്യം വഴക്കും മത്സരവുമുള്ളവരാണെങ്കിലും പ്രകൃതംകൊണ്ടും ജീവിതപ്രമാണം കൊണ്ടും അവർ തികച്ചും ഒന്നാണ്. ഒരുവനിൽ പരിശുദ്ധാത്മാവ് അധിവസിക്കുവാൻ തുടങ്ങുന്നതോടെ, ഈ ഐക്യത്തിന് ഇളക്കം തട്ടുന്നു. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, 'നിങ്ങൾ ലോകക്കാരായിരുന്നുവെങ്കിൽ , ലോകം തനിക്കുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാർ അല്ലാത്തതിനാലും ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തിരിക്കയാലും ലോകം നിങ്ങളെ പകയ്ക്കുന്നു." ദാസിയുടെ മകനും സ്വതന്ത്രയുടെ മകനും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചുകൊണ്ട് പൗലൊസ് ഇങ്ങനെ പറഞ്ഞു: "അന്നു ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചതുപോലെ ഇന്നും കാണുന്നു" (ഗലാ.4:29).

സഭയേയും ലോകത്തെയും വിഭജിക്കുന്ന ഒരു സൂക്ഷ്മരേഖ, പുതിയ നിയമത്തിന്റെ ആദിയോടന്തം ഉണ്ട്. ഇതിന്റെ നടുവിൽ ഒരു നിഷ്പക്ഷമേഖലയില്ല. ധനവാനായ മനുഷ്യന്റെയും ലാസറിന്റെയും ഇടയിലുണ്ടായിരുന്ന ആ വലിയ പിളർപ്പു തന്നെയാണ് യഥാർത്ഥക്രിസ്ത്യാനിക്കും ലോകത്തിനുമിടയിൽ ഇന്നുള്ളത്. വീണ്ടെടുക്കപ്പെട്ടവരുടെ ലോകവും വീഴ്ചയിലിരിക്കുന്നവരുടെ ലോകവും തമ്മിൽ ഇത്രയും തന്നെ അകലമുണ്ട്.

ലോകത്തിന്റെ ആത്മാവ് അതീവശക്തമാണ്. പുകഞ്ഞ വസ്തുവിൽ പുകയുടെ ഗന്ധം എത്രമാത്രം വിട്ടുമാറാതിരിക്കുന്നുവോ അത്രമാത്രം നമ്മെ പറ്റിപ്പിടിക്കുന്ന ഒന്നാണ് ലോകത്തിന്റെ ആത്മാവ്. ഏതു സന്ദർഭത്തിനും അനുയോജ്യമായ രൂപവും ഭാവവും സ്വീകരിപ്പാൻ ലോകത്തിനു കഴിയും. ആത്മാർത്ഥതയുടെ മുഖംമൂടി ധരിച്ച് ഏതു സന്ദർഭത്തിനും ആത്മീയതയുടെ ഒരു പരിവേഷം നൽകുവാൻ അതിനു കഴിയും. ഈ വിധത്തിൽ നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ഇന്ദ്രിയജയം അഭ്യസിച്ചിട്ടില്ലാത്ത ലളിതവിശ്വാസികൾ വഞ്ചിതരാകുവാനും ഇടയാകുന്നു. മനഃസാക്ഷിക്കു ഞെട്ടലേറ്റു തന്റെ ദുഷ്ടതയുള്ള വഴികളെ ഏറ്റുപറയുവാനും ലോകത്തിനു കഴിയും. അതു മതത്തെ പുകഴ്ത്തിപ്പറയുകയും തന്റേതായ ലക്ഷ്യങ്ങൾക്കായി സഭയോടു ചങ്ങാത്തം കൂടുകയും ചെയ്യുന്നു. വളരെ ധർമ്മനിഷ്ഠയും ഔദാര്യവും ദരിദ്രരോടു സഹാനുഭൂതിയും പ്രദർശിപ്പിക്കാനും അതിനു കഴിയും. എന്നാൽ ക്രിസ്തുവിനും അവന്റെ കർത്തൃത്വ

ത്തിനും ഒരിക്കലും അതിന്മേൽ അധികാരം ഇല്ലാതിരിക്കേണ്ടതിനായി, അത് എത്രയും ജാഗ്രത പുലർത്തും. ഈ കാര്യംമാത്രം അത് ഒട്ടും സഹിക്കുകയോ വക വെച്ചുകൊടുക്കുകയോ ചെയ്യുകയില്ല. അതേ, ലോകം ക്രിസ്തുവിന്റെ ആത്മാവിനോടും സത്യക്രിസ്ത്യാനിത്വത്തോടും എന്നും ശത്രുത പുലർത്തുകതന്നെ ചെയ്യും.

ഒരു ഭൗതികനു ദൈവാത്മാവിന്റെ കാര്യങ്ങൾ കേവലം ഭോഷത്തവും യാതൊരു കഴമ്പുമില്ലാത്തതുമാണ്. അതിനാൽ ആത്മീയതയോടു അവനു മടുപ്പും പുച്ഛവുമാണ്. "എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ലല്ലോ. അത് അവനു ഭോഷത്തം ആകുന്നു. ആത്മീയമായി വിവേചിക്കപ്പെടേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുകയില്ല."

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്ന രണ്ടു പദങ്ങളാണ്, 'അവർ', 'നിങ്ങൾ' എന്നുള്ളവ. അവർ എന്നതു ആദാമ്യവർഗ്ഗത്തേയും നിങ്ങൾ എന്നത് എല്ലാം വിട്ടു കർത്താവിനെ അനുഗമിപ്പാൻ വിളിക്കപ്പെട്ടവരെയുമാണ് ചൂണ്ടുന്നത്. യോഹന്നാൻ അപ്പൊസ്തലൻ മൈത്രിയുടെയും മമതയുടെയും മതസഹിഷ്ണുതയുടെയും വക്താവല്ലായിരുന്നു. യോഹന്നാന്റെ ഈ ഉപദേശം സ്വീകരിക്കണമെങ്കിൽ തീവ്രമായ വിശ്വാസംതന്നെ ആവശ്യമാണ്. വേർപാടിന്റെ വിഭജനരേഖ കോട്ടിയും മായിച്ചും ആരുടെയും അപ്രീതി സമ്പാദിക്കാതിരിക്കുന്നതാണ് വളരെ എളുപ്പമുള്ള മാർഗ്ഗം. ക്രിസ്ത്യാനികളെയും അവിശ്വാസികളെയും ഉൾപ്പെടുത്തി 'നാം' എന്നു സംബോധന ചെയ്യുകയും ഭക്തിയുടെ പൊതുവായ പദപ്രയോഗങ്ങൾ ഉപയോഗിച്ച് എല്ലാവരെയും ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുമാണ് ആദരണീയമായ മാർഗ്ഗം. കൊലപാതകം തൊഴിലാക്കിയിരിക്കുന്നവരിൽ തുടങ്ങി, ദാനിയേൽ പ്രവാചകനെ വരെ ഉൾക്കൊള്ളത്തക്കവണ്ണം ദൈവത്തിന്റെ പിതൃത്വത്തെ വിശാലമാക്കുകയും, എല്ലാവരെയും സ്വർഗ്ഗത്തിൽ കൊണ്ടുപോകുവാനുള്ള മഹാമനസ്കത കാട്ടുകയും ചെയ്യുന്നവരായിരിപ്പാൻ നമുക്കു കഴിയും. എന്നാൽ യോഹന്നാൻ ഇവ്വണ്ണം വഞ്ചിക്കപ്പെടുമായിരുന്നില്ല. രക്ഷിക്കപ്പെട്ടവരും നഷ്ടപ്പെടുന്നവരും നിത്യജീവനായും നിത്യലജ്ജയ്ക്കായും ഉണരുന്നവരും യോഹന്നാന്റെ മുമ്പിൽ ഒരു സമ്മിശ്രവിഭാഗം ആയിരുന്നില്ല. ഇവ രണ്ടും അദ്ദേഹത്തിനു വിഭിന്നവും വ്യത്യസ്തവുമായിരുന്നു. ഇവയ്ക്കു നടുവിൽകൂടി യോഹന്നാൻ ഒരു രേഖ വരച്ചു.'അവർ' എന്നും 'നിങ്ങൾ' എന്നും അദ്ദേഹം അവരെ പരാമർശിച്ചു.

ലോകത്തിൽ നിന്നുള്ള വേർപാടിലേക്കാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ 'ലോകം' എന്നുള്ള പദംകൊണ്ട് നാം അർത്ഥമാക്കുന്നത് എന്താണ്? കേവലം ബാഹ്യമായ ചില കാര്യങ്ങളായി മാത്രം അതിനെ മനസ്സിലാക്കുവാനും അങ്ങനെ അതിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാതെ പോകുവാനുമുള്ള സാധ്യത വളരെയാണ്. ലോകമെന്നുള്ളതു സിനിമാശാലയും ചീട്ടുകളിയും മദ്യവും ചൂതുകളിയുമല്ല-ലോകത്തിന്റെ ഒരു ബാഹ്യരൂപം മാത്രമാണത്. നമ്മുടെ പോരാട്ടം കേവലം ലോകത്തിന്റെ ഗതിക്കെതിരായിട്ടല്ല, മറിച്ചു ലോകത്തിന്റെ ആത്മാവിനെതിരായിട്ടാണ്. ദൈവത്തിൽനിന്നന്യപ്പെട്ടുപോയ മനുഷ്യപ്രകൃതിയിൽ നിന്നുത്ഭവിക്കുന്നതും, അതിനാൽ പണിയപ്പെടുന്നതും അതിനാൽ നിലനിർത്തപ്പെടുന്നതുമായ ഏതും, അതിന്റെ ബാഹ്യ





രൂപം എന്തായിരുന്നാലും അതു ലോകമാണ്. അതു ധാർമ്മികമായി അധഃപതിച്ചതാണെങ്കിലും ധാർമ്മികമായി ആദരിക്കപ്പെട്ടതാണെങ്കിലും, അതു മദ്യശാലയായി പ്രത്യക്ഷപ്പെട്ടാലും സഭയെന്ന പേരിൽ പ്രത്യക്ഷപ്പെട്ടാലും ലോകം തന്നെയാണ്. ഉദാഹരണമായി തീക്ഷ്ണതയുള്ള മതഭക്തരായിരുന്നെങ്കിലും പുരാതനകാലത്തെ പരീശന്മാർ കേവലം ലൗകികന്മാർ തന്നെ ആയിരുന്നു. അവരുടെ മതഘടന പണിയപ്പെട്ടിരുന്നത് ഉയരത്തിൽ നിന്നുള്ള പ്രമാണങ്ങളാലല്ല കീഴെനിന്നുള്ള മാനുഷിക പ്രമാണങ്ങളാലായിരുന്നു. യേശുവിന്നെതിരെ അവർ മാനുഷികമായ സമരമുറകൾ പ്രയോഗിച്ചു. സത്യം സ്ഥാപിച്ചു കിട്ടേണ്ടതിനു മനുഷ്യർക്കു പണം നൽകി, നുണപ്രചാരണത്തിനായി അവരെ ഉപയോഗിച്ചു. ദൈവത്തിനു വേണ്ടി വാദിക്കുന്നതിൽ അവർ പിശാചുക്കളെപ്പോലെ പെരുമാറി. തിരുവചനത്തെ സ്ഥാപിക്കുന്ന ശ്രമത്തിൽ തിരുവചനത്തിന്റെ പ്രമാണങ്ങളെത്തന്നെ അവർ നിഷേധിച്ചു. ആത്മീയതയെ നിലനിർത്തുന്ന ശ്രമത്തിൽ അവർ അതിനെ ഉപേക്ഷിച്ചു. ഇതിലെല്ലാം ദൈവത്തോടും യഥാർത്ഥ ഭക്തിയോടുമുള്ള ലോകത്തിന്റെ യഥാർത്ഥസ്വഭാവം തന്നെയാണ് നാം ദർശിക്കുന്നത്.

ഗിരിപ്രഭാഷണം മറ്റൊരു കാലഘട്ടത്തിലേക്ക് ഉദ്ദേശിച്ചതാണ് എന്ന ധാരണ സൃഷ്ടിക്കുന്ന വിധമാണ് ഇന്നു സാർവത്രികമായി ഉപദേശിക്കപ്പെടുന്നത്. ഗിരിപ്രഭാഷണത്തിലെ സത്യങ്ങളിൽനിന്നും ഉപദേശങ്ങളിൽ നിന്നും വിളിയിൽനിന്നും ഇവ്വണ്ണം സഭയെ വിമുക്തമാക്കുന്നവർ തങ്ങൾ എത്ര വലിയ ദോഷമാണ് ചെയ്യുന്നതെന്ന് അറിയുന്നില്ല. പുതുക്കം പ്രാപിച്ചവരുടെ രാജ്യത്തിന്റെ സ്വഭാവവൈശിഷ്ട്യത്തെക്കുറിച്ചാണ് ചുരുക്കമായി ഗിരിപ്രഭാഷണത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. തങ്ങളുടെ പാപങ്ങൾക്കുവേണ്ടി കരയുകയും നീതിക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്ന ഭാഗ്യവാന്മാർ തന്നെയാണ് ദൈവരാജ്യത്തിലെ യഥാർത്ഥ പുത്രന്മാർ. സൗമ്യതയോടെ തങ്ങളുടെ ശത്രുക്കളോടു ദയ കാണിക്കുകയും, നിഷ്ക്കളങ്കതയോടെ ദൈവമുഖം ദർശിക്കുകയും ചെയ്യുന്നവരാണവർ. അവർ ഉപദ്രവിക്കുന്നവരെ ശപിക്കാതെ അനുഗ്രഹിക്കുകയും താഴ്മയിൽ തങ്ങളുടെ സൽപ്രവൃത്തികളെ മനുഷ്യദൃഷ്ടിയിൽ നിന്നു മറച്ചു സൂക്ഷിക്കുകയും ചെയ്യുന്നു. എല്ലാവരോടും നിരപ്പും സമാധാനവും പാലിക്കാൻ അവർ അത്യന്തം ജാഗ്രതയുള്ളവരായിരിക്കുകയും തങ്ങളോടു പാപം ചെയ്യുന്നവരോടൊക്കെയും ക്ഷമിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ രഹസ്യജീവിതത്തിൽ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ദൈവത്തെ സേവിക്കുകയും പരസ്യമായി തങ്ങൾക്കു ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തിനായി സഹിഷ്ണുതയോടെ കാത്തിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ സമ്പത്തുകൾ

**നമ്മുടെ പോരാട്ടം കേവലം ലോകത്തിന്റെ ഗതിക്കെതിരായിട്ടല്ല, മറിച്ചു ലോകത്തിന്റെ ആത്മാവിനെതിരായിട്ടാണ്. ദൈവത്തിനന്യപ്പെട്ടുപോയ മനുഷ്യപ്രകൃതിയിൽ നിന്നുത്ഭവിക്കുന്നതും, അതിനാൽ പണിയപ്പെടുന്നതും അതിനാൽ നിലനിർത്തപ്പെടുന്നതുമായ ഏതും, അതു ധാർമ്മികമായി അധഃപതിച്ചതാണെങ്കിലും ധാർമ്മികമായി ആദരിക്കപ്പെട്ടതാണെങ്കിലും, അതു മദ്യശാലയായി പ്രത്യക്ഷപ്പെട്ടാലും സഭയെന്ന പേരിൽ പ്രത്യക്ഷപ്പെട്ടാലും ലോകം തന്നെയാണ്.**

ബലം ഉപയോഗിച്ചു സംരക്ഷിക്കുന്നതിനേക്കാൾ അവ വിട്ടുകൊടുപ്പാൻ ഒരുക്കമുള്ളവരും തങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിൽ സ്വരൂപിക്കുന്നവരുമാണവർ.മറ്റുള്ളവരുടെ പ്രശംസ നിഷേധിച്ചുകൊണ്ട്, ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ആര് എന്ന് ദൈവം നിർണ്ണയിക്കുന്ന നാളിനായി അവർ കാത്തിരിക്കുന്നു.

ഇതു സത്യസന്ധമായ ഒരു വീക്ഷണമെങ്കിൽ ക്രിസ്തുശിഷ്യന്മാർ തമ്മിൽ സ്ഥാനത്തിനും അധികാരത്തിനും വേണ്ടി മത്സരിക്കുന്നതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? പദവിക്കും മഹത്വത്തിനും വേണ്ടി അവർ സർവ്വസ്വവും നൽകി, അന്വേഷിക്കുന്നതു കാണുമ്പോൾ നാം എന്തു പറയേണ്ടു? ക്രിസ്തീയനേതൃത്വത്തിൽ അറിയിക്കുവാനും പരസ്യപ്പെടുത്തുവാനും കാണുന്ന വ്യഗ്രത സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഭരണാധികാരത്തിനുള്ള അഭിലാഷം സംബന്ധിച്ചു നാം എന്തു പറയേണ്ടു? കനമുള്ള സ്തോത്രകാഴ്ചകൾ പ്രതീക്ഷിച്ചുകൊണ്ടുള്ള കൈകൊടുക്കൽ സംബന്ധിച്ചു നാം എന്തു പറയേണ്ടു? ക്രിസ്ത്യാനികളുടെ ഇടയിലുള്ള അഹന്തയും സ്വാർത്ഥതയും സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഊതിവീർപ്പിക്കപ്പെട്ട നിലയിൽ ഉയർന്നു പൊങ്ങുകയും ഒടുവിൽ പൊട്ടിപ്പോവുകയും തൽസ്ഥാനത്തു വേറൊരു അതികായൻ ഉയർന്നുവരികയും ചെയ്യുന്നു. ഇങ്ങനെയുള്ളവരോടൊക്കെയുമുള്ള വ്യക്തിപൂജ നാം എങ്ങനെ വിശദീകരിക്കേണ്ടു? പൂർണ്ണസുവിശേഷത്തിന്റെ പ്രചാരകന്മാർ എന്നു സ്വയം വിശേഷിപ്പിക്കുന്നവർ ലജ്ജാകരമായ വിധം ധനവാന്മാരുടെ കൈമുത്തുന്നതു സംബന്ധിച്ചും നാം എന്തു പറയേണ്ടു?

ഈ ചോദ്യങ്ങൾക്കെല്ലാം ഒറ്റ ഉത്തരം മാത്രമേയുള്ളു. ഈ ബാഹ്യപ്രകടനങ്ങളിലെല്ലാം നാം ദർശിക്കുന്നതു ലോകത്തെയാണ്. സാക്ഷാൽ ലോകത്തെത്തന്നെ! ഇതിന്റെയെല്ലാം പിമ്പിലുള്ളത് യേശുവിനെ ക്രൂശിച്ച അതേ പാപങ്ങൾ തന്നെയാണ്.

ആകയാൽ ലോകം ഏതു മുഖത്തിൽ പ്രത്യക്ഷപ്പെട്ടാലും, ദുഷിച്ച മുഖത്തോടുകൂടിയോ പരിഷ്കരിക്കപ്പെട്ട മുഖത്തോടുകൂടിയോ ആയിരുന്നാലും നാം അതിനെ തിരിച്ചറിയുകയും തിരസ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ലോകവുമായുള്ള ഒരു സമ്പൂർണ്ണ വിടപറയൽ എത്രയും അനുപേക്ഷണീയമാണ്. "വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആണെന്നു നിങ്ങൾ അറിയുന്നില്ലയോ? അതുകൊണ്ട് ഈ ലോകത്തിന്റെ സ്നേഹിതർ ഒക്കെയും ദൈവത്തിനു ശത്രുക്കളായിരിക്കുന്നു"(യാക്കോ.4:4). ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അവനിൽ ഇല്ല. എന്തുകൊണ്ടെന്നാൽ ജഡമോഹം, കൺമോഹം, ജീവിതത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതൊക്കെയും പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നു തന്നെയത്രേ. (1 യോഹ.2:15,16). ഈ വചനങ്ങൾക്കു വിധേയപ്പെടാതെ ക്രിസ്ത്യാനികൾ എന്ന നാമം സ്വീകരിപ്പാൻ നമുക്കവകാശമില്ല.

ഹാനോക്ക് തന്റെ തലമുറയിൽ ദൈവത്തോടുകൂടെ നടന്നതുപോലെ നടക്കുവാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ, ലോകത്തെ തിരിച്ചറിയുകയും അതിനോടു ദൈവഹിതപ്രകാരമുള്ള ഒരു നിലപാട് സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

○





വചനം

# ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ

വാച്ച്മാൻ നീ

നമുക്കു സുപരിചിതമായ വാക്യമാണ് ഗലാത്യർ. 2:20. വിജയകരമായ ജീവിതം ക്രിസ്തു ആണെന്നും,(യിസ്രായേലിന്റെ വിജയമായവൻ (1 ശമു.15:29) അഥവാ ക്രിസ്തു നമ്മിൽ വസിക്കുന്നുവെന്നും നമുക്കറിയാം. ഇപ്രകാരമൊരു ജീവിതത്തിന്റെ പ്രായോഗികതലത്തിലേക്ക് എങ്ങനെ നമുക്കു കടക്കുവാൻ കഴിയും? ക്രിസ്തു നമ്മുടെ ജീവനാകുവാൻ ആഗ്രഹിക്കുന്നു! എപ്രകാരം അതു സാധ്യമാകും? നമ്മെ ജയാളികളാക്കുവാൻ കഴിയുന്ന ക്രിസ്തു എങ്ങനെ തന്റെ ജീവിതത്തെ നമ്മിൽ ജീവിച്ചു കാണിക്കും? യേശു ആണ് രക്ഷകൻ എന്നു സുവിശേഷത്തിലൂടെ കേട്ടറിഞ്ഞ നാം എപ്രകാരമാണ് തന്നെ നമ്മുടെ രക്ഷകനായി സ്വീകരിച്ചത്? ക്രൂശിലെ രക്ഷയെ അറിഞ്ഞ നമുക്ക് എങ്ങനെ അതിൽ പങ്കാളികളാകുവാൻ സാധിക്കും? എങ്ങനെ നമുക്കു ക്രിസ്തുവിനോടു ചേരാം? അവൻ നമ്മുടെ ജീവൻ ആകുന്നതിനും നമ്മിൽ വസിക്കുന്നതിനും നാം എന്തു ചെയ്യണം? ഗലാ.2:20 നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ആദ്യം നമുക്ക് ഈ വാക്യത്തിന്റെ മദ്ധ്യഭാഗം ചിന്തിക്കാം. "ഇനി ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്." ചുരുക്കിപ്പറഞ്ഞാൽ ഞാനല്ല; ക്രിസ്തുവത്രേ. എന്താണിതിന്റെ അർത്ഥം? "വിജയം"-നാളുകളായി നാം പറഞ്ഞുനടക്കുന്ന ജയകരമായ ജീവിതത്തെ വെളിപ്പെടുത്തുവാൻ ഇതിൽക്കവിഞ്ഞ് വാക്കുകളില്ല. 'ഞാനല്ല' എന്നതും 'ക്രിസ്തുവത്രേ'എന്നതും ഒരുപോലെ പ്രാധാന്യം അർഹിക്കുന്നു. എത്രനാൾ 'ഞാനല്ല' എന്നായിരിക്കുകയും എത്രനാൾ 'ക്രിസ്തുവത്രേ' എന്നായിരിക്കുകയും ചെയ്യുന്നുവോ അത്രനാൾ വിജയം സുനിശ്ചിതമാണ്. പ്രശ്നപരിഹാരത്തിനും വിജയത്തിനും ഇതാ ഒരു സമവാക്യം:-ഞാനല്ല+ക്രിസ്തുവത്രേ=വിജയം.

എന്നാൽ ഞാനല്ല, മറിച്ച് ക്രിസ്തു തന്നെ എന്ന അവസ്ഥയിൽ ഒരു ക്രിസ്ത്യാനി എങ്ങനെ എത്തിച്ചേരും? എന്തു മാർഗ്ഗം താൻ സ്വീകരിക്കണം? 'ഞാനല്ല, ക്രിസ്തുവത്രേ' എന്നു പൗലൊസ്അപ്പൊസ്തലൻ അനുഭവിച്ചറിയുമ്പോൾ അതിന്റെ തുടക്കം എവിടെനിന്നായിരുന്നു എന്നുകൂടി നാം അറിയേണ്ടതുണ്ട്. ഈ വാചകത്തിനു മുമ്പിലും പിമ്പിലുമുള്ള വാചകങ്ങൾ കൂടി ശ്രദ്ധിച്ചുമനസ്സിലാക്കിയാൽ പൗലൊസ് പോയ അതേ പാതയിൽ പോകുവാനും 'ഞാനല്ല ക്രിസ്തുവത്രേ' എന്ന നിലയിൽ ആയിത്തീരുവാനും നമുക്കു സാധിക്കും. അതുകൊണ്ട് കടന്നുപോയ പരിശോധനകളിൽ താൻ തെരഞ്ഞെടുത്ത അതേ പാത നമുക്കും പിൻതുടരാം.

### ഞാനല്ല; ക്രിസ്തുവത്രേ-എങ്ങനെ?

'ഞാനല്ല; ക്രിസ്തുവത്രേ' എന്നു ചങ്കുറപ്പോടെ പറയാവുന്ന ഒരവസ്ഥയിലേക്കു പൗലൊസ് എങ്ങനെ എത്തിച്ചേർന്നു? "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനിയും ഞാനല്ല ജീവിക്കുന്നത്. എന്നിലെ ഞാൻ പുറത്താക്കപ്പെട്ടിരി

ക്കുന്നു-ഇപ്പോൾ 'ഞാൻ' കുരിശിലാണ്. 'ഞാൻ' മരിച്ചുപോയിരിക്കുന്നു. ആയതിനാൽ ഇനി 'ഞാനല്ല' എന്നെനിക്കു ധൈര്യമായിപ്പറയാം." ഇതു പൗലൊസിന്റെ സാക്ഷ്യമാണ്. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു കേട്ടും പറഞ്ഞും തഴമ്പിച്ച നമ്മിൽ എന്തുകൊണ്ടാണ് ആ തത്വസംഹിത പ്രാവൃത്തികമാകാത്തത്? സഹോദരാ, നിന്റെ ജീവിതയാത്രയിൽനേരായ വഴിയിൽ നടക്കുവാൻ ഈ സന്ദേശം നിന്നെ സഹായിച്ചിട്ടുണ്ടോ? നിന്നെ സ്വാധീനിക്കുവാൻ ഈ കാര്യത്തിനു കഴിഞ്ഞിട്ടുണ്ടോ? പൗലൊസിന്റെ ശക്തി നിനക്കുണ്ടോ? സത്യസന്ധമായി നീ നിന്നെത്തന്നെ പരിശോധിച്ചുനോക്കുക. എന്തൊക്കെയോ മാറ്റങ്ങൾ നമ്മിൽ വന്നിട്ടുണ്ടെന്നു പറയുമ്പോഴും എടുത്തു പറയത്തക്കതായി ഒന്നും ഇല്ലാത്ത അവസ്ഥയിലല്ലേ നാം. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു" എന്നു പൗലൊസിനെപ്പോലെ പറയുവാനോ "ഇനി ഞാനല്ല ജീവിക്കുന്നത്" എന്ന ഉറപ്പോടെ ക്രിസ്തുവിനെ അനുഗമിക്കുവാനോ നമുക്കു കഴിയുന്നില്ല. നമ്മിൽ കാര്യമായ ചലനങ്ങൾ ഒന്നും സൃഷ്ടിക്കുവാൻ ഈ സന്ദേശത്തിനു കഴിഞ്ഞിട്ടില്ലെന്നതാണ് വാസ്തവം. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു പറയുന്നതിനു മുമ്പായി നാം എന്തു ചെയ്യണമെന്നും ആ അനുഭവം എത്രമാത്രം നമ്മിൽ വ്യാപരിക്കേണ്ടിയിരിക്കുന്നു എന്നും നാം ചിന്തിക്കണം

കർത്താവു ക്രൂശിൽ മരിച്ചപ്പോൾ നമ്മളാരും അവനെ മരണത്തിനേൽപിക്കുകയോ അവന്റെ കൂടെ മരിക്കുകയോ ചെയ്തിട്ടില്ല. ക്രിസ്തു ഒറ്റയ്ക്കാണ് ആ മരണം വരിച്ചത്. എന്നാൽ ദൈവം തന്റെ രക്ഷണ്യപ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നമ്മെക്കൂടെ ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ ഉൾപ്പെടുത്തി. ബുദ്ധിമണ്ഡലത്തിൽ ഈ കാര്യങ്ങളൊക്കെ അറിയാവുന്ന നാം ഇതു പ്രായോഗികതലത്തിലേക്കു കൊണ്ടുവരുവാൻ യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. എങ്ങനെയാണ് ക്രൂശിക്കപ്പെടേണ്ടതെന്നു നമുക്കറിയില്ല! നമ്മുടെ ഉത്തരവാദിത്വത്തെപ്പറ്റി നാം ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

### നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ വിലയിരുത്തൽ സ്വീകരിക്കുക.

പിതാവായ ദൈവം എന്തുകൊണ്ടാണ് ക്രിസ്തുവിനെ ക്രൂശുമരണത്തിന് ഏൽപിച്ചുകൊടുത്തത്? യേശുകർത്താവിനോടുകൂടെ നാമും ക്രൂശിക്കപ്പെടേണമെന്ന് എന്തുകൊണ്ടാണ് അവിടുന്ന് ആഗ്രഹിച്ചത്? ഇതു നാമെല്ലാവരെയും ഒരുപോലെ ബാധിക്കുന്ന വിഷയമാകയാൽ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടിയിരിക്കുന്നു. ഒരു കഥയിൽ കൂടെ ഈ കാര്യം വിശദമാക്കാം. രണ്ടു കള്ളന്മാരെ വിസ്താരത്തിനായി കോടതിയിൽ കൊണ്ടുവന്നു. രണ്ടുപേരും കുറ്റം ചെയ്തതായി ന്യായാധിപനു തെളിഞ്ഞു. ഗുരുതരമായ കുറ്റം ചെയ്തവനെ തൂക്കിക്കൊല്ലുവാനും മറ്റെയാളെ 10 വർഷത്തേക്കു തടവിലിടുവാനും വിധിവന്നു. ഇപ്രകാരം ഒരു വിധി പ്രസ്തവിക്കുവാൻ ന്യായാധിപനെ പ്രേരിപ്പിച്ച കാര്യം എന്തായിരിക്കും? തടവുശിക്ഷയ്ക്കു വിധിച്ചയാളെപ്പറ്റി ന്യായാധിപനും രാജ്യത്തിനും പ്രതീക്ഷയുണ്ട്. പത്തു വർഷത്തിനുശേഷം ജയിൽമോചിതനാകുമ്പോൾ ഒരു നല്ല പൗരനാകുവാനുള്ള സാധ്യത ഈ മനുഷ്യനുണ്ട്. എന്നാൽ ഗൗരവമായ കുറ്റം ചെയ്ത മറ്റേ കള്ളനെപ്പോലെയുള്ളവർ സമൂഹത്തിനും രാജ്യത്തിനും ഭാരമാണ്. ഒരവസരം കടി അവനു കൊടുത്തിട്ട് യാതൊരു പ്രയോജനവുമില്ല. പ്രിയപ്പെട്ടവരേ നാം ഏതു കള്ളന്റെ സ്ഥാനത്താണെന്നു പ്രത്യേകിച്ച് പറയേണ്ടതി





ല്ലല്ലോ! ദൈവത്തിനു നമ്മെപ്പറ്റിയുള്ള സകല പ്രതീക്ഷകളും അസ്തമിച്ചു. നന്നാകാത്തവരെന്നു മാത്രമല്ല, അതിനു വിദൂരസാധ്യതപോലും ഇല്ലാത്തവരെന്നുള്ള ഗണത്തിലാണ് ദൈവം നമ്മെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു കേവലം ഒരു ഉപചാരവാക്കല്ല. ഈ അപ്രിയസത്യം നാം ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു. മരണമല്ലാതെ വേറൊന്നിനും യോഗ്യതയില്ലാത്തവിധം നമ്മുടെ ജഡം മലിനപ്പെട്ടിരിക്കയാണ്. യേശുവിന്റെ ക്രൂശുമരണത്തിനോ ദൈവത്തിന്റെ ശക്തിക്കോ, പരിശുദ്ധാത്മാവിനോ തിരുവചനധ്യാനത്തിനോ പ്രാർത്ഥനയ്ക്കോ ഒന്നിനും ജഡത്തെ രൂപാന്തരപ്പെടുത്തുവാൻ സാധിക്കുകയില്ല. ജഡത്തിൽ നിന്നു ജനിച്ചതെല്ലാം ജഡപ്രകാരമുള്ളതത്രേ. ജഡത്തിന്റെ ന്യായമായ വിധി മരണം തന്നെയാണ് എന്നതു ദൈവനിശ്ചയമാണ്. നമ്മിൽ യാതൊരു പ്രതീക്ഷയും ഇല്ലാത്തതുകൊണ്ടാണ് ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ നമ്മെയും ഉൾക്കൊള്ളിച്ചത്. തൽഫലമായി രക്ഷിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയിൽ നിന്നു ദൈവം ആദ്യം ആവശ്യപ്പെടുന്നത് വിശ്വാസസ്നാനം ആണ്.പല വീക്ഷണകോണുകളിൽ നിന്നു നമുക്കു സ്നാനത്തെ ഏറ്റെടുക്കാം.

ഒരു വ്യക്തിയിലുള്ള എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട ദൈവം അവനെ ക്രൂശുമരണത്തിന് ഏൽപിച്ചു കൊടുക്കുന്നതിന്റെ പരസ്യപ്രഖ്യാപനമാണത്.

നാം മരണയോഗ്യരാണെന്നും നമ്മെ മരിച്ചവരെപ്പോലെ അടക്കം ചെയ്യണമെന്നും നാം തന്നെ ലോകത്തോടു സമ്മതിക്കുന്നതാണത്.

നാം മരിക്കണമെന്നുള്ള ദൈവത്തിന്റെ വിധിയെ ഏറ്റെടുക്കുന്നതാണത്.

നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ മൂല്യനിർണ്ണയത്തിന് ആമേൻ പറയുന്നതാണത്-ഇതെല്ലാം സ്നാനത്തിൽ അടങ്ങിയിരിക്കുന്നു. നാം മരണയോഗ്യരെന്നു ദൈവം വിധിക്കുമ്പോൾ ഒരു പ്രതീക്ഷയും ഇല്ലെന്നു നാം സ്വയം അംഗീകരിക്കുകയും ഒരു പടി കൂടി കടന്നു നമ്മെത്തന്നെ അടക്കം ചെയ്യുവാൻ തക്കവണ്ണം മരണം ഏറ്റെടുക്കുകയും ചെയ്യുന്നതാണ് സ്നാനം.

**''ഇനി ഞാനല്ല, ക്രിസ്തുവത്രേഎന്നിൽ ജീവിക്കുന്നത്." ചുരുക്കിപ്പറഞ്ഞാൽ ഞാനല്ല; ക്രിസ്തുവത്രേ. എന്താണിതിന്റെ അർത്ഥം? –"വിജയം". 'ഞാനല്ല' എന്നതും 'ക്രിസ്തുവത്രേ'എന്നതും ഒരുപോലെ പ്രാധാന്യം അർഹിക്കുന്നു. എത്രനാൾ 'ഞാനല്ല' എന്നായിരിക്കുകയും എത്രനാൾ 'ക്രിസ്തുവത്രേ' എന്നായിരിക്കുകയും ചെയ്യുന്നുവോ അത്രനാൾ വിജയം സുനിശ്ചിതമാണ്. പ്രശ്നപരിഹാരത്തിനും വിജയത്തിനും ഇതാ ഒരു സമവാക്യം: –ഞാനല്ല+ക്രിസ്തുവത്രേ=വിജയം.**

സ്നാനസമയത്തുണ്ടായിരുന്ന ആവേശമൊക്കെ പിന്നീട് പലരിലും തണുത്തുപോകുന്നതായി കാണുന്നുണ്ട്. പ്രിയപ്പെട്ടവരേ, മറക്കരുതേ! ക്രൂശാണ് ദൈവമുമ്പാകെ നമ്മുടെ നിലവാരത്തോത്.

നാം ഈ സത്യങ്ങൾ അംഗീകരിക്കുന്നുണ്ടോ? ക്രിസ്തുവിനോടുകൂടെ മരിച്ചു എന്ന് നാളുകളായി പറയുമ്പോഴും എത്രവലിയ പ്രതീക്ഷയാണ് നമ്മിൽത്തന്നെ നമുക്കുള്ളത്. കഴിവില്ലാത്തവനെന്ന് അറിയാമായിരിക്കെത്തന്നെ ഒരുനാൾ ഞാനും കേമനാകുമെന്നുള്ള പ്രതീക്ഷ!! വീഴ്ചകളും പരാ

(ശേഷം പേജ് 35ൽ)

തിരുവെഴുത്തുകളെ പരിശോധിക്കുക

# വിശുദ്ധിയുടെ മാർഗ്ഗം

ഏലിയാസ് ആസലാക്സൻ



*ജഡത്തിന്റെ പ്രവൃത്തികളായ മറ്റനേകം കാര്യങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും. അനാശ്യാസമായ ജിജ്ഞാസ (മറ്റുള്ളവരുടെ കാര്യങ്ങൾ അറിയാനുള്ള ആഗ്രഹം) - ഇതിൽ ഏറ്റവും അപകടകാരിയായ ഒന്നാണ്.*

ജീവന്റെ മാർഗ്ഗം എന്നത് വിശുദ്ധിയുടെ മാർഗ്ഗമാണ്. എന്തെന്നാൽ - " അവനിൽ (ക്രിസ്തുവിൽ) ഈ പ്രത്യാശയുള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു." 1 യോഹ. 3 : 2 - "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും." മത്തായി 5 : 8.

വിശുദ്ധീകരണം രണ്ടുവിധത്തിലുണ്ട്. ഒന്ന് കഴുകൽ മൂലം പ്രാപിക്കുന്ന ബാഹ്യമായ ശുദ്ധീകരണം. രണ്ട് തീകൊണ്ടുള്ള ആന്തരികമായ ശുദ്ധീകരണം. "അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയുമായിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവിപുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും." മലാഖി 3: 2, 3. "പലരും തങ്ങളെ 1) ശുദ്ധീകരിച്ച് നിർമ്മലീകരിച്ച് (purified, made white) 2) ശോധന കഴിക്കും. (തീയിൽ സ്വർണ്ണം പോലെ ശുദ്ധീകരിക്കും- refined by fire) ദുഷ്ടന്മാരോ ദുഷ്ടത പ്രവർത്തിക്കും.





ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറിയുകയില്ല. ബുദ്ധിമാന്മാരോ ഗ്രഹിക്കും." (ദാനിയേൽ 12:10)

നമ്മുടെ ശരീരത്തിനു പ്രകൃത്യാ ലഭിക്കുന്ന ശുദ്ധീകരണത്തിനു തുല്യമാണിത്. ശരീരം പുറമേ വെള്ളത്താൽ കഴുകപ്പെടുന്നു. അകമേ രക്തചംക്രമണത്താൽ ശുദ്ധിപ്രാപിക്കുകയും ചെയ്യുന്നു. യേശുവിന്റെ വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും പുറപ്പെട്ടുവെന്ന് യോഹന്നാൻ പ്രസ്താവിച്ചിട്ടുള്ളതും ദ്വിമുഖമായ ഒരു ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു. വെള്ളത്താലുള്ള ബാഹ്യശുദ്ധീകരണം പാപക്ഷമയെ കുറിക്കുന്നു. "ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരായി " - എബ്രാ 10:22. കാരണം, മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. (1 കോരി 6:18) അതു ശരീരത്തിൽ നിന്ന് വിയർപ്പുപോലെ പുറത്തേക്കു വരുന്നു; ശരീരത്തെ പുറമേ അശുദ്ധമാക്കുകയും ചെയ്യുന്നു.

നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുമ്പോൾ നാം ശുദ്ധീകരണം അഥവാ കഴുകൽ പ്രാപിക്കുന്നു. എന്നാൽ ഇതിനെത്തുടർന്ന് തീയാലുള്ള ശുദ്ധീകരണം നാം പ്രാപിക്കുന്നില്ലെങ്കിൽ അകമേയുള്ള അതേ പാപം മുഖാന്തരം പിന്നെയും നാം അതേ വിധത്തിൽത്തന്നെ അശുദ്ധിബാധിച്ചവരായിത്തീരും. പാപപ്രവൃത്തി, അഥവാ പാപം ചെയ്യുക എന്ന പരിപാടി ഇപ്രകാരമാണ് തുടരെ സംഭവിക്കുന്നത്. ഒരുവൻ അതിൽ തുടരുന്ന കാലത്തോളം കൂടെക്കൂടെ അതേവിധത്തിൽത്തന്നെ കഴുകൽ പ്രാപിക്കേണ്ടത് അയാൾക്ക് ആവശ്യമായിത്തീരും. എന്നാൽ ഇതല്ല ദൈവം ആഗ്രഹിക്കുന്നത്. ജഡത്തിന്റെ പ്രവൃത്തികൾ, പിശാചിന്റെ പ്രവൃത്തികൾ, ഇല്ലാതാകുന്ന ഒരു സ്ഥിതി വന്നുചേരണം. പാപം വിട്ടൊഴിഞ്ഞവനായി, പരീക്ഷയിൽ വീണുപോകാതെ ജയം പ്രാപിക്കുന്നവനായി ഒരുവൻ തീരണം. ദൈവവചനത്തിൽ ചുരുക്കമായിട്ടെന്നു ചിലപ്പോൾ തോന്നിയേക്കാമെങ്കിലും യഥാർത്ഥത്തിൽ ധാരാളം സ്ഥലങ്ങളിൽ ഈകാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. താഴെക്കാണുന്ന വാക്യങ്ങൾ സൂക്ഷിച്ചു പരിശോധിക്കുക: -

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്ക് എഴുതുന്നു." 1 യോഹന്നാൻ 2:1.

"അവനിൽ (ക്രിസ്തുവിൽ) പാപം ഇല്ല; അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല;. അറിഞ്ഞിട്ടുമില്ല ..... പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു.പിശാച് ആദിമുതൽ പാപം ചെയ്യുന്നവനല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽനിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്യാൻ കഴികയുമില്ല" 1 യോഹ. 3:6,8,9.

"ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. 1 യോഹ. 5:4.

"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു; ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നുമില്ല." 1 യോഹ. 5:18.

"ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല." (ഗലാ. 5:16)

"ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു." ഗലാ. 2:20.

"ക്രിസ്തുവിൻ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുന്ന ദൈവത്തിനു സ്തോത്രം." 2 കോരി 2:14.

"ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത് ..... നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന് നമ്മുടെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു. ..... ആകയാൽ പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. (റോമർ 6:1,6,7,12).

ദൈവികോദ്ദേശ്യം ഇതാണ് : നാം പാപക്ഷമയെന്ന കഴുകൽ പ്രാപിച്ച ശേഷം നമ്മിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ പാപങ്ങളുടെയും ഉത്ഭവസ്ഥാനമായ പഴയ മനുഷ്യനെ നാം ഉരിഞ്ഞുകളയണം. പഴയ മനുഷ്യന്റെ പ്രവൃത്തികളെ, ജഡത്തിന്റെ പ്രവൃത്തികളെ, എല്ലാ പാപകർമ്മളെയുംതന്നെ, നാം വിട്ടൊഴിയണം.(റോമർ 6:6: എഫേസ്യർ 4:21,22;കൊലോ 3:9; ഗലാ5:19-21 എന്നീ വാക്യങ്ങൾ നോക്കുക) ഗലാത്യർ 5:19-21 വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള ജഡത്തിന്റെ പ്രവൃത്തികൾ ഏതാനും ദൃഷ്ടാന്തങ്ങൾ മാത്രമാണ്. അതിനാലാണ് മുതലായവ എന്ന പദം അവിടെ പ്രയോഗിച്ചിട്ടുള്ളത്.

ജഡത്തിന്റെ പ്രവൃത്തികളായ മറ്റനേകം കാര്യങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും. പിറുപിറുപ്പ്, പരാതിപറച്ചിൽ, അന്യരെ അപമാനിക്കൽ, അനാശ്യാസമായ ജിജ്ഞാസ (മറ്റുള്ളവരുടെ കാര്യങ്ങൾ അറിയാനുള്ള ആഗ്രഹം), ദുരഭിമാനം, മൂടിപ്പൊതിഞ്ഞ് ഭംഗിവരുത്തിക്കാണിക്കാനുള്ള വ്യഗ്രത, വ്യാജവാക്ക്, കാപട്യം, മുഖസ്തുതി, പക്ഷപാതം, നിഗളം, ആഡംബരപ്രിയം, അലസത, പരദൂഷണം, ആകുലതചിന്ത, ദ്രവ്യസ്നേഹം, മാനുഷഭയം, അഹങ്കാരം, അത്യാഗ്രഹം, ഭീരുത്വം, വ്യർത്ഥഭാഷണം, വാക്കുപാലിക്കായ്ക, എടുത്തുചാട്ടം, അധീശത്വമോഹം, വലിപ്പം ഭാവിക്കൽ, സ്വയസ്നേഹം, കരുണയില്ലായ്മ, അക്ഷമ, സ്വൈരം കെടുത്തൽ, മുൻകോപം, ഉന്നതഭാവം, അവിശ്വാസ്യത, ദുശ്ശാഠ്യം, അന്യരുടെ സമയം, വസ്തുവകകൾ, ബഹുമാനം എന്നിവയുടെ അപഹരണം എന്നിങ്ങനെ ഈ പട്ടിക നീണ്ടുനീണ്ടു പോകുന്നു.

പഴയമനുഷ്യന്റെയോ ജഡത്തിന്റെയോ പ്രവൃത്തികളായി എനിക്കു ബോധ്യമുള്ള ഇത്തരം പാപങ്ങളിൽനിന്ന് ഞാൻ ബോധപൂർവ്വം വിട്ടുമാറണം. അതോടൊപ്പം തന്നെ ദൈവത്തിന്റെ അഗ്നി എന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അറിയപ്പെടാത്ത പാപങ്ങളെ ദഹിപ്പിച്ചുകളയുകയും വേണം. ഇതാണ് ദൈവഹിതം. സത്യത്തിന്റെ വചനത്താലും വിശ്വാസത്തിന്റെ ആത്മാവിനാലും ലഭിക്കുന്ന ദൈവികവെളിച്ചം വിചാരം, വാക്ക്, പ്രവൃത്തി എന്നിവയുടെ അന്തർമണ്ഡലങ്ങളിലേക്കു ചുഴിഞ്ഞിറങ്ങി, മറഞ്ഞിരിക്കുന്ന ഈ ആന്തരിക പാപത്തെ കുറേശ്ശെ കുറേശ്ശെയായി ദഹിപ്പിച്ചു ചാരമാക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനാകയാൽ (1 തിമൊ 6:16) നമുക്ക് വീണ്ടും വീണ്ടും കൂടുതൽ കൂടുതൽ അശുദ്ധികളെ കണ്ടെത്തുവാനും അവയെ നീക്കം ചെയ്യുവാനും കഴിയും. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി കണ്ണഞ്ചിക്കുന്ന





ഈ വെളിച്ചത്തിലേക്കു അധികമധികം കടന്നുചെല്ലുവാനും ശുദ്ധീകരണം പ്രാപിക്കുവാനും നമുക്കു കഴിയും.(എഫേ 3:1 8-20).

ശുദ്ധീകരണത്തിന്റെ ഈ മാർഗ്ഗത്തിലൂടെ വെളിച്ചത്തിൽ നാം മുന്നേറുന്നതിനിടയിൽ 1 യോഹന്നാൻ ഒന്നാമദ്ധ്യായത്തിലെ ഏഴാം വാക്യം ആത്മാവിലും സത്യത്തിലും നമ്മിൽ നിറവേറും. പാപക്ഷമയെപ്പറ്റി പ്രസ്താവിക്കുന്ന ഒരു വാക്യമായിട്ടാണ് ഇതിനെ പലരും കരുതിയിട്ടുള്ളത്. അതു ശരിയല്ല. പാപക്ഷമയെപ്പറ്റി പറയുന്ന ഇതരവാക്യങ്ങൾ തിരുവചനത്തിൽ ധാരാളമായിക്കാണുന്നവയുടെ സ്ഥാനത്തേക്ക് ഈ വാക്യത്തെ വലിച്ചു താഴ്ത്തുന്നത് ഉചിതമല്ല. "അവൻ വെളിച്ചത്തിലായിരിക്കുന്നത് പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ടായിരിക്കുകയും അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും." (ഈ വാക്യത്തെ രണ്ടായിപ്പിരിച്ച് മലയാളം ബൈബിളിൽ വിവർത്തനം ചെയ്തിട്ടുള്ളതു ശരിയല്ല: അതു വലിയ തെറ്റിദ്ധാരണയ്ക്കിടയാക്കിയിട്ടുണ്ട്.) ദൈവം വെളിച്ചത്തിലായിരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുമ്പോൾ നമുക്കു പാപം ചെയ്യുവാൻ സാധ്യമല്ലല്ലോ. അതിനാൽ പാപക്ഷമയെപ്പറ്റിയല്ല. രക്തത്താലുള്ള ആന്തരികശുദ്ധീകരണത്തെപ്പറ്റിയാണ് ഈ വാക്യം പറയുന്നത്.

ഇതിന്റെ അടുത്ത വാക്യത്തിൽ പറയുന്ന കാര്യവും ഈ വസ്തുതയ്ക്ക് തെളിവാണ്. "നമുക്കു പാപമില്ല എന്നു നാം പറയുന്നവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു: സത്യം നമ്മിൽ ഇല്ലാതെയായി.'' ബോധപൂർവ്വം പാപം ചെയ്യാതെ ഒരു വിജയജീവിതം നാം നയിക്കുമ്പോൾ ആന്തരികമായ അശു

**ബോധപൂർവ്വം പാപം ചെയ്യാതെ ഒരു വിജയജീവിതം നാം നയിക്കുമ്പോൾ ആന്തരികമായ അശുദ്ധിയും അബോധമണ്ഡലത്തിലെ പാപവും നമ്മിലില്ല എന്നു ചിന്തിക്കുവാൻ നാം പ്രേരിതരാകും. എന്നാൽ നാം ദൈവസാന്നിദ്ധ്യത്തിലും വെളിച്ചത്തിലും ജീവിക്കുമ്പോൾ അവിടുത്തെ വെളിച്ചം നമുക്ക് നമ്മുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന അബോധപൂർവ്വമായ പാപത്തെ, അതായത് ശരീരത്തിന്റെ പ്രവൃത്തികളെ വെളിപ്പെടുത്തുകയും അപ്പോൾ രക്തത്താൽ നാം ശുദ്ധീകരണം പ്രാപിക്കയും ചെയ്യും.**

[illegible] പാപവും (unconscious sin) നമ്മിലില്ല എന്നു ചിന്തിക്കുവാൻ നാം പ്രേരിതരാകും. ഒട്ടനേകംപേർ ഈവിധത്തിൽ തെറ്റിപ്പോകുവാനിടയായിട്ടുണ്ട്. എന്നാൽ നാം പൂർണ്ണഹൃദയത്തോടെ ദൈവത്തിനായി ദൈവസാന്നിദ്ധ്യത്തിലും വെളിച്ചത്തിലും ജീവിക്കുമ്പോൾ ശക്തവും ക്രമപ്രവൃദ്ധവുമായ അവിടുത്തെ വെളിച്ചം നമുക്ക് നമ്മുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന അബോധപൂർവ്വമായ പാപത്തെ, അതായത് ശരീരത്തിന്റെ പ്രവൃത്തികളെ (റോമർ 8:13) വെളിപ്പെടുത്തുകയും അപ്പോൾ രക്തത്താൽ നാം ശുദ്ധീകരണം പ്രാപിക്കയും ചെയ്യും. ആ പാപത്തിനും മരിച്ചവരെന്ന് നമ്മെത്തന്നെ എണ്ണുവാൻ ദൈവം നമ്മെ പ്രാപ്തരാക്കും. ഇതാണ് വിശുദ്ധീകരണത്തിന്റെ മാർഗ്ഗം.

പൗലോസ് തിമൊഥെയോസിന്റെ പേർക്ക് ഇപ്രകാരം എഴുതി.:- "നിർമ്മലതയിൽ വിശ്വാസികൾക്കു മാതൃകയായിരിക്കുക. (1 തിമോഥി 4:12) ഇതു

സാധ്യമാണ്. തിമൊഥെയോസ് ഒരു യുവാവായിരുന്ന സ്ഥിതിയിൽത്തന്നെ അദ്ദേഹത്തിന് ഇതു സാധ്യമായിരുന്നു. അതിനാൽ താരതമ്യേന ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഇപ്രകാരമൊരു സ്ഥിതിയിലേക്കു വന്നുചേരുവാൻ ഒരുവനു കഴിയും. ഹാ! വിശ്വസിക്കുന്നവർക്കുവേണ്ടി, പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്നവർക്കുവേണ്ടി, വ്യാപരിക്കുന്ന അവിടുത്തെ കൃപയും ശക്തിയും എത്ര മഹത്വമാർന്നത്! നിർമ്മലതയിൽ (വിശുദ്ധിയിൽ) ഒരു ദൃഷ്ടാന്തമായിത്തീരുക - ആ അവസ്ഥ ഒന്നു സങ്കല്പിച്ചു നോക്കുക.

കോരിന്തിലുള്ള മുഴുവൻ സഭയ്ക്കും പൗലോസ് ഇപ്രകാരം എഴുതി:- “ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പ്പിക്കാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു! (2 കോരി 11:2) മറ്റു ചില ലേഖനഭാഗങ്ങൾ: “നിങ്ങൾ ക്രിസ്തുവിന്റെ നാളിലേയ്ക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരുമായി (pure and blameless)ത്തീരേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.” ഫിലി 1:10. “ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധം തന്നെ.” തീത്തോസ് 1:15.

ഏതെങ്കിലുമൊരു സമയത്ത് ഇതിൽ നമുക്കു പ്രാപിക്കുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ നിലവാരം “മനസ്സാക്ഷിയിലുള്ള നിർമ്മലത”യാണ്. അതായത് ഒരു പ്രത്യേക സമയത്ത് നമുക്കു ലഭിച്ചിട്ടുള്ള വെളിച്ചത്തിന്റെ തോതിന് അനുസൃതമായ വിശുദ്ധി തന്നെ. തനിക്കു ലഭിച്ചിട്ടില്ലാത്ത ഒരു വെളിച്ചത്തെ പിൻതുടരുവാൻ ഒരുവനു സാധ്യമല്ല. എങ്കിലും നമുക്കുള്ള വെളിച്ചത്തിന്റെ പരിധി നിരന്തരം വർദ്ധിച്ചു കൊണ്ടിരിക്കുവാൻ, സാധ്യമാണ്. അതനുസരിച്ച് വിശുദ്ധിയിലും നാം വളർന്നുകൊണ്ടിരിക്കും. മനസ്സാക്ഷിയിൽ പൂർണ്ണതപ്രാപിക്കുക എന്നതാണ് പാപത്തെ അതിജീവിക്കുന്ന വിജയജീവിതം (over comer’s life) എബ്രാ. 9:9.

എങ്ങനെ നമുക്ക് വിശുദ്ധി പ്രാപിക്കുവാൻ കഴിയും? ദൈവം വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചു. (അപ്പോ. പ്ര. 15:9) ക്രിസ്തു ചെയ്ത സമ്പൂർണ്ണപ്രവൃത്തിയിലുള്ള വിശ്വാസത്താലും ദൈവവചനത്തിലുള്ള വിശ്വാസത്താലും കഴിഞ്ഞകാലത്ത് നാം ചെയ്തുപോയ പാപങ്ങളിൽനിന്നു നാം ശുദ്ധീകരണം പ്രാപിക്കുന്നു. വിശ്വാസത്താൽ നമ്മുടെ ആന്തരികവ്യക്തിത്വത്തിൽ (പഴയ മനുഷ്യനിൽ) ഉള്ള പാപം അഥവാ അശുദ്ധി നാം നീക്കിക്കളയുന്നു: വിശ്വാസത്താൽ ദൈവത്തിന്റെ വെളിച്ചം മുഖാന്തരം നമ്മുടെ ഉള്ളിൽ അബോധമണ്ഡലത്തിലുള്ള പാപത്തെക്കുറിച്ച് നാം ബോധവാന്മാരാകയും അതിനെ ഉരിഞ്ഞുകളകയും ചെയ്യുന്നു.

നമുക്കു ബോധമുള്ള പാപങ്ങളിൽ നിന്നല്ലാതെ മറ്റെന്തിലെങ്കിലും നിന്ന് വിശുദ്ധീകരണം പ്രാപിച്ചിട്ടുള്ളതായി വിശ്വസിക്കുക നമുക്കു സാധ്യമല്ല. നമുക്കു ബോധ്യം വന്നിട്ടുള്ള എല്ലാ പാപങ്ങളിൽ നിന്നും നാം ശുദ്ധീകരണം പ്രാപിച്ചു കഴിഞ്ഞാൽ അപ്പോൾ വചനപ്രകാരം ഒരു വിശുദ്ധഹൃദയമുള്ളവരായി നാം തീരുന്നു. ശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും സമാധാനം ആചരിക്കുവാൻനാം ബാധ്യസ്ഥരാണ്. (2 തിമൊ 2:22) അതിനാൽ ശുദ്ധഹൃദയമുള്ളവരായി ചിലരുണ്ട്. നമ്മുടെ കാഴ്ച്ചപ്പാടിലെത്തുന്ന സകല അശുദ്ധികളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ നമുക്കു കഴിയും. അതിനാൽ ജാഗ്രതയോടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമുള്ള വിശുദ്ധിയെ നമുക്കു പിന്തുടരാം.





ഇത്തിരിവെട്ടം

# ചിന്തയിലെ മൽപ്പിടുത്തം

ഹൃദയക്ഷതം (hurt-feeling), സ്വയസഹതാപം, പാരുഷ്യം, ക്ഷമിക്കാതിരിക്കൽ, നീരസം, മറ്റുള്ളവരെ വിധിക്കുന്ന മനോഭാവം എന്നിങ്ങനെ പല ദുർവികാരങ്ങളോട് ക്രിസ്ത്യാനി മല്ലുപിടിക്കേണ്ടി വരുന്നുണ്ട്. ഇവയ്ക്കു കീഴ്പ്പെടുന്നത് ഒരു ക്രിസ്ത്യാനിക്ക് ഒരിക്കലും ചേർന്നതല്ല എന്ന കാര്യം അയാൾക്കറിയാം താനും. ഈ ദുഷ്ടവികാരങ്ങളിൽ നിന്ന് എങ്ങനെ വിടുതൽ നേടാം.?

നിങ്ങൾക്കു കടന്നുപോകേണ്ടി വന്നിരിക്കുന്ന ദുഃഖകരമായ അനുഭവം ന്യായത്തിനും നീതിക്കും യുക്തിക്കും നിരക്കാത്ത ഒന്നു തന്നെ. എങ്കിലും നിങ്ങളെ ഒരു പാഠം പഠിപ്പിക്കുവാൻ വേണ്ടി ദൈവം അനുവദിച്ചിട്ടുള്ള ഒരു കഷ്ടതയാണത് എന്നോർക്കുക. ഈ കഷ്ടതമൂലം കലുഷവികാരങ്ങൾ നിങ്ങളിൽ ഉയർന്നുവരുന്നുണ്ട്. നിങ്ങളെ തോല്പ്പിക്കുവാൻ സാത്താൻ കൊണ്ടുവന്ന ഈ സാഹചര്യം തന്നെ നിങ്ങളെ കൂടുതൽ ശക്തനായ ഒരു ക്രിസ്ത്യാനിയാക്കുവാൻ ഉപകരിക്കുന്നതത്രേ.

നമ്മുടെ പഴയ സ്വഭാവത്തിന് ഏതെല്ലാം ദുഷ്ടചിന്തകളെയും വികാരങ്ങളെയും പുറപ്പെടുവിക്കുവാൻ കഴിയുമെന്ന് നാം അറിയാത്തതുമൂലം അവയെ വെളിച്ചത്തുകൊണ്ടുവരുവാൻ ദൈവം സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണിത്. പഴച്ചാറുകളിൽ നിന്ന് ജെല്ലിയുണ്ടാക്കുന്നവിധത്തോട് ഇതിനെ ഉപമിക്കാം. പഴച്ചാറ് നല്ല ചൂടുള്ള അടുപ്പത്തുവച്ച് ഒരു തവികൊണ്ടിളക്കുക. അതു തിളയ്ക്കുമ്പോൾ കരടും പൊടിയും അഴുക്കുകളും നിറഞ്ഞ ഒരു പാട അതിന്റെ മുകളിൽ വന്നു കൂടും. ഒരു ചട്ടുകം കൊണ്ട് അതിനെ നമുക്കു നീക്കം ചെയ്യാം. ഇതുപോലെ നമ്മുടെ ഹൃദയത്തിലെ അഴുക്കുകൾ എന്തെല്ലാമെന്നു നമുക്കറിവില്ലാത്തതിനാൽ നമ്മെ ചൂടുപിടിപ്പിച്ച് ഇളക്കുവാനുള്ള ഒരു വ്യക്തിയെ ദൈവം ഏർപ്പാടു ചെയ്യുന്നു. അപ്പോൾ നാം തിളയ്ക്കുകയും ഹൃദയത്തിന്റെ അടിയിൽ അടിഞ്ഞു കിടന്ന ദുഷിപ്പുകളൊക്കെ പൊങ്ങിവരികയും ചെയ്യുന്നു.

ഇങ്ങനെ നിങ്ങളുടെ ഹൃദയം തിളയ്ക്കുമ്പോൾ ഉയർന്നുവരുന്ന ദുഷ്ടതകൾ നിങ്ങൾ കാണുമ്പോൾ അതിനെ പേരെടുത്ത് ഏറ്റുപറകയും ദൈവമുമ്പാകെ അതിനെ സമർപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ ദൈവം തന്റെ വലിയ ചട്ടുകംകൊണ്ട് അതിനെ നീക്കം ചെയ്യും. നിങ്ങൾ കൂടുതൽ നല്ല ഒരു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്യുന്നു.

നിങ്ങളെ പീഡിപ്പിക്കുന്ന വ്യക്തിയെ എതിർക്കരുത്. ദുഷ്ടനോട് എതിർക്കരുത്. (മത്താ. 5:39) മറിച്ച് ഈ പീഡനത്തിന് പ്രേരണ നൽകിയ പിശാചിനോട് എതിർത്തു നില്ക്കുക. (യാക്കോബ് 4:7). നിങ്ങളെ മുറിപ്പെടുത്തുവാൻ ചില വ്യക്തികളെ ഉപയോഗിക്കുന്നത് സാത്താനാണ്. അങ്ങനെ നിങ്ങളുടെ ദൃഷ്ടി അവരുടെമേലും നിങ്ങളുടെ ഹൃദയത്തിന്മേലും പതിയുവാനിടയാകുന്നു. നിങ്ങളുടെ ദൃഷ്ടിയെ ദൈവത്തിൽ നിന്നകറ്റി നിങ്ങൾക്കു ലഭിക്കേണ്ട

വിജയം അപഹരിക്കുവാനാണ് സാത്താൻ ഇപ്രകാരം ചെയ്യുന്നത്.

തെറ്റായ മനോഭാവമുള്ള ചില ക്രിസ്ത്യാനികളെത്തന്നെ സാത്താൻ ഇതിലേക്കു ഉപയോഗിച്ചെന്നു വരാം. മറ്റൊരു വിശ്വാസിയാണ് നിങ്ങൾക്ക് ഏറ്റവും ദുഃഖകാരിയായിത്തീരുന്നത് എന്നതും പലപ്പോഴും സത്യമാണ്.

ഈ സാഹചര്യം മൂലം നിങ്ങൾക്കുണ്ടായ ദുഷ്ടവികാരത്തെ കണ്ടുപിടിക്കുക. അതിന് ദൈവം എന്തു പേരാണോ നൽകിയിട്ടുള്ളത്. ആ പേരിൽത്തന്നെ അതിനെ വിളിക്കുക സത്യത്തിൽ നിന്ന് വഴിമാറരുത്. എല്ലാറ്റിനുവേണ്ടിയും ദൈവത്തെ സ്തുതിക്കുക (1 തെസ്സ 5:18) നിങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന കലുഷവികാരങ്ങളെ പുറത്തുകൊണ്ടുവന്ന വ്യക്തിക്കായും ആ സാഹചര്യത്തിനായും ദൈവത്തെ സ്തുതിക്കുക എന്തെന്നാൽ ദൈവം എല്ലാം നമ്മുടെ നന്മയ്ക്കായി കൂട്ടി വ്യാപരിപ്പിക്കുന്നു. (റോമർ 8:28) ഈ ദുഃഖത്തിൽകൂടി ദൈവത്തിനു നൽകാൻ കഴിയുന്ന നന്മയ്ക്കായി അവിടുത്തെ സ്തുതിക്കുക. നിങ്ങളെ ഇളക്കിയ തവിക്കായും സ്തോത്രം ചെയ്യുക ഇതാണ് വിജയത്തിലേക്കുള്ള വഴി.

**ശത്രുവിനെ സ്നേഹിക്കുക.**

നിങ്ങളുടെ ശത്രുവിനോടു ക്ഷമിക്കയും അയാളെ സ്നേഹിക്കയും ചെയ്ക. (മത്തായി 5:44) നിങ്ങൾക്കു ദുഃഖം വരുത്തിയ വ്യക്തിക്കായി പ്രാർത്ഥിക്കുക. നിങ്ങളുടെ ഹൃദയത്തിൽ അയാളോടു സ്നേഹം ഉണ്ടാകുന്നതുവരെ പ്രാർത്ഥന തുടർന്നുകൊണ്ടിരിക്കുക. പിന്നീട് വേണമെങ്കിൽ അയാളെ മറന്നു കളയാം. താൻ ചെയ്ത കാര്യത്തിന് അയാൾ ദൈവമുമ്പാകെ ഉത്തരം നൽകേണ്ടിവരും. നിങ്ങളും ഉത്തരം പറഞ്ഞേ മതിയാവൂ. അതിനാൽ മാനസാന്തരപ്പെടുക. നിങ്ങളിൽത്തന്നെയുള്ള തിന്മയെപ്പറ്റി പശ്ചാത്തപിക്കുക. ഹൃദയം തകർന്ന് ദൈവമുമ്പാകെ നിലവിളിക്കുക. ഈ ജഡികചിന്തയ്ക്കിടം നൽകിയതിന് ഉത്തരവാദി നിങ്ങൾതന്നെ. നിങ്ങളുടെ ദുഷ്ടവികാരത്തെ പേരിട്ടു വിളിക്കുക. വിദ്വേഷം, വെറുപ്പ്, ക്ഷമയില്ലായ്മ, സ്വയസഹതാപം നീരസം, പാരുഷ്യം, ക്രോധം ഇവയെല്ലാം ക്രൂശിൽത്തറയ്ക്കുന്നതിന് കർത്താവിന്റെ കയ്യിലേക്ക് ഏല്പ്പിച്ചുകൊടുക്കുക. നിങ്ങളുടെ ഹൃദയത്തിൽനിന്ന് അതിനെ വലിച്ചിളക്കി മാറ്റുക. അക്ഷരികമായിത്തന്നെ അതിനെ സമർപ്പിക്കുന്നതിന്റെ ചിഹ്നമായി നിങ്ങളുടെ കൈ ഒരുവശത്തേക്കു നീട്ടി ഉയർത്തുക. നിങ്ങൾ അതു ദൈവത്തിനു കീഴ്പ്പെടുത്തിക്കൊടുക്കുന്നതുവരെ അതു നീക്കം ചെയ്യുവാൻ ദൈവത്തിനു സാധ്യമല്ല: നിങ്ങൾക്ക് ഇപ്രകാരം ദൈവത്തിനോട് പറയാം: – “ഇതാ കർത്താവേ, അവിടുത്തെ ആത്മാവിന് നിരക്കാത്ത അശുദ്ധമായ ഈ ദുഷ്ടവികാരത്തെ ഞാൻ അങ്ങയുടെ കയ്യിലേല്പ്പിക്കുന്നു. എന്റെ ഹൃദയത്തിൽ നിന്ന് അതിനെ പുറം തള്ളുന്നു. ഇപ്രകാരമുള്ള എല്ലാ അശുദ്ധികളിൽ നിന്നും എന്നെ കഴുകി വെടിപ്പാക്കേണമേ. അവയുടെ സ്ഥാനത്ത് അവിടുത്തെ പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹവും കരുണയും ക്ഷമയും സൗമ്യതയും കൊണ്ട് എന്റെ ഹൃദയത്തെ നിറയ്ക്കേണമേ. അവിടുന്ന് അപ്രകാരം ചെയ്യുന്നതിനായി സ്തോത്രം. സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനായി എന്നെ രൂപപ്പെടുത്തുന്നതിനായി സ്തോത്രം.

(സമാഹൃതം) O







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം–20

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. ക്ലിന്റൻ അവന്യൂവിൽ ഒരു പുതിയ സെന്റർ ആരംഭിച്ചു. അവിടേക്ക് ഇരുപത് സന്നദ്ധഭടന്മാർ സേവനത്തിനെത്തി.കൗമാരക്കാരുടെ ഇടയിൽ ഫലകരമായ ഒരു ശുശ്രൂഷയുടെ തുടക്കമായിരുന്നു അത്...... തുടർന്നു വായിക്കുക*

ലഹരി മരുന്നുകൾക്ക് മനുഷ്യശരീരത്തിന്മേലുള്ള വലിയ സ്വാധീനം ഭൗതികമായ തലത്തിൽ മാത്രം വ്യാഖ്യാനിക്കാൻ കഴിയുന്ന ഒന്നല്ല. ഈ കുട്ടികൾ പിശാചിന്റെ പിടിയിൽ പെട്ടവരാണെന്ന് എന്റെ മുത്തശ്ശൻ പറയുമായിരുന്നു. മുത്തശ്ശൻ പറയുന്നത് ശരിയാണെന്ന് എനിക്കും തോന്നാറുണ്ടായിരുന്നു. കുട്ടികൾ തന്നെ അതു പറയും. എന്നാൽ അവർ പറയുന്നതു മറ്റൊരു വിധത്തിലാണെന്നു മാത്രം.

“ഡേവി, നമ്മൾ ഈ ലഹരിമരുന്നിന്റെ അടിമയാണെങ്കിൽ സ്വാതന്ത്ര്യത്തിനായി രണ്ടു സ്വഭാവങ്ങളെയാണു നാം ചെറുക്കേണ്ടത്. ഒന്ന് ശാരീരികമായ സ്വഭാവം. രണ്ടു മാനസികമായ

സ്വഭാവം. ശരീരത്തിന്റെ ശീലം സത്യത്തിൽ വലിയ പ്രശ്നം അല്ല. ഒരു മൂന്നു ദിവസം നരകയാതനയിലൂടെ കടന്നു പോകണം. കുറച്ചുകൂടി ലഘുവായ പീഡനങ്ങളിലൂടെ ഒരു മാസവും. ഇതും രണ്ടും അതിജീവിക്കാൻകഴിഞ്ഞാൽ നിങ്ങൾ സ്വതന്ത്രരായി.

എന്നാൽ മനസ്സിന്റെ ശീലം ......... ഡേവി, അതു കുറച്ചു കഠിനമാണ്. നിങ്ങളുടെ ഉള്ളിലുള്ള എന്തോ ഒന്ന് നിങ്ങളെ അതിലേക്കു മടങ്ങിച്ചെല്ലാൻ പ്രേരിപ്പിക്കും. നിങ്ങളുടെ ഉള്ളിലുള്ള 'അവൻ' നിങ്ങളോടു നിരന്തരം മന്ത്രിച്ചു കൊണ്ടിരിക്കും. ഈ ചങ്ങാതിക്കു ഞങ്ങൾ പേരിട്ടിട്ടുണ്ട്. ഒന്നുകിൽ 'ഇവൻ' ഞങ്ങളുടെ തോളിലിരിക്കുന്ന ഒരു കുരങ്ങനാണ്. അല്ലെങ്കിൽ ഞങ്ങളുടെ ഞരമ്പുകളിലെ കഴുകനാണവൻ.

ഞങ്ങൾക്ക് 'അവനെ' ഒഴിപ്പിച്ചു വിടാൻ കഴിയുകയില്ല ഡേവി. എന്നാൽ നിങ്ങൾ ഒരു ഉപദേശിയാണ്. ഒരു പക്ഷേ നിങ്ങൾ പറയുന്ന പരിശുദ്ധാത്മാവിന്, അതേ പരിശുദ്ധാത്മാവിന് ഇക്കാര്യത്തിൽ സഹായിക്കാൻ കഴിഞ്ഞേക്കും" .

ഇതു ബോദ്ധ്യപ്പെടാൻ ഇത്ര താമസിച്ചതെന്താണെന്ന് എനിക്ക് സത്യത്തിൽ മനസ്സിലായില്ല. ഏതു ദിശയിൽ ഞങ്ങൾ നീങ്ങണമെന്ന് മനസ്സിലാകാനും നാളുകളെടുത്തു. എന്നാൽ ഇതു സംബന്ധിച്ച ബോധ്യം ഒരു പരാജയത്തെത്തുടർന്നുണ്ടായത്. ആദ്യം ഒരു തോൽവി. തുടർന്നു അതു വലിയ ഒരു കണ്ടെത്തലിലേക്കു നയിച്ചു.

ജോ എന്ന ആൺകുട്ടിയുടെ കാര്യത്തിലാണ് ഞങ്ങൾ പരാജയപ്പെട്ടു പോയത്. ഹീറോയിനിൽ നിന്നു വിടുതൽ നേടാനായി അവൻ നാലുദിവസത്തോളം അതിവേദനയിലൂടെയും മാനസിക, ശാരീരികപീഡകളിലൂടെയും കടന്നുപോയി. അവനോടൊപ്പം ചെലവഴിച്ച ആ നാലുദുരിതദിനങ്ങൾ ഞാൻ ഒരിക്കലും മറന്നു പോകുകയില്ല.

ജോ ഒരു നല്ല കുട്ടിയായിരുന്നു. പൊക്കമുള്ള , സുമുഖനായ കുട്ടി. സ്കൂളിൽ അത്‌ലറ്റ് ആയിരുന്നു അവൻ. ലഹരിമരുന്നിനോടുള്ള അടിമത്തത്തിലേക്കു സാധാരണവഴിയിലൂടെ അല്ല അവൻ വന്നത്.

"വേദനാസംഹാരികൾ ആവശ്യമാണെന്നു ഞാൻ കരുതുന്നു. അവ തന്നിരുന്ന ആശ്വാസം എനിക്ക് അന്ന് ആവശ്യമായിരുന്നു. എന്നാൽ തുടർന്ന് എനിക്കു എന്താണു സംഭവിച്ചതെന്നു നോക്ക്. എനിക്ക് അതിൽ നിന്നു മോചനം ഉണ്ടായിട്ടില്ല" സെന്ററിലെ ഓഫീസിലിരുന്നു ജോ എന്നോടു പറഞ്ഞു.

ആ കഥ ഇങ്ങനെയാണ് : ഒരു കൽക്കരി കമ്പനിയിൽ അവൻ ജോലി ചെയ്യുന്നുണ്ടായിരുന്നു. ഒരു ദിവസം അവൻ തെന്നിവീണു. അപകടം അവനെ പലമാസങ്ങളിലേക്ക് ആശുപത്രിയിലാക്കി. മിക്ക സമയത്തും അവൻ അതിവേദനയിലായിരുന്നു. വേദനയിൽ നിന്നു രക്ഷ നേടാൻ ഡോക്ടർ അവന് ഒരു ലഹരിമരുന്നിന്റെ വകഭേദം നിർദ്ദേശിച്ചു. പക്ഷെ ആശുപത്രി വിട്ടപ്പോഴേക്കും അവൻ അതിന്റെ അടിമയായി മാറിക്കഴിഞ്ഞിരുന്നു.

"ആശുപത്രി വിട്ടു കഴിഞ്ഞ് എനിക്ക് ആ മരുന്നു കിട്ടാൻ സാധ്യതയില്ലാതായി എന്നാൽ ചുമയ്ക്കുള്ള ഒരു സിറപ്പിൽ ഈ ലഹരിമരുന്നു അടങ്ങിയിട്ടുണ്ടെന്നു മനസ്സിലായി ഞാൻ നഗരം മുഴുവൻ നടന്ന് ആ ചുമയുടെ സിറപ്പു വാങ്ങാൻ തുടങ്ങി. ഓരോ തവണയും





വ്യത്യസ്ത മെഡിക്കൽ ഷോപ്പുകളിൽ പോയി കള്ളപ്പേരിൽ ഞാൻ ആ മരുന്നു വാങ്ങും. അങ്ങനെയാകുമ്പോൾ മരുന്നു കിട്ടാൻ പ്രയാസമില്ല. ചുമയുടെ സിറപ്പു കിട്ടിയാൽ അടുത്തുള്ള ബാത്റൂമിൽ കയറി എട്ട് ഔൺസിന്റെ ആ കുപ്പിയിലെ സിറപ്പു മുഴുവൻ ഞാൻ ഒറ്റയടിക്കു കുടിച്ചു കുപ്പി കാലിയാക്കും." ജോ പറഞ്ഞു.

എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ജോയുടെ ലഹരിക്കു വേണ്ടിയുള്ള വർദ്ധിച്ചു വരുന്ന ആവശ്യം നിറവേറ്റാൻ കഫ്സിറപ്പ് മതിയായില്ല. ഹൈസ്കൂളിലെ തന്റെ പഴയ ചില സുഹൃത്തുക്കൾ ഹീറോയിൻ ഉപയോഗിക്കുമെന്ന് അവനറിയാമായിരുന്നു. അവൻ അവരുമായി ബന്ധപ്പെട്ടു. തുടർന്ന് എല്ലാം പതിവനുസരിച്ചാണ് പോയത്. ആദ്യം വലിക്കുക, തുടർന്ന് ഉള്ളിലേക്ക് എടുക്കുക, ഞരമ്പിലേക്കു നേരിട്ടു കുത്തിവെയ്ക്കുക .... എന്നിങ്ങനെ പടിപടിയായി അതു പുരോഗമിച്ചു. ഒടുവിൽ ജോ ഞങ്ങളുടെ അടുത്തേയ്ക്കു വരുമ്പോൾ അവൻ ഹീറോയിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ട് എട്ടുമാസത്തിലേറെയായി. അവൻ തീർത്തും ഹീറോയിന്റെ അടിമയായി മാറിക്കഴിഞ്ഞിരുന്നു.

''നിനക്ക് സെന്ററിൽ മൂന്നോ നാലോ ദിവസം കഴിയാമോ?" ഞാൻ ചോദിച്ചു.

"തീർച്ചയായും മറ്റാർക്കും എന്നെ വേണ്ട."

"പ്രവർത്തകരോടൊപ്പം നിനക്കു മുകളിലത്തെ നിലയിൽ താമസിക്കാം."

ജോ ചുമൽ കുലുക്കി.

"അതു എളുപ്പമായിരിക്കുകയില്ല നിനക്കറിയാമല്ലോ ഞങ്ങൾ പെട്ടെന്നുള്ള വിടുതൽ സമ്പ്രദായമാണു നടപ്പാക്കുന്നത്." ജോ വീണ്ടും ചുമൽ കുലുക്കി.

പെട്ടെന്നുള്ള വിടുതൽ സമ്പ്രദായം- ലഹരി മരുന്നിന്റെ പിടിയിൽ നിന്നു ഒരു കുട്ടിയെ വിമോചിപ്പിക്കാൻ ജയിലുകളിൽ ഈ രീതിയാണു നടപ്പാക്കുന്നത്.ഞങ്ങൾക്കു മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ട്കൂടിയാണു ഞങ്ങൾ ഈ സമ്പ്രദായം പിൻതുടരുന്നത്. ആശുപത്രികളിൽ അവർ ഉപയോഗിക്കുന്ന മരുന്നുകൾ ഞങ്ങൾക്കു ഇവിടെ സംഘടിപ്പിക്കാനാവില്ലല്ലോ. അതു പോലെ പെട്ടെന്നുള്ള വിടുതൽ സമ്പ്രദായത്തിന് അതിന്റേതായ മെച്ചവുമുണ്ട്. ഈ സമ്പ്രദായത്തിൽ പിന്മാറ്റം താരതമ്യേന വേഗത്തിലായിരിക്കും. മൂന്നാഴ്ചയ്ക്കു പകരം മൂന്നു ദിവസം മതി. കൂടുതൽ വേദന സഹിക്കേണ്ടി വരും. എന്നാൽ കാര്യം വേഗത്തിൽ കഴിയും.

അങ്ങനെ ഞങ്ങൾ ജോയെ സെന്ററിൽ കൊണ്ടു വന്നു. മുകളിലത്തെ നിലയിൽ പുരുഷപ്രവർത്തകരോടൊപ്പം ഒരു മുറിയിലാക്കി. ഞങ്ങളോടൊപ്പം സെന്ററിൽ ഒരു രജിസ്റ്റേർഡ് നേഴ്സ് ഉള്ളത് എന്നെ കുറച്ചൊന്നുമല്ല ആശ്വസിപ്പിച്ചത്. ജോയുടെ മുറിക്കു തൊട്ടു താഴെയായിരുന്നു ബർബറ കൾവറുടെ മുറി. ജോ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നപ്പൊഴൊക്കെ അവരുടെ ഒരു കണ്ണ് അവന്റെമേൽ ഉണ്ടായിരുന്നു. ആവശ്യമുണ്ടെങ്കിൽ ആ നിമിഷം എത്താൻ ഞങ്ങൾ ഒരു ഡോക്ടറേയും റെഡിയാക്കി നിർത്തിയിരുന്നു.

എല്ലാം തയ്യാറായിക്കഴിഞ്ഞപ്പോൾ ഞാൻ ജോയ്ക്ക് ഉറപ്പുകൊടുത്തു. 'മരുന്ന് ഉപയോഗിക്കാതെ വരുമ്പോൾ പിൻമാറ്റത്തിന്റെ ലക്ഷണങ്ങളെ ശരീരം പ്രകടിപ്പിക്കാൻ തുടങ്ങുന്ന നിമിഷം മുതൽ ഒരു നിമിഷം പോലും നീ ഒറ്റയ്ക്കായിരിക്കുകയില്ലെന്നു

ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. വ്യക്തിപരമായി ഞങ്ങൾ നിന്റെ അടുത്തില്ലാത്തപ്പോൾ പോലും ഞങ്ങൾ പ്രാർത്ഥനയുമായി നിന്നോടൊപ്പം ഉണ്ടായിരിക്കും.'

ലഹരിമരുന്നിൽ നിന്ന് അവനെ മോചിപ്പിക്കാനായി ഞങ്ങൾ അവനെ എല്ലാം സഹിക്കാൻ ഒറ്റയ്ക്കാക്കിയിട്ടു പോകുകയല്ല ചെയ്തത്. ആ നാലുദിവസവും ത്രീവ്രമായ പിന്തുണ നൽകുന്ന പ്രാർത്ഥനായജ്ഞവുമായി ഞങ്ങൾ അവനോടൊപ്പം ആയിരുന്നു. മുഴുവൻ നേരവും അവനായി പ്രാർത്ഥന നടത്തി. ചാപ്പലിൽ ആൺകുട്ടികളും പെൺകുട്ടികളും തുടർച്ചയായി അവനുവേണ്ടി മദ്ധ്യസ്ഥത ചെയ്തു. മുകളിലത്തെ അവന്റെ മുറിയിൽ ബാക്കിയുള്ളവർ വേദവചന വായനയുമായി അവനു കൂട്ടിരുന്നു.

വരാൻ പോകുന്ന വേദനയെക്കുറിച്ചുള്ള മുൻകൂർ ഭയത്തിൽ നിന്ന് അവനെവിടുവിക്കുകയാണ് ജോയെ സംബന്ധിച്ച് ആദ്യമായി ഞങ്ങൾക്കു ചെയ്യാനുണ്ടായിരുന്നത്. പെട്ടെന്നുള്ള പിന്മാറ്റം തന്നെ വേദനാജനകമാണ് പക്ഷേ അതു വരാൻ പോകുന്നു എന്ന ചിന്ത തന്നെ നരകദുരിതമാണ്. ഈ നിലയിൽ പിന്മാറ്റം ദുരിതമയമാണെന്ന ആശയം എവിടെനിന്നാണ് ലഭിച്ചതെന്നു ഞാൻ ചോദിച്ചു.

“കൊള്ളാം ....... ഹൂ..... എല്ലാരും അങ്ങനെ പറേന്നു.”

“ഓ അതുശരി അങ്ങനെ എല്ലാവരും പറയുന്നു. അതു പ്രയാസമേറിയതായിരിക്കുമെന്ന് അതുകൊണ്ട് ഇനി സംഭവിക്കാൻ പോകുന്നതോർത്തു പേടിച്ച് വിയർത്തു ഇരിക്കുയാണല്ലേ?. സത്യം പറഞ്ഞാൽ എല്ലാവരെ സംബന്ധിച്ചും ഇതു വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാകണമെന്നില്ല.”

ഉദാഹരണത്തിന് ഞാൻ എനിക്കറിയാവുന്ന മറ്റൊരു കുട്ടിയുടെ കഥ ജോയോടു പറഞ്ഞു. മാരിജുവാനയും ഹീറോയിനും ഉപയോഗിച്ചിരുന്നവനായിരുന്നു അവൻ. എന്നാൽ അവൻ മോചിതനായപ്പോൾപിന്മാറ്റത്തിന്റെ പ്രയാസങ്ങളൊന്നുമില്ലാതെ തന്നെ ഒരു നിമിഷം കൊണ്ട് അവൻ സ്വതന്ത്രനായി. അത് അസാധാരണമായ കാര്യമാണെന്നു ഞാൻ സമ്മതിച്ചു. പിന്മാറ്റത്തിന്റെ യാതനകളിലൂടെ കടന്നുപോകാൻ ജോ തയ്യാറെടുക്കേണ്ടതുണ്ടെന്നും ഞാൻ സമ്മതിച്ചു. എന്നാൽ അതിനെക്കുറിച്ച് മനസ്സിൽ പേടിയോടെ ഇരുന്ന് ശരിക്കുള്ള വേദന വരുന്നതിന് മുമ്പുതന്നെ ജീവിതം ഒരു നരകമാക്കി മാറ്റുന്നതെന്തിന്?. ശരിയായ വേദനയേയും അതിനെക്കുറിച്ച് ചിന്തിച്ചുണ്ടാക്കുന്ന മാനസികവേദനയേയും തമ്മിൽ വേർതിരിച്ചു കാണാൻ ജോയെ സഹായിക്കാൻ ഞങ്ങൾ ഏറെ പണിപ്പെട്ടു.

തുടർന്ന് ജോ ഞങ്ങളിൽ നിന്ന് 31-ാം സങ്കീർത്തനം പഠിച്ചു.

ഇതു വളരെ അത്ഭുതകരമായ സങ്കീർത്തനമാണ്. ലഹരിമരുന്ന് അടിമയുടെ സങ്കീർത്തനം എന്നാണു ഞങ്ങൾ ഇതിനെ വിളിക്കുന്നത്. അത്തരം ആളുകളുടെ അനുഭവങ്ങളോടു വളരെ ചേർന്നു പോകുന്നതാണ് ആ സങ്കീർത്തനത്തിലെ ചില വാക്യങ്ങൾ.

അവർ എനിക്കുവേണ്ടി സ്വകാര്യമായി വിരിച്ചിരിക്കുന്ന വലയിൽ നിന്ന് എന്നെ വലിച്ചെടുക്കേണമേ. നീ എന്റെ ശക്തിയാകുന്നുവല്ലോ.

യഹോവേ, എന്നോടു കൃപയുണ്ടാകേണമേ ഞാൻ കഷ്ടത്തിലായിരിക്കുന്നു വ്യസനം കൊണ്ട് എന്റെ കണ്ണും പ്രാണനും ഉദരവും ക്ഷയിച്ചി





രിക്കുന്നു.

എന്റെ ആയുസ്സു ദുഃഖം കൊണ്ടും എന്റെ സംവത്സരങ്ങൾ നെടുവീർപ്പു കൊണ്ടും കഴിഞ്ഞുപോയിരിക്കുന്നു. എന്റെ അകൃത്യം നിമിത്തം എന്റെ ബലം ക്ഷീണിച്ചും എന്റെ അസ്ഥികൾ ക്ഷയിച്ചും ഇരിക്കുന്നു.

എന്റെ സകലവൈരികളാലും ഞാൻ നിന്ദിതനായിത്തിർന്നു. എന്റെ അയൽക്കാർക്ക് അതിനിന്ദിതൻ തന്നെ. എന്റെ മുഖപരിചയക്കാർക്കു ഞാൻ ഭയഹേതുവായി ഭവിച്ചു. എന്നെ വെളിയിൽ കാണുന്നവർ എന്നെ വിട്ട് ഓടിപ്പോകുന്നു.

മരിച്ചുപോയവനെപ്പോലെ എന്നെ മറന്നുകളഞ്ഞിരിക്കുന്നു. ഞാൻ ഉടഞ്ഞ പാത്രം പോലെ ആയിരിക്കുന്നു.

പിന്മാറ്റത്തിന്റെ വേദന ആരംഭിച്ചപ്പോൾ ജോ തന്റെ മുറിയിൽ തന്നെയിരുന്നു വിയർത്തുകുളിച്ചു. അവന്റെ സ്ഥിതി ബർബറ ക്രമമായി നിരിക്ഷിക്കുന്നുണ്ടായിരിന്നു. ആ മുറിയിൽ പോകുന്നതിനെ ഞാൻ വെറുത്തുപോയി. വേദന ഇടവിട്ടിടവിട്ട് അവനെ ആക്രമിച്ചപ്പോൾ അട്ടയെപ്പോലെ കട്ടിലിൽ ചുരുണ്ടുകിടന്നു കൈകൊണ്ട് വയർ അമർത്തിപിടിക്കും. ശരീരം പിങ്കു നിറമായി. വിയർപ്പ് കൊച്ചരുവികൾപ്പോലെ കുതിച്ചൊഴുകി അവൻ കിടന്ന വിരിപ്പും മെത്തയും നനച്ചു. വേദന കൊണ്ട് അവൻ നിലവിളിക്കാൻ തുടങ്ങി. തല അമർത്തിപ്പിടിക്കും. വെള്ളം വേണമെന്നു പറയും. കൊടുക്കുമ്പോൾ അതു വലിച്ചെറിയും. ‘എന്നെ സഹായിക്കേണമേ’ എന്നവൻ എന്നോടു കേണു. അടുത്തിരുന്ന് അവന്റെ കരങ്ങളിൽ മുറുകെപ്പിടിച്ച് ഞങ്ങൾ ഒപ്പമുണ്ട് എന്ന വാഗ്ദാനം നൽകി ആശ്വസിപ്പിക്കാൻ ശ്രമിക്കാൻ മാത്രമാണ് എനിക്കു കഴിഞ്ഞത്.

രാത്രിയിൽ ഒരു ടേപ്പ് റിക്കാർഡർ ജോയുടെ കിടക്കയുടെ അരികിൽ തല ഭാഗത്തായി വയ്ക്കാൻ ഏർപ്പാടാക്കി. അതിലൂടെ ദൈവവചനം വായിക്കുന്നതു താഴ്ന്ന സ്ഥായിയിൽ കേൾക്കാം. ആ അഗ്നിപരീക്ഷയുടെ ദിനങ്ങളിൽ ഞാൻ വീട്ടിൽ പോകാതെ സെന്ററിൽ തന്നെ തങ്ങി. രാത്രിയുടെ നിശ്ചലയാമങ്ങളിൽ ഞാൻ മെല്ലെ സെന്ററിന്റെ ചാപ്പലിനുള്ളിലേക്കു ചെല്ലും. അവിടെ ആരെങ്കിലും ജോയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടാകും. അവിടുന്നു ഞാനുടനെ പതുക്കെ ജോയുടെ മുറിയിലേക്കു പോകും. അവിടെ അവൻ മെല്ലെ മയക്കത്തിലേക്കു വഴുതുമ്പോഴും ശാന്തമായ സ്വരത്തിൽ ടേപ്പ് റിക്കാർഡിൽ നിന്നുയരുന്ന ദൈവവചനം. മൂന്നു ദിവസം രാവും പകലും ആ നരകയാതന തന്നെയായിരുന്നു. അതിനു സാക്ഷ്യം വഹിക്കുന്നതു തന്നെ ദുരന്തപൂർണ്ണമായി അനുഭവപ്പെട്ടു.

എന്നാൽ നാലാംദിവസം ആയപ്പോഴേക്കും ജോയുടെ നില വളരെ മെച്ചപ്പെട്ടു.

നേരിയ ചിരിയോടെ അവൻ സെന്ററിലെങ്ങും ഇറങ്ങി നടക്കാൻ തുടങ്ങി. പ്രയാസമുള്ള ഘട്ടം കഴിഞ്ഞുപോയെന്ന് അവൻ കരുതി. ഞങ്ങളെല്ലാം അവനോടൊപ്പം സന്തോഷിച്ചു. വീട്ടിലേക്കു മടങ്ങിപ്പോയി മാതാപിതാക്കളെ കാണാൻ അവൻ ആഗ്രഹം പ്രകടിപ്പിച്ചു. ആദ്യം ഞാനൊന്നു മടിച്ചു. എന്നാൽ ഒരു കുട്ടിക്കു പോകണമെന്നു പറഞ്ഞാൽ ഞങ്ങൾക്ക് അവനെ എങ്ങനെ തടഞ്ഞു നിർത്തുവാൻ കഴിയും?.

അങ്ങനെ ചിരിച്ചുകൊണ്ട്, നന്ദിപറഞ്ഞുകൊണ്ട് ജോ, സെന്ററിന്റെ മുൻവാതിലിലൂടെ പുറത്തേക്കുപോയി.

ക്ലിന്റൻ അവന്യുവും പിന്നിട്ടു സന്തോഷത്തോടെ അവൻ യാത്രയായി.

ഒടുവിൽ അവൻ മടങ്ങിയെത്തേണ്ട സമയമായി. പക്ഷേ ജോ വന്നില്ല.

പിറ്റേന്നു രാവിലെ ഇടിത്തീപ്പോലെ വാർത്ത: ജോയെ കൊള്ളയ്ക്കും ലഹരിമരുന്നു കൈവശം വച്ചതിനും പൊലീസ് അറസ്റ്റു ചെയ്തിരിക്കുന്നു.

അതു ഞങ്ങളുടെ പരാജയമായിരുന്നു. "എവിടെയാണു പിഴച്ചത്?" ഞാൻ ഞങ്ങളുടെ സ്റ്റാഫ് അംഗങ്ങളുടെ യോഗത്തിൽ ചോദിച്ചു. അവൻ ഏറ്റവും പ്രയാസമുള്ള ഘട്ടം തരണം ചെയ്തു കഴിഞ്ഞിരുന്നു. അവൻ ഒരു പക്ഷേ ജീവിതത്തിൽ ചെലവഴിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും യാതനാനിർഭരമായ മൂന്നു ദിവസങ്ങളും അവൻ പിന്നിട്ടു കഴിഞ്ഞിരുന്നു. അവന് അതു വിലപ്പെട്ട നിധിയായി കാത്തുസൂക്ഷിക്കാമായിരുന്നു. പകരം അവൻ അതു പൂർണ്ണമായി നഷ്ടപ്പെടുത്തിക്കളഞ്ഞു. എവിടെയാണു നമുക്കു പിഴവു പറ്റിയത്?"

മറുപടി പറഞ്ഞത് ഹോവാർഡ് കൾവറാണ്. "എന്തുകൊണ്ട് ഇതിലൂടെ വിജയകരമായി കടന്നുവന്ന കുട്ടികളോടു താങ്കൾക്കു സംസാരിച്ചുകൂടാ?. ഒരു പക്ഷേ അവരുടെ കയ്യിൽ നിന്ന് ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുള്ള താക്കോൽ നമുക്കു ലഭിച്ചേക്കും".

അങ്ങനെയുള്ള പല കുട്ടികളോടു സംസാരിക്കാനുണ്ടായിരുന്നു. ഞാൻ അവരിൽ ഓരോരുത്തരെ ഒന്നൊന്നായി കണ്ടു സംസാരിക്കാൻ തുടങ്ങി. അവരുടെ വിടുതലിന്റെ കഥകൾ ഞാൻ വീണ്ടും ശ്രദ്ധാപൂർവ്വം കേട്ടു. എങ്ങനെയാണവർക്ക് ഈ പ്രശ്നത്തിന്മേൽ സമ്പൂർണ്ണവിജയം ലഭിച്ചത്?. അവരെല്ലാം പറഞ്ഞതിൽ പൊതുവായ ഒരനുഭവം ഉണ്ടായിരുന്നു.

ഞാൻ നിക്കിയോടു സംസാരിച്ചു. അവൻ മാരിജുവാന പുകയ്ക്കുകയും ലഹരി എടുക്കുകയും ചെയ്യുമായിരുന്നു. അവന്റെ പഴയ ജീവിതത്തിന്മേൽ അവനു വിജയം ലഭിച്ചതായ അനുഭവം എപ്പോഴാണു കൈവന്നതെന്നു ഞാൻ ചോദിച്ചു. മാനസാന്തരത്തിന്റെ സമയത്ത് അവനിൽ വലിയ ഒരു കാര്യം തന്നെ സംഭവിച്ചതായി അവൻ പറഞ്ഞു. ദൈവസ്നേഹത്തെ അപ്പോൾ അവൻ ആദ്യമായി പരിചയപ്പെട്ടു. പക്ഷേ യഥാർത്ഥവിജയം ലഭിച്ചതായി ബോദ്ധ്യമുണ്ടായതു മറ്റൊരു സന്ദർഭത്തിലാണ്.

"അതെപ്പോഴായിരുന്നു നിക്കി"?.

"എന്റെ പരിശുദ്ധാത്മാസ്നാനത്തിന്റെ സമയം."

ഞാൻ ഡേവിഡിനോടും ഇതേ കാര്യം ചോദിച്ചു. 'എപ്പോഴാണു നിന്റെ മേൽ നിനക്കു വിജയമുണ്ടായ സന്ദർഭം?.' "ഓ അതെനിക്കു പറയാൻ കഴിയും" ഡേവിഡ് പറഞ്ഞു. "ഞാൻ പരിശുദ്ധാത്മാവിൽ സ്നാനപ്പെട്ടപ്പോൾ" എനിക്കിതേ മറുപടി പലരിൽ നിന്നും തുടരെ ലഭിക്കാൻ തുടങ്ങി. എന്റെ ഉത്സാഹം എനിക്കു പറഞ്ഞറിയിക്കാൻ വയ്യ. ഒരു പ്രവർത്തനവിധം ഉരുത്തിരിഞ്ഞ് വരികയാണ്. ഞാൻ വളരെ പ്രധാനപ്പെട്ട എന്തോ ഒന്നിന്റെ പടിവാതില്ക്കലെത്തിയതായി എനിക്കു തോന്നി. (തുടരും)

○

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the title THE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]





## ഞാനല്ല ക്രിസ്തു (പേജ് 21ൽ നിന്നു തുടർച്ച)

ജയങ്ങളും തുടർക്കഥ ആകുമ്പോഴും ജയാളികളാകുമെന്ന വ്യാമോഹം!!! പരസ്പരവിരുദ്ധങ്ങളായ ചിന്തകളും ആശയങ്ങളും കൊണ്ട് മനുഷ്യവംശം മലിനപ്പെട്ടിരിക്കയാണ്.

ഒരു സ്ത്രീയുടെ ചിത്രം ഒരിക്കൽ പത്രത്തിൽ കാണുവാനിടയായി. ഭർത്താവിന്റെ ശവപ്പെട്ടി തന്റെ മുറിയുടെ വാതിൽക്കൽ 30 വർഷം അവർ കാത്തുവച്ചുകൊണ്ടിരുന്നു. അയാൾ ഉറങ്ങുന്നതേയുള്ളു; ഒരു ദിവസം ഉയിർത്തെഴുന്നേൽക്കും എന്ന പ്രതീക്ഷയിലായിരുന്ന അവർ ആ മൃതശരീരം അടക്കം ചെയ്യുവാൻ ആരേയും അനുവദിച്ചില്ല! നമ്മെപ്പറ്റിയുള്ള സ്വയപ്രതീക്ഷയും ഇതുപോലെതന്നെയാണ്. അകൃത്യങ്ങളാൽ മരിച്ച് മരണയോഗ്യരാണെന്നു പൂർണ്ണമായി വിശ്വസിക്കുമ്പോഴും, മൂക്കിൽ ശ്വാസമുള്ളിടത്തോളംകാലം എന്തെങ്കിലും പ്രയോജനം എന്നെക്കൊണ്ട് ഉണ്ടാകും എന്ന ചിന്ത പുലർത്തിക്കൊണ്ടിരിക്കയല്ലേ നാം? തീരുമാനങ്ങളിൽ ഉറച്ചു നിൽക്കാതിരുന്നത്, അശ്രദ്ധ,പ്രലോഭനങ്ങളെ തിരസ്കരിക്കാതിരുന്നത്, വേണ്ടവണ്ണം പ്രാർത്ഥിക്കാതിരുന്നത്, ഇങ്ങനെ പരാജയത്തിന്റെ കാരണങ്ങൾ കണ്ടെത്തി സ്വയം നീതീകരിക്കുമ്പോഴും അടുത്ത തവണ എല്ലാം ശരിയാകുമെന്ന മിഥ്യാധാരണ. ധൈര്യത്തോടെ ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യും; പ്രലോഭനങ്ങളെപ്പറ്റി ബോധവാന്മാരാകും; വേണ്ടിവന്നാൽ പ്രലോഭനങ്ങളെ എതിർത്തു നിൽക്കും; കൂടുതൽ പ്രാർത്ഥിക്കും; അങ്ങനെ എല്ലാം ശുഭം! ഇതാണ് നമ്മുടെ ചിന്ത. നമ്മെ ക്രൂശിൽ തറച്ചിട്ട് നാം മരിച്ചവരാണെന്നു ദൈവം പറഞ്ഞുതന്നു. അത് ഇന്നേവരെ നാം അംഗീകരിച്ചിട്ടില്ല. മടുക്കാതെ വീശിക്കൊണ്ടിരുന്നാൽ കെട്ടുപോയ കനൽ ഒരിക്കൽ കൂടെ ആളിക്കത്തും എന്ന പ്രതീക്ഷയിലാണ് നാം ഇപ്പോഴും. അതുകൊണ്ട് വീശുന്ന കാര്യത്തിൽ നമുക്കൊരു മടുപ്പും ഇല്ല.

ക്രൂശുമരണം ജീവിതത്തിൽ രുചിച്ചറിയുവാൻ നാം എന്താണ് ചെയ്യേണ്ടത്? ഒന്നും ഒളിച്ചുവയ്ക്കാതെ സത്യാവസ്ഥ ദൈവത്തോടു പറയുകയല്ലേ നല്ലത്. "ദൈവമേ അങ്ങേക്കും എനിക്കും എന്നിലുള്ള പ്രതീക്ഷ നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ നിസ്സഹായനും ശക്തിഹീനനും ഒന്നിനും കൊള്ളാത്തവനുമാണെന്ന് അവിടുന്നും ഞാനും അറിയുന്നു." ഇത്തരം ഒരു നിലപാടിൽ അധിഷ്ഠിതമായി ജീവിക്കുമ്പോൾ മാത്രമേ ക്രിസ്തുവോടുകൂടെ ക്രൂശിക്കപ്പെട്ടു എന്ന സത്യം യാഥാർത്ഥ്യമാകുകയുള്ളു. ദൈവത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ്- അവയൊന്നും തകിടം മറിക്കുവാൻ ഒരിക്കലും കഴിയുകയില്ല. മറിച്ച് പൂർണ്ണമാക്കപ്പെടേണ്ട ഒരു ഉത്തരവാദിത്വം നമുക്കുണ്ട്-ദൈവം നമുക്കിട്ടിരിക്കുന്ന മതിപ്പുവില അംഗീകരിക്കുക. എപ്പോഴൊക്കെ അത് ഉൾക്കൊള്ളുന്നുവോ, അപ്പോഴൊക്കെ 'ഞാനല്ല' ജീവിക്കുന്നത്.

മിക്ക ക്രിസ്ത്യാനികളും ഈ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടച്ചിരിക്കുകയാണെന്നുള്ളത് വളരെ പരിതാപകരമാണ്. സഹോദരാ, ഞാനും നിങ്ങളും ദൈവമുമ്പാകെ ഒരു പ്രയോജനവുമില്ലാത്തവരാണ്. അൽപം കടുപ്പം കൂട്ടിപ്പറഞ്ഞാൽ നാം അങ്ങേയറ്റം ദുഷിച്ചവരും ഹൃദയശൂന്യരുമാണ്. മരണത്തിനല്ലാതെ യാതൊരു യോഗ്യതയുമില്ലാത്തവരാണ് നാം. ദൈവമുമ്പാകെ ഇതിനപ്പുറം ഒരു വിലയും നമുക്കില്ല.നമ്മെപ്പറ്റി ഒരുപാട് സങ്കൽപ്പങ്ങളും പ്രതീക്ഷകളും നമുക്കുണ്ട്. ക്രിസ്തുവിനോടുകൂടെ നാം മരിച്ചു എന്ന യാഥാർത്ഥ്യവുമായി എങ്ങനെ പൊരുത്തപ്പെട്ടു പോകു

വാൻ സാധിക്കുമെന്ന് ഇത്തരുണത്തിൽ നമുക്കു ചിന്തിക്കാം. ഗലാ.2:20ൽ നിന്നും ലൂക്കോ.18:18–27 വരെയുള്ള വാക്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാം.

## ഒരു കുറവുണ്ട് എന്ന തത്വം

വിജയത്തിലേക്കുള്ള ആദ്യത്തെ നിബന്ധന-'ഒരുകുറവ്'- പരാമർശിക്കുന്ന ഈ ഭാഗം വ്യക്തിപരമായി ഞാൻ വളരെ വിലമതിക്കുന്നു. യേശുവിനോടു നിത്യജീവൻ, അതായത് ദൈവത്തിന്റെ ജീവൻ ചോദിക്കുന്ന ഒരു പ്രമാണിയെ നാം ഇവിടെ കാണുന്നു. രക്ഷയും വിജയവും കൂടിച്ചേർന്നതാണ് ഇവിടെ പ്രതിപാദിക്കുന്ന നിത്യജീവൻ.

“നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം” എന്നാണ് പ്രമാണിയുടെ ചോദ്യം. ചെറുപ്പക്കാരനായ ഒരു പ്രമാണിയെ സംബന്ധിച്ചിടത്തോളംപാലിക്കുവാൻ അൽപ്പം ബുദ്ധിമുട്ടുള്ള അഞ്ചുകാര്യങ്ങളാണ് യേശു അവനോടു പറഞ്ഞത്. “വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.” എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അവൻ പറഞ്ഞു “ഇവയൊക്കെയും ഞാൻ ചെറുപ്പം മുതൽ കാത്തുകൊണ്ടിരിക്കുന്നു.” ഈ കൽപനകളൊന്നും ഒരിക്കൽപോലും അയാൾ ലംഘിച്ചിട്ടില്ല. “ഗുരോ, ഇനി എന്തെങ്കിലും വ്യവസ്ഥകളുണ്ടോ? ഇല്ലെങ്കിൽ നിത്യജീവനെ എനിക്കവകാശമാക്കാമല്ലോ. അതിന്റെ ആദ്യഘട്ടം ഞാൻ തരണം ചെയ്തില്ലേ?” ആ മറുപടിയിൽ ഇപ്രകാരമുള്ള ചോദ്യങ്ങൾ ഒളിഞ്ഞു കിടപ്പില്ലേ? എന്നാൽ കർത്താവു പറഞ്ഞു: “ഇനി ഒരു കുറവു നിനക്കുണ്ട്;നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തുകൊടുക്കുക; എന്നാൽ സ്വർഗ്ഗരാജ്യത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക.” സഹോദരാ, നിനക്കിപ്പോഴും ഒരു കുറവുണ്ടെന്നു നീ മനസ്സിലാക്കിയിട്ടുണ്ടോ? കഠിനമായ അഞ്ചു കൽപനകൾ പാലിച്ചിട്ടും ഒരു കുറവു നിനക്കുണ്ടെന്നും ആ കുറവില്ലാതെ മുന്നോട്ടു പോകുവാൻ നിനക്കു സാധിക്കുകയില്ല എന്നുമാണ് ചെറുപ്പക്കാരനായ പ്രമാണിയോട് യേശു പറഞ്ഞത്. കർത്താവിനെ പിൻപറ്റുവാൻ ആഗ്രഹിക്കുന്നവർ തങ്ങൾക്കുള്ളതെല്ലാം വിൽക്കണമെന്നോ ഉപേക്ഷിക്കണമെന്നോ അല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. എത്ര വലിയ ധനവാന്മാർക്കും നിത്യജീവന് അവകാശികളാകാം. എങ്കിലും എനിക്കുള്ളതെല്ലാം വിൽക്കുവാൻ സാധിക്കുകയില്ല എന്ന മനോഭാവത്താൽ ചുരുക്കം പേർ മാത്രമേ ആ പാത തിരഞ്ഞെടുത്തിട്ടുള്ളു. കേട്ടുനിന്നവർ ചോദിക്കുന്നു ‘ഇങ്ങനെയെങ്കിൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും’ (ലൂക്കോ.18:26). പ്രതീക്ഷിച്ച പ്രതികരണം അല്ല യേശുവിൽ നിന്നുമുണ്ടായത്“മനുഷ്യനാൽ അസാധ്യം, ദൈവത്താൽ സാധ്യമ

> **ദൈവമേ അങ്ങേക്കും എനിക്കും എന്നിലുള്ള പ്രതീക്ഷ നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ നിസ്സഹായനും ശക്തിഹീനനും ഒന്നിനും കൊള്ളാത്തവനുമാണെന്ന് അവിടുന്നും ഞാനും അറിയുന്നു.” ഇത്തരം ഒരു നിലപാടിൽ അധിഷ്ഠിതമായി ജീവിക്കുമ്പോൾ മാത്രമേ ക്രിസ്തുവോടുകൂടെ ക്രൂശിക്കപ്പെട്ടു എന്ന സത്യം യാഥാർത്ഥ്യമാകുകയുള്ളു. ദൈവത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ്- അവയൊന്നും തകിടം മറിക്കുവാൻ ഒരിക്കലും കഴിയുകയില്ല. മറിച്ച് പൂർണ്ണമാക്കപ്പെടേണ്ട ഒരു ഉത്തരവാദിത്തം നമുക്കുണ്ട്**





ത്രേ(18:27).രക്ഷ മനുഷ്യനാൽ അസാധ്യമാണെന്നു സമ്മതിക്കുവാൻ തയ്യാറാകാത്ത പ്രമാണിക്ക് അത് അങ്ങനെ തന്നെയാണെന്നു കർത്താവ് തെളിയിച്ചുകൊടുക്കുന്നു. വ്യഭിചാരം, കൊലപാതകം, മോഷണം, കള്ളസ്സാക്ഷി പറയുക എന്നതിൽ നിന്നൊക്കെ ഒഴിഞ്ഞു നിൽക്കാനും മാതാപിതാക്കളെ ബഹുമാനിക്കുവാനും സ്വന്ത കഴിവു കൊണ്ട് സാധിക്കുമെന്ന് അയാൾ വിശ്വസിക്കുന്നു. രക്ഷ മനുഷ്യനാൽ അസാദ്ധ്യമാണ്. വിജയവും അങ്ങനെതന്നെ. ‘ഈ അഞ്ചു കാര്യങ്ങൾ നിന്നാൽ സാധിക്കുമെന്നു നീ ചിന്തിച്ചിരിക്കയാൽ ഒരു കുറവുകൂടെ ഞാൻ നിനക്കു കാണിച്ചു തരും. ഓരോ കുറവും നീ പരിഹരിക്കുമ്പോഴും പിന്നെയും പിന്നെയും നിനക്ക് അതിജീവിക്കുവാൻ കഴിയുമോ എന്നറിയുവാൻ കുറവുകൾ ഞാൻ തന്നുകൊണ്ടേയിരിക്കും.’ കർത്താവിന്റെ മറുപടിയിൽ ഒളിഞ്ഞിരുന്ന ഈ വ്യവസ്ഥ സഫലീകരിക്കുവാൻ തന്നെക്കൊണ്ടാവില്ലെന്നറിഞ്ഞ പ്രമാണി ദുഃഖത്തോടെ മടങ്ങിപ്പോകുന്നതായി നാം കാണുന്നു.

സഹോദരാ, രക്ഷ പ്രാപിപ്പാനോ ജയാളിയാകുവാനോ നീ ശ്രമിച്ചാൽ മിക്കവാറും ‘ഒരു കുറവ്’ ദൈവം നിന്റെ മുമ്പിൽ വയ്ക്കും. പക്ഷേ നമ്മുടെ വിചാരം ഏതാണ്ട് വലിയ കാര്യങ്ങളൊക്കെ നാം ചെയ്തു എന്നാണ്! മുൻകോപികളായിരുന്ന നാം ഇപ്പോൾ ആത്മസംയമനം പാലിക്കുന്നു. അഹങ്കാരികളായിരുന്ന നാം ഇപ്പോൾ വിനയത്തിന്റെ പടവുകളിലേക്കിറങ്ങിച്ചെല്ലുന്നു; നമ്മുടെ അസൂയ, അനാവശ്യസംസാരങ്ങൾ ഒക്കെ ഇല്ലാതായിരിക്കുന്നു-വിജയസോപാനത്തിന്റെ അടുത്ത് നാം എത്തിനിൽക്കുന്നു! ഇപ്രകാരം നാം ചിന്തിക്കുമ്പോഴും ഒരു ചെറിയ കാര്യത്തിലെങ്കിലും നമുക്കു പിഴവു പറ്റുന്നില്ലേ? അതു ഭക്ഷണത്തോടുള്ള ആസക്തി ആവാം. അല്ലെങ്കിൽ അതിരാവിലെ ഉണർന്നെഴുന്നേൽക്കാൻ പറ്റാത്തതാവാം. വിഷമകരമായ സാഹചര്യങ്ങളെ നിഷ്പ്രയാസം കൈകാര്യം ചെയ്ത നമുക്ക് ഈ കൊച്ചുകാര്യങ്ങളെ എന്തുകൊണ്ട് കൈകാര്യം ചെയ്യാൻ പറ്റുന്നില്ല? “ഒരു കുറവു നിനക്കുണ്ട്”-ലൂക്കോസ് 18-ാമദ്ധ്യായം നമുക്കു തരുന്ന സന്ദേശമിതാണ്. പല കാര്യങ്ങളിലും പ്രാഗല്ഭ്യം തെളിയിക്കുവാൻ ദൈവം നമ്മെ അനുവദിക്കുമ്പോഴും നമുക്കു കൈകാര്യം ചെയ്യാൻ പറ്റാത്ത അനേകം കാര്യങ്ങളുണ്ടെന്ന് അവിടുന്നു നമ്മെ പഠിപ്പിക്കുന്നു. നാം കഴിവില്ലാത്തവരാണെന്നു മനസ്സിലാക്കിത്തന്നിട്ട് വിജയത്തിലേക്കു നമ്മെ നയിക്കുവാനാണ് ദൈവം അങ്ങനെ ചെയ്യുന്നത്. “സ്വയമായി നമുക്കൊരു വിജയമില്ല. വിജയം ക്രിസ്തുവിന്റെ ദാനമാണ്.’ അതുകൊണ്ട് നിനക്കൊരു കുറവുണ്ടെന്നു ചൂണ്ടിക്കാണിക്കുവാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

**സഹോദരാ, രക്ഷ പ്രാപിപ്പാനോ ജയാളിയാകുവാനോ നീ ശ്രമിച്ചാൽ മിക്കവാറും ‘ഒരു കുറവ്’ ദൈവം നിന്റെ മുമ്പിൽ വയ്ക്കും. പക്ഷേ നമ്മുടെ വിചാരം ഏതാണ്ട് വലിയ കാര്യങ്ങളൊക്കെ നാം ചെയ്തു എന്നാണ്! മുൻകോപികളായിരുന്ന നാം ഇപ്പോൾ ആത്മസംയമനം പാലിക്കുന്നു. അഹങ്കാരികളായിരുന്ന നാം ഇപ്പോൾ വിനയത്തിന്റെ പടവുകളിലേക്കിറങ്ങിച്ചെല്ലുന്നു! ഇപ്രകാരം നാം ചിന്തിക്കുമ്പോഴും ഒരു ചെറിയ കാര്യത്തിലെങ്കിലും നമുക്കു പിഴവു പറ്റുന്നില്ലേ?**

## വിജയത്തിലേക്കുള്ള ആദ്യചുവട്-നമ്മുടെ കഴിവില്ലായ്മയെ അറിയുക

അഞ്ചോ അൻപതോ അഞ്ഞൂറോ വ്യവസ്ഥകൾ പാലിക്കുവാൻ ആ ചെറുപ്പക്കാരനായ പ്രമാണിക്കു കഴിയു

മായിരിക്കാം. എന്നാൽ തന്നെക്കൊണ്ട് സാധിക്കാത്ത കാര്യങ്ങൾ ഇനിയുമുണ്ടെന്നു കാണിക്കുവാനാണ് ദൈവം അവന്റെ മുമ്പിൽ ആ ഒരു കാര്യം വച്ചത്. നമ്മെക്കൊണ്ട് അസാദ്ധ്യമായ കാര്യങ്ങൾ ഇനിയുമുണ്ടെന്നുള്ള തിരിച്ചറിവാണ് വിജയത്തിലേക്കുള്ള ആദ്യപടി. മുൻകോപം, അശുദ്ധചിന്തകൾ, അതിരാവിലെ എഴുന്നേൽക്കാൻ പറ്റാത്തത്, അമിതസംസാരം, അസൂയ, അനാവശ്യമായ അഭിപ്രായപ്രകടനങ്ങൾ, അഹങ്കാരം......എന്നിങ്ങനെ നമുക്കുതന്നെ അതിശയം തോന്നുന്ന തരത്തിൽ വിവിധ മേഖലകളിൽ നാം പരാജയപ്പെട്ടിരിക്കുന്നു. വിജയകരമായ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തരും ദൈവമുമ്പാകെ തന്നെത്താൻ പരിശോധിച്ച് എന്തൊക്കെയാണ് തന്റെ കുറവുകൾ എന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ജയകരമായ ജീവിതം നയിക്കുവാൻ വളരെയധികം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്ത ഒരു സഹോദരിയുടെ കഥ പറയാം. അനേക കാര്യങ്ങളിൽ ദൈവമുമ്പാകെ നിരപ്പു പ്രാപിച്ച ആ സഹോദരി ആരോടെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവരോടു മാപ്പു ചോദിച്ചു കത്തെഴുതുകയും അതോടൊപ്പം നിത്യേന പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും ചെയ്യുമായിരുന്നു. ഇപ്രകാരമുള്ള ഓരോ പ്രാർത്ഥനാവേളകൾക്കും ശേഷം നിന്റെ തടസ്സങ്ങളൊക്കെ മാറിക്കടന്നോ എന്നു ഞാൻ ചോദിക്കാറുണ്ടായിരുന്നു. ഇന്നലത്തെക്കാൾ കുറെക്കൂടി പാപങ്ങൾ എന്നിലുണ്ടായിരുന്നു, അതു കണ്ടുപിടിച്ചു കുഴിച്ചിട്ടു; ഇപ്പോൾ അതിന്മേൽ സ്വാതന്ത്ര്യം പ്രാപിച്ചു; എന്നിങ്ങനെ ഓരോ ദിവസം അവൾ മറുപടി തന്നുകൊണ്ടേയിരുന്നു. ഏകദേശം 20 ദിവസത്തിനുശേഷം ഇനി കൈകാര്യം ചെയ്യാൻ വല്ലതും ഉണ്ടോ എന്ന ചോദ്യത്തിനു മിക്കവാറും എല്ലാം ശരിയായി. ഞാൻ പാപത്തിന്മേൽ വിജയം പ്രാപിച്ചിരിക്കുന്നു എന്നാണ് ആ സഹോദരി മറുപടി തന്നത്. കാത്തിരുന്നു കാണാം എന്ന് എന്റെ സഹപ്രവർത്തകരോടു ഞാനും പറഞ്ഞു. കുറെ നാളുകൾക്കു ശേഷം അവരുടെ വീട്ടിൽ ഞാൻ ചെന്നപ്പോൾ അതീവദുഃഖിതയായി അവരെ കണ്ടു. സങ്കടത്തിലിരിക്കുന്നതു നല്ലതാണെങ്കിലും സങ്കടത്തിലിരിക്കുന്നവരെ അതിൽ നിന്നു പിന്തിരിപ്പിക്കുന്നത് എപ്പോഴും നല്ലതല്ലാത്തതിനാൽ പ്രത്യേകിച്ചൊന്നും ഞാൻ അവരോടു പറഞ്ഞില്ല. ആറു ദിവസം ഇതേ നിലയിൽ കാര്യങ്ങൾ തുടർന്നു.

അതിനുശേഷം ഒരു സഹോദരന്റെ വീട്ടിൽ ഇരുപതിലധികം സഹോദരന്മാരെയും ഈ സഹോദരി ഉൾപ്പെടെ മൂന്നു സഹോദരിമാരെയും ക്ഷണിക്കുകയുണ്ടായി. എന്റെ എതിർവശത്തെ കസേരയിലിരുന്ന അവർ ഭക്ഷണത്തിൽ ഒട്ടും താത്പര്യം പ്രകടിപ്പിച്ചില്ല. പുഞ്ചിരിക്കുന്നുണ്ടായിരുന്നു എങ്കിലും ഹൃദയം നീറിക്കൊണ്ടിരിക്കുകയായിരുന്നു എന്നു വ്യക്തമാണ്. ഞാനെഴുതിയ ഒരു പുതിയ പാട്ട് പിയാനോയിൽ വായിക്കുവാൻ ഭക്ഷണത്തിനു ശേഷം ഞാൻ അവരോട് ആവശ്യപ്പെട്ടു. രണ്ടു ചരണങ്ങൾ പാടിയ ശേഷം അവർ കരയുവാൻ തുടങ്ങി. 'കുറെ കരയട്ടെ' എന്നു ഞാനും കരുതി. കാര്യം തിരക്കിയപ്പോൾ കിട്ടിയ മറുപടി ഇതാണ്: "യാതൊരു പ്രതീക്ഷയുമില്ല. എത്ര ശ്രമിച്ചിട്ടും ഈ ഒരു കാര്യം തരണം ചെയ്യുവാൻ എന്നെക്കൊണ്ട് കഴിയുന്നില്ല." ലജ്ജാശീലയായ ആ സ്ത്രീ അത്രയും പേരുടെ മുമ്പിലിരുന്നു വീണ്ടും കരയുവാൻ തുടങ്ങി. കരച്ചിലിനിടയിൽ അവർ തുടർന്നു. "ഒരാഴ്ചയായി ഈ ചെറിയ കാര്യം മാറ്റുവാൻ ഞാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. വെറുതേ എന്തെങ്കിലും കൊറിച്ചുകൊണ്ടിരിക്കുക എന്നതു ചെറുപ്പം





മുതലുള്ള എന്റെ ദുസ്വഭാവമാണ്. മൂന്നു നേരത്തേ പ്രധാന ഭക്ഷണങ്ങൾക്കിടയിലും എനിക്ക് എപ്പോഴും എന്തെങ്കിലും ലഘുഭക്ഷണം കഴിക്കണം. എന്റെ മൂന്നു മക്കളെക്കാൾ പരിതാപകരമാണ് എന്റെ അവസ്ഥ." ഇതു കേട്ടിട്ട് വാസ്തവത്തിൽ എനിക്കു വളരെ സന്തോഷം തോന്നി. ഞാൻ ചിരിക്കുവാൻ തുടങ്ങി. കുറെ സഹോദരന്മാർ എഴുന്നേറ്റുപോയി. സഹോദരിമാർ ഇതൊന്നും കണ്ട ഭാവം നടിച്ചില്ല.ആ സഹോദരിയുടെ വികാരവിചാരങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളു. എന്റെ സന്തോഷത്തിന്റെ കാര്യം അന്വേഷിച്ച അവരോട് എനിക്ക് ഒരു മറുപടിയേ ഉണ്ടായിരുന്നുള്ളു. 'നമ്മളാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകും'. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും അവിശ്വസനീയമായ തരത്തിൽ ആ സഹോദരി വിജയകരമായ ജീവിതത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞിരുന്നു.

സഹോദരങ്ങളേ, ജയകരമായ ജീവിതം നയിക്കാനാഗ്രഹിക്കുന്ന നാമോരുത്തരും ആദ്യം നമ്മുടെ ഒരു കുറവു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കഴിവില്ലായ്മ ആ പ്രത്യേകകാര്യത്തിലൂടെ മാത്രമേ നമുക്കു ബോധ്യമാവുകയുള്ളു. അസൂയ, അഹങ്കാരം, മുൻപിൽ നോക്കാതെയുള്ള പ്രതികരണം, തെറ്റായ ചിന്തകൾ, അമിതസംസാരം, ഒരിക്കലും തൃപ്തിയില്ലാത്ത അവസ്ഥ, പരദൂഷണം പറയുക, ജഡത്തെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥ....ഇങ്ങനെ നിയന്ത്രണാതീതമായ കാര്യങ്ങൾ അല്ലെങ്കിൽ കുറവുകൾ അനേകമായിരിക്കയാൽ പൊതുവായ ധാരണകൾക്കപ്പുറം വ്യക്തമായ കണ്ടെത്തൽ ഓരോ വ്യക്തിക്കും അത്യന്താപേക്ഷിതമാണ്.

ലൂക്കോസ് 18-ാമദ്ധ്യായത്തിൽ നാം കണ്ട ചെറുപ്പക്കാരന്റെ ഒരു കുറവ് തനിക്കുള്ളതൊക്കെയും വിൽക്കുവാനുള്ള വിസമ്മതം ആയിരുന്നു. നമ്മിൽ

**അസൂയ, അഹങ്കാരം, മുൻപിൽ നോക്കാതെയുള്ള പ്രതികരണം, തെറ്റായ ചിന്തകൾ, അമിതസംസാരം, ഒരിക്കലും തൃപ്തിയില്ലാത്ത അവസ്ഥ, പരദൂഷണം പറയുക, ജഡത്തെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥ....ഇങ്ങനെ നിയന്ത്രണാതീതമായ കാര്യങ്ങൾ അല്ലെങ്കിൽ കുറവുകൾ അനേകമായിരിക്കയാൽ പൊതുവായ ധാരണകൾക്കപ്പുറം വ്യക്തമായ കണ്ടെത്തൽ ഓരോ വ്യക്തിക്കും അത്യന്താപേക്ഷിതമാണ്.**

പലർക്കും അതേ മനോഭാവമല്ലേ സമ്പത്തിനോടുള്ളത്? നമ്മുടെ ബലഹീനതകളിലേക്കു വെളിച്ചം വീശുവാൻ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം. തന്റെ ബലഹീനത കാണാതെ ഒരു വ്യക്തിക്ക് ഒരിക്കലും കർത്താവിന്റെ ശക്തി കാണുവാൻ സാധിക്കുകയില്ല.

ദൈവം നമ്മുടെ ജീവിതത്തിൽ ഒന്നോ രണ്ടോ കാര്യങ്ങൾ യഥാസ്ഥാനപ്പെടുത്താതെ അവശേഷിപ്പിക്കുന്നത് നമ്മെക്കൊണ്ട് ഒന്നും സാധ്യമല്ല എന്നു കാണിക്കുന്നതിനാണ്. സാമാന്യവും എന്നാൽ സുപ്രധാനവുമായ ഒരു ദൈവികതത്വമാണ് ഇത്. യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശുമരണം വഹിച്ചു എന്നുദ്ഘോഷിക്കുമ്പോഴും അതെന്നിൽ പ്രാവൃത്തികമായിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം മറന്നുപോകുവാൻ വളരെ എളുപ്പമാണ്. നാം ബലഹീനരാണെന്നും നമ്മുടെ ജഡത്തിൽ ഒരു നന്മപ്രവൃത്തിയും ഇല്ലെന്നും ദൈവത്തിനു പണ്ടേ അറിയാം; പക്ഷേ നമുക്കിപ്പോഴും അറിയില്ല. തൽഫലമായി ശുഭാപ്തിവിശ്വാസത്തോടെ ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള അശ്രാന്തപരിശ്രമത്തിലാണ്

**YOUR PROBLEMS, GOD'S SOLUTIONS**

# Q & A

*(We are starting a new column-Questions and Answers. Br. Sandeep Poonen is answering some of the common doubts of young people, in the light of God's word .)*

## DEALING WITH MY DOUBTS

### Question:

I am dealing with doubts about God.If you truly ask me about what I believe in, I know that there is something special about Jesus and Christianity. But I just don't feel that I connect with God. I try to pray everyday and humbly ask God to be with me.. And once in a while, I feel like God *does* answer my prayer and I have a good day. But on most other days, I just don't feel that God is with me.

So now I am beginning to doubt my faith and my beliefs about Jesus- and whether He does answer prayers and things like that. What should I do? I donot want to have these doubts, but I cann't do much to stop them.

---

നാം എപ്പോഴും.

നമ്മുടെ ജഡം പ്രയോജനമുള്ളതല്ലെന്നു നമുക്കറിയുകയില്ലെങ്കിലും ദൈവത്തിനറിയാം. അതുകൊണ്ട് നാം നിസ്സഹായരും പാപസ്വഭാവമുള്ളവരുമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ദൈവം നമുക്കു ന്യായപ്രമാണം തന്നു. അതു പാലിക്കുവാൻ നമുക്കു സാധിക്കുകയില്ലെന്നു ദൈവത്തിനറിയാം. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യംതന്നെ അതു ലംഘിക്കുക എന്നതാണ്. ന്യായപ്രമാണം നാം ലംഘിക്കുമെന്നു നമുക്കറിയുകയില്ലെങ്കിലും അതറിഞ്ഞുകൊണ്ടുതന്നെയാണ് ദൈവം നമുക്കതു തന്നത്. ക്രിസ്ത്യാനികളെന്ന നിലയിൽ നാം ന്യായപ്രമാണങ്ങൾക്ക് അതീതരാണെന്നും പത്തു കല്പനകളാണ് യഥാർത്ഥ ന്യായപ്രമാണം എന്നുമാണ് നമ്മുടെ ചിന്ത. എന്നാൽ പുതിയനിയമത്തിലെ എല്ലാ കല്പനകളും ന്യായപ്രമാണമാണ്. ഇതൊന്നും പാലിക്കുവാൻ നമ്മെക്കൊണ്ട് സാധിക്കുകയില്ല എന്ന് എപ്പോൾ നാം ഏറ്റുപറയുന്നുവോ, അപ്പോൾ മാത്രമേ ക്രൂശുമരണത്തിൽ നമ്മെക്കൂടി പങ്കാളികളാക്കിയതിന്റെ പിന്നിലുള്ള ദൈവികജ്ഞാനം മനസ്സിലാക്കുവാൻ സാധിക്കൂ. ആ നിലയിലേക്കു വരാത്തിടത്തോളം കാലം നമ്മെക്കൊണ്ട് എന്തൊക്കെയോ സാധിക്കുമെന്നും ക്രൂശുമരണത്തിൽ നമ്മെ പങ്കാളികളാക്കിയത് ദൈവത്തിനു പറ്റിയ കൈപ്പിഴയാണെന്നും ആയിരിക്കും നമ്മുടെ മനോഭാവം.

(തുടരും)

മൊഴിമാറ്റം: ബീനാ ജോയ്സ്





### Answer:

These are some of my thoughts on this.

**1. You are not alone in this.**

Almost every Christian goes through some periods like this. I don't believe that this ought to persist through out one's Christianity-but it seems to be part of most people's growth process.. So you should not be discouraged. At the same time, it is great that you are taking it very seriously, and here's why....

**2. Your faith is the most important thing**

When Jesus predicted that Peter would deny Him three times, He specifically mentioned Peter's faith. He prayed to Father that Peter's faith maynot fail(Luke.22:32). So in times of failure and doubt, tending to our faith so much more critical than questions about whether we are gaining victory over sin or fully serving Him.

And since it is impossible to please God without faith(Hebrew.11:6), it is your faith *first and foremost,* that determines whether you are pleasing God.

So how should you tend to and protect your faith?

**3. Tending and maintaining your faith**

For me I use Hebrews 11:6 to remind me about how I practically maintain my faith. *And without faith it is impossible to please Him, for he who comes to God must believe that He is and He is a rewarder of those who seek Him.*

So in this verse, I see two practical actions that I must do to maintain my faith.

**a) Remind myself that Gos is**

If I were told to believe that God is love, I understand that.If I had to believe that God is holy, I understand what that entails. But what does it mean to believe that God is?

For sure you could say that the expression "God is", is an expression of the underlying existance of God-more than any of His virtues and attributes. But I see something more real and practical for you and me with that statement.

Acknowledging that "God is" also means fully acknowledging that "I am not".God is the **only reality** that truely matters. Compared to Him and what He is about, my world doesn't matter, my work doesn't matter, even

I and my family are irrelevant. Only He matters.

So when I come to God everyday, I come to him with a faith that tells Him that "He is" and I Iam quick to acknowledge that 'I am not'. So I throw away my agenda.I quickly discard all the grievances and complaints that I might have-on my way into God's throne. And I try my best to embrace in my spirit the truth that I deeply believe: That at the end of the day, only God matters.

However this alone is not faith. This is just an acknowledgement of the reality about ourselves and our condition. What makes this faith complete is that it is coupled with a belief that God even still encourages us to draw near to Him.

**b) God will reward those who diligently seek Him**

Once I have assumed the proper posture in the presence of the almighty king, I must embrace the beautiful truth that God deeply desires to reward those who are *commited* to seeking Him.

And when I think of seeking Him, I don't see it primarily as acts of prayer or Bible study. Now these are definitely acts of seeking Him. But much more than that, I see that our entire day is where we demonstrate a *lifestyle of* seeking Him.

So on my way to the office, I take a few moments to commune with God and tell Him tthat I deeply desire Him. And yes, He already knows this, but I am telling it to God as a way of reminding myself as well of what matters(since I am so prone to forget), as well as a way of guarding my heart from other trivial worldly matters(Proverb.4:23).

And as I go through my day, I continue to have short and silent conversations with God-where I tell Him that I want to stay open to what His Spirit might have to say to me today.

Through things like this, I try to maintain an attitude and heart of desiring God. So I concentrate on these two things that God has prescribed in scripture. And then I wait for God to do His work in my heart in His time. God and His Spirit *will* reveal Himself to me and help fortify my faith into a rock- solid foundation. Then as I use these actions to continue to walk with Christ daily and grow in Him, I will notice over time that my foundation of faith is becoming more and more unshakeable.

God bless you in this journey.Your fellow pilgrim,

***Sandeep***

(Please mail your genuine doubts to : ***sandeep@poonen.org***)



# It may be Today

A tourist visiting in Italy saw an unusually beautifil and well-kept estate. He asked the caretaker

"How long have you been here?"

"Twentifive years" replied the caretaker.

" How often has the owner been here to see the estate?"

"Four times sir".

"When was the last time he was here?"

"Twelve years ago."

"How often does he write to you?"

"Never sir."

"Well then who gives your orders?"

"I get them from his steward in Milan."

"Does he come here often?"

"No, never."

"Who comes then to check on things?"

"I'm pretty much left alone."

"Amazing!" exclaimed the tourist. " You keep the estate so spick-and-span that one would think that you were expecting the owner tomorrow."

"No, sir TODAY!" came the frank reply.

Are you ready for CHRIST's return?



## *Just a minute*

*"Our attitude among you was tenderness, rather like a mother caring for her babies" 1 Thess.2:7*

Pheba Cleetus

JEEVA MOZHIKAL RNI/KERBIL/-2003/21404
May 2010 www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ഒഴികഴിവില്ലാത്ത ഞായറാഴ്ച

പള്ളിയിൽ ഞായറാഴ്ച വരുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിന് പരിഹാരം കാണാൻ സഭാകമ്മിറ്റി തലപുകച്ചു. ഒടുവിൽ എല്ലാവരുടെയും ആവശ്യങ്ങളും വരാതിരിക്കാനുള്ള കാരണങ്ങളും പഠിച്ചശേഷം അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിക്കൊണ്ടു താഴെപറയുന്ന നോട്ടീസ്, ബോർഡിലിട്ടു:

"അടുത്ത ഞായറാഴ്ച 'ഒരു ഒഴികഴിവും ഇല്ലാത്ത ആഴ്ച'യായി പ്രഖ്യാപിക്കുന്നു. അതിനായി മാന്യവിശ്വാസികളുടെ ആവശ്യങ്ങൾ കണക്കിലെടുത്തു താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാൻ സന്തോഷമുണ്ട്.

1. "എനിക്ക് ഒന്ന് ഉറങ്ങാൻ കിട്ടുന്ന ഏക ദിവസം ഞായറാഴ്ചയാണ്" എന്നു പറയുന്നവർക്കായി പുറകിലായി കട്ടിലുകൾ ക്രമീകരിക്കുന്നതാണ്. ഡൺലപ് മെത്തയും ഉണ്ടാകും.
2. ശനിയാഴ്ച വളരെ വൈകിയും ടി.വി. കണ്ടുകൊണ്ടിരുന്നവരുടെ സൗകര്യാർത്ഥം കണ്ണിൽ ഒഴിക്കാൻ കുളിർമ നൽകുന്ന 'ഐഡ്രോപ്സ്' ലഭ്യമായിരിക്കും.
3. തങ്ങൾ ആരാധനയ്ക്കു വന്നാൽ പള്ളിയുടെ മച്ച് ഇടിഞ്ഞുവീഴും എന്നു പേടിയുള്ളവർക്കായി തലയിൽ വയ്ക്കാൻ സ്റ്റീൽ ഹെൽമറ്റുകൾ കരുതുന്നതാണ്.
4. മീറ്റിംഗ് സമയത്തു വലിയ തണുപ്പുതോന്നുന്നവർക്കായി കമ്പിളികളും വലിയ ചൂടു തോന്നുന്നവർക്കായി മേത്തരം വിശറികളും ക്രമീകരിക്കുന്നതാണ്.
5. "പാസ്റ്റർ വളരെ പതുക്കെയാ സംസാരിക്കുന്നത്" എന്നു പരാതിയുള്ളവർക്കായി ശ്രവണ സഹായികളും "പാസ്റ്ററുടെ ഒച്ചകൊണ്ട് ഇരിക്കാൻ വയ്യ" എന്നു പറയുന്നവർക്കു ചെവിയിൽ വയ്ക്കാൻ പഞ്ഞിയും ആവശ്യാനുസരണം ലഭിക്കുന്നതായിരിക്കും.
6. പള്ളിയിലെ കപടഭക്തന്മാരുടെയും പരീശന്മാരുടെയും എണ്ണം എടുക്കാൻ താത്പര്യമുള്ളവർക്കായി പ്രത്യേക 'സ്കോർ കാർഡുകൾ' നല്കുന്നതാണ്.
7. "സഭായോഗത്തിനും പോകണം, രാത്രിഭക്ഷണവും ഉണ്ടാക്കണം; രണ്ടുംകൂടി പറ്റില്ല" എന്നു പറയുന്നവർക്കായി ആവശ്യാനുസരണം ഹോട്ടലിലേക്കു ഡിന്നറിനുള്ള കൂപ്പണുകൾ ലഭ്യമാക്കുന്നതാണ്.
8. ഞായറാഴ്ച പാർക്കിലും പിക്നിക്കിനും പോയി 'പ്രകൃതിയിൽ വെളിപ്പെടുന്ന ദൈവത്തിന്റെ മഹത്വംകണ്ട് ദൈവത്തെ സ്തുതിക്കു'ന്നതു ശീലമാക്കിയവർക്കായി പള്ളിയുടെ ഒരു ഭാഗം മരങ്ങളും പുല്ലുകളും വച്ചു പിടിപ്പിച്ച് പ്രകൃതിരമണീയമാക്കുന്നതാണെന്ന് അറിയിക്കുന്നു.
9. ക്രിസ്മസിനും ന്യൂ ഇയറിനും മാത്രം പള്ളിയിൽ എത്തുന്നവർക്ക് ഒരപരിചിതത്വം തോന്നാതിരിക്കാനായി ക്രിസ്മസ് നക്ഷത്രങ്ങളും ബലൂണുകളും മറ്റും കൊണ്ട് അടുത്തയാഴ്ച ഹാൾ അലങ്കരിക്കുന്നതാണ്."

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.